August 2021
Volume 53 Issue 11

VYAVASAYA KERALAM

# വ്യവസായ കേരളം

സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം




## ആശയ ഗഭീരർക്ക്

### ആശ്വാസ സ്ഥാപനങ്ങൾ

പുത്തൻ പൂച്ചകൾ പൊന്നുരുക്കും

ജി.എസ്.ടി. യിലെ കുറ്റങ്ങളും അവയ്ക്കുള്ള ശിക്ഷകളും





SIMPLE PLASTICS & METALS

NEXUS

*"Anything in Pavers is Simply our Business"*


Plot No.40, Industrial Development area,
Ayyankunnu, Mundur P. O., Thrissur - 680541,
Kerala, India

Website : www.plasticmouldsindia.com
E-mail : simplamet@gmail.com
Contact Numbers
Overseas : +91 9562297774, +91 8589082225
India: +91 9562282226, Tamil Nadu : +91 9544678710






Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

ആഗസ്റ്റ് 2021 പുസ്തകം53 ലക്കം 11
August 2021 Volume 53 Issue 11

# ഉള്ളടക്കം

6 **സെല്ലോ ടേപ്പ് നിർമ്മാണം**
ഡോ. ബൈജു നെടുങ്കേരി

8 **തുടങ്ങുന്നതല്ല കാര്യം, നടത്തിക്കൊണ്ടുപോകലാണ് (സംരംഭ മാനേജ്മെന്റ്, ഒരു കല)**
ആഷിക്ക്. കെ. പി

14 **ആറു ശതമാനം പലിശയ്ക്ക് സ്വയം തൊഴിൽ വായ്പകൾ നേടാൻ സൗകര്യമൊരുക്കുകയാണ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ**
റ്റി. എസ്. ചന്ദ്രൻ

16 **കോവിഡ് കാലത്തും നേട്ടവുമായി കുടുംബശ്രീ സംരംഭങ്ങൾ**
മനോജ് മാതിരപ്പള്ളി









26 **ആശയഗംഭീരർക്ക് ആശ്വാസ സംഘങ്ങൾ**
രവീന്ദ്രനാഥൻ നായർ. ഇ. കെ

30 **പുത്തൻ പൂച്ചകൾ പൊന്നുരുക്കും**
ഡോ. ഡി.ഷൈൻകുമാർ

33 **സംരംഭകത്വം വളർത്താൻ ഫാബ് ലാബുകൾ**
ലോറൻസ് മാത്യു

40 **ജി.എസ്.ടി. യിലെ കുറ്റങ്ങളും അവയ്ക്കുള്ള ശിക്ഷകളും**
ഡോ. ശചീന്ദ്രൻ. വി

48 **ബിസിനസ് വർദ്ധിപ്പിക്കുവാനായി ക്ലബ് ഹൗസ്**
ഡോ. ബ്രിജേഷ് ജോർജ്ജ് ജോൺ



**ശ്രീ. ഹരികിഷോർ** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

# ഈ പ്രതിസന്ധിയെയും നാം അതിജീവിക്കും

സമ്പദ് സമൃദ്ധിയുടെയും സമത്വത്തിന്റെയും ഉത്സവമായ തിരുവോണ നാളുകളായി മഹാ പ്രളയത്തിനു പിന്നാലെ മഹാമാരി, പിന്നീടതിന്റെ രണ്ടാം തരംഗം. ഇവയ്ക്കിടയിലാണ് അത്യാർഭാടപൂർവമല്ലെങ്കിലും ഉത്സാഹത്തോടെ തിരുവോണ നാളുകളെ നാം വരവേൽക്കുന്നത്. ഇന്നലെകളിലെ നഷ്ടങ്ങളെച്ചൊല്ലി വ്യാകുലപ്പെടുന്നതിലല്ല, നാളെയുണ്ടാകുന്ന നേട്ടങ്ങളെപ്പറ്റി ആവേശപൂർവ്വം ചിന്തിക്കുന്നതിലാണ് കാര്യം. ഓരോ പ്രതിസന്ധിയും പുതിയ പാഠങ്ങളാണ് നമുക്ക് നൽകുന്നത്. പുതിയ അവസരങ്ങളാണ് നമുക്കായൊരുക്കുന്നത്. വ്യവസായ ലോകത്തിന് ഈ ഒരു ദർശനം ബാധകമാണ്.

കോവിഡ്-19 സൃഷ്ടിച്ച പ്രതിസന്ധിയെ അതിജീവിക്കുന്നതിന് പല മേഖലകളിലെയും ഉല്പാദന പ്രക്രിയയിലും മനുഷ്യ വിഭവശേഷിയുടെ ഉപയോഗത്തിലും നൂതനമായ സാങ്കേതിക വിദ്യകൾ പ്രയോഗിച്ചു തുടങ്ങി. തൊഴിലാളികൾ ഓഫീസുകളിൽ/ ഫാക്ടറികളിൽ എത്തിയാലെ പണിയെടുക്കാൻ കഴിയൂ എന്ന സങ്കൽപ്പം പഴങ്കഥയായി. നല്ലൊരു ശതമാനം പേർക്കും ഇന്ന് വീടുകളിൽ ഇരുന്നുകൊണ്ട് തൊഴിലിലേർപ്പെടാൻ കഴിയുന്നു. ഇത് ഉൽപ്പാദനച്ചെലവ് കുറയ്ക്കുകയും ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഈ മേഖലകളിൽ ഇനിയും വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാകാൻ പോവുകയാണ്. സംസ്ഥാനത്തെ ജനങ്ങൾ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും സാങ്കേതിക ജ്ഞാനവും ഉള്ളവർ ആയതുകൊണ്ട് ഇത്തരം സാധ്യതകൾ എല്ലാ മേഖലകളിലും, വിവിധ തലങ്ങളിലും നടപ്പിലാക്കാൻ സംരംകർ ബുദ്ധിമുട്ടേണ്ടി വരില്ല. ഇത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ മാത്രം പ്രത്യേകതയാണ്. ഇവിടത്തെ നിക്ഷേപകർക്ക് ഇത് പ്രയോജനപ്പെടുത്തി മുന്നേറാവുന്നതാണ്.

വ്യവസായ സൗഹൃദമായ ഒരന്തരീക്ഷമുള്ള കേരളത്തിൽ പ്രതിസന്ധികൾ പ്രകൃതി ദുരന്തമായും രോഗ പരമ്പരകളായും ഉടലെടുക്കുമ്പോൾ വ്യവസായ വകുപ്പ് 'കോവിഡ് സമാശ്വാസ പദ്ധതി' പോലുള്ള പദ്ധതികൾ പ്രഖ്യാപിച്ച് സംരംഭകർക്ക് താങ്ങായി നിലകൊള്ളുന്നു. കൂടാതെ സംരംഭകരെ നേരിൽകണ്ട് അവരുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനും അവ പരിഹരിക്കുന്നതിനും 'മീറ്റ് ദി മിനിസ്റ്റർ' എന്ന പരിപാടി എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു വരുന്നു. സംരംഭകർ അവരുടെ പ്രശ്നങ്ങൾ/പരാതികൾ അതത് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ സമർപ്പിക്കുകയും വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ അവ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. സംതൃപ്തരായ സംരംഭകരും സന്തോഷകരമായ തൊഴിലിടവുമുണ്ടെങ്കിൽ മാത്രമേ വ്യവസായ മേഖല അഭിവൃദ്ധിയിലേക്കു കുതിക്കൂ എന്ന് സംസ്ഥാന സർക്കാരിനറിയാം. പുതിയ ഉൽപ്പന്നങ്ങളും പുതുമയാർന്ന ഉല്പാദന പ്രക്രിയകളും ഈ ഉത്സവ വേളയെ കൂടുതൽ പുതുകമണിയിക്കട്ടെ. പ്രതിസന്ധികളെ അതിജീവിച്ച് സമത്വ സുന്ദരമായ നാളെകൾ നമുക്കായി വിരിയട്ടെ.

എല്ലാ വായനക്കാർക്കും ഓണാശംസകൾ

ഒപ്പ്
**ചീഫ് എഡിറ്റർ**

**ചീഫ് എഡിറ്റർ**
**ശ്രീ. ഹരികിഷോർ** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
ബൈജു ആർ.എസ്.

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോൺ: 6238302158**
**ഇമെയിൽ-**
vyavasayakeralam@gmail.com
**വെബ്സൈറ്റ്-**
www.keralaindustry.org
www.industry.kerala.gov.in

പ്രതിനിധികൾ-
- **തിരുവനന്തപുരം** : എൻ.സി. അനിൽകുമാർ
- **കൊല്ലം** : റഹുമത്ത് ആർ.
- **പത്തനംതിട്ട**: ജി. ഷാജി
- **ആലപ്പുഴ** : സുരേഷ്ബാബു ആർ.
- **കോട്ടയം** : ലോറൻസ് മാത്യു
- **ഇടുക്കി** : മനു വിശ്വനാഥ്
- **എറണാകുളം** : കെ.പി. അജിത്കുമാർ
- **തൃശൂർ** : റഹുമത്തലി എ.കെ.
- **പാലക്കാട്** : തോമസ് ചാക്കോ
- **മലപ്പുറം** : കാഞ്ചന എം.
- **കോഴിക്കോട്** : കെ. രാധാകൃഷ്ണൻ
- **വയനാട്** : അനിൽകുമാർ
- **കണ്ണൂർ** : മനോജ് പി.കെ.
- **കാസർഗോഡ്** : രാധാകൃഷ്ണൻ നായർ

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
ലിപിൻ റോയി എൽ.ഡി.
സിന്ധു എസ്.,
ക്ലാരമ്മ ജെയിംസ്,
അനിത എസ്.,
സംസം എസ്.,
ജെഫേഴ്സൺ സെബാസ്റ്റ്യൻ
ബേബി. വൈ.
രാമകൃഷ്ണൻ എഴുത്തച്ചൻ

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.



ശ്രീ. പി. രാജീവ്
വ്യവസായം, വാണിജ്യം, നിയമം, കയർ വകുപ്പ് മന്ത്രി



# നിശ്ചയദാർഢ്യത്തോടെ മുന്നോട്ട്

ഓണത്തെ വരവേൽക്കാൻ ഒരുങ്ങുകയാണ് നാം. കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികളിലൂടെയാണ് കഴിഞ്ഞ രണ്ടു വർഷങ്ങളിലായി നാം കടന്നുപോകുന്നത്. പ്രത്യാശാഭരിതമായ ഒരു നാളെയിലേക്ക് മുന്നേറാൻ കരുത്തുപകരുന്ന ഒരു സങ്കൽപമാണ് ഓണത്തിന്റേത് . ഇപ്പോഴത്തെ വിഷമകരമായ ഘട്ടവും നാം അതിജീവിക്കുക തന്നെ ചെയ്യും. ഓണം ആഘോഷിക്കാനുള്ള വിഭവങ്ങളൊരുക്കി സംസ്ഥാന സർക്കാരും കൂടെയുണ്ട്.

ഈ ഓണത്തിന് വ്യവസായ വകുപ്പിന്റെ ഒരു സമ്മാനം സംരംഭകർക്കായി സമർപ്പിച്ചിട്ടുണ്ട്. തടസ്സരഹിതമായ വ്യവസായ അന്തരീക്ഷം ഒരുക്കുന്നതിനായി വ്യവസായ വകുപ്പ് രൂപപ്പെടുത്തിയ കേന്ദ്രീകൃത പരിശോധനാ സംവിധാനമാണ് കെ-സിസ് (കേരള സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം). മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത കെ-സിസ് പോർട്ടൽ പുതിയൊരു നാഴികക്കല്ല് കുറിക്കുന്ന സംവിധാനമാണ്.

വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കൂടുതൽ സുതാര്യവും സംരംഭക സൗഹൃദവുമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ലോ-മീഡിയം-ഹൈ റിസ്ക് വിഭാഗങ്ങളിലായി വ്യവസായ സ്ഥാപനങ്ങളെ തരംതിരിച്ച് ഓരോന്നിനും വെവ്വേറെ പരിശോധനാ രീതികൾ അവലംബിക്കുകയാണ് ചെയ്യുക. പരിശോധന നടത്തുന്നതിനുള്ള സംഘത്തെ പോർട്ടൽ സ്വയം തീരുമാനിക്കുന്നതിനാൽ ഉദ്യോഗസ്ഥ തലത്തിലുള്ള തെറ്റായ പ്രവണതകൾ ഇല്ലാതാവുകയും പരിശോധന സുതാര്യമാവുകയും ചെയ്യും. പരിശോധനക്ക് മുമ്പ് സ്ഥാപനത്തെ വിവരമറിയിക്കുകയും പരിശോധന റിപ്പോർട്ട് 48 മണിക്കൂറിനുള്ളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യും.

ഇതോടൊപ്പം പ്രാധാന്യമർഹിക്കുന്ന മറ്റൊരു തീരുമാനവും സർക്കാർ കൈക്കൊണ്ടു. കാലഹരണപ്പെട്ട വ്യവസായ ചട്ടങ്ങളും നിയമങ്ങളും പുനഃപരിശോധിച്ച് അവ കാലാനുസൃതമാക്കുന്നതിനായി ഒരു മൂന്നംഗ വിദഗ്ധ സമിതിയെ നിയോഗിച്ചിരിക്കുകയാണ്. വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കാലികമായി പരിഷ്കരിക്കുന്നതിലൂടെ കൂടുതൽ സംരംഭക സൗഹൃദമായി സംസ്ഥാനം മാറും.

ഈസ് ഓഫ് ഡൂയിങ് ബിസിനസ് നയത്തിന്റെ ഭാഗമായി 2016 മുതൽ എൽഡിഎഫ് സർക്കാർ വ്യവസായ മേഖലയിൽ നടപ്പാക്കി വരുന്ന നിശ്ചയദാർഢ്യമുള്ള നിയമപരിഷ്കാരങ്ങളും അനുബന്ധ നടപടികളും സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയിൽ വലിയ മുന്നേറ്റം സൃഷ്ടിക്കുകയുണ്ടായി. അതിന്റെ തുടർച്ചയാണ് കെ-സിസ് പോർട്ടലും നിയമ പരിഷ്കരണത്തിനുള്ള സമിതിയും. കൂടുതൽ സംരംഭങ്ങളും അത് വഴി വൻതോതിലുള്ള തൊഴിലവസരങ്ങളും ഇതിലൂടെ സൃഷ്ടിക്കപ്പെടും എന്നതിൽ തർക്കമില്ല. വ്യവസായ വളർച്ചയിലൂടെ നാമിപ്പോൾ നേരിട്ട മഹാമാരിയുടെ പ്രതിസന്ധി മറികടക്കാനാവും.

വ്യവസായ കേരളത്തിന്റെ എല്ലാ വായനക്കാർക്കും ഹൃദ്യമായ ഓണാശംസകൾ.







# സെല്ലോ ടേപ്പ് നിർമ്മാണം

മഹാമാരിക്കാലത്തിന്റെ രണ്ടാം പാദത്തിന്റെ അവസാന നാളുകളിലേക്ക് കേരളം കടക്കുകയാണ്. തൊഴിൽ നഷ്ടം നേരിട്ട് 14.6 ലക്ഷം മലയാളികൾ അന്യരാജ്യങ്ങളിൽ നിന്ന് കേരളത്തിൽ തിരിച്ചെത്തി. തൊഴിലും സ്വാശ്രയത്വവും ഉറപ്പുനൽകുന്ന വികസന മാതൃകകൾ കൂടുതൽ പ്രസക്തമാകുന്നു. തൊഴിൽ നഷ്ടം നേരിട്ട് തിരിച്ചെത്തിയവരുടെ ഉപജീവനത്തിനായി വീടുകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കണം.2017ൽ നാനോ കുടുംബ സംരംഭങ്ങൾക്ക് അനുമതി ലഭ്യമാക്കുക വഴി കേരളം ഈ രംഗത്ത് വളരെയധികം മുന്നോട്ടുപോയിട്ടുണ്ട്. വീട്ടിൽ തന്നെയുള്ള വൈദ്യുതി ഉപയോഗിച്ച് മലിനീകരണ മില്ലാത്ത വ്യവസായങ്ങൾ വീടുകളിൽ ആരംഭിക്കാൻ കഴിയും. ഇത്തരം ഉപജീവന സംരംഭങ്ങളെ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസിൽ നിന്നും ഒഴുവാക്കിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ ഉൽപാദിപ്പിച്ച് നമ്മുടെ സംസ്ഥാനത്ത് വിറ്റഴിയുന്ന ഉൽപന്നങ്ങളിൽ 40%ൽ അധികം നമ്മുടെ വീടുകളിൽ ഉല്പാദിപ്പിക്കാൻ കഴിയുന്നവയാണ്. കേരളത്തിൽ ധാരാളമായി വിറ്റഴിക്കാൻ സാധ്യതയുള്ള ഉൽപന്ന ങ്ങളുടെ നിർമ്മാണം വീടുകളിൽ ആരംഭിക്കുകയും ഉല്പന്നങ്ങൾ പ്രാദേശിക വിപണികൾ പ്രയോജന പ്പെടുത്തുകയും ചെയ്യുന്ന പുതിയ ഉപജീവന തന്ത്രം ഒരു വികസന മാതൃകയായി രൂപപ്പെടുത്താൻ കഴിയും. സംഘടിത മാർക്കറ്റിംഗ് രീതികൾ ആവശ്യമില്ലാത്ത ചുറ്റുവട്ടത്തുള്ള രണ്ടോ മൂന്നോ വാർഡുകളിലെ 1500 വീടുകളെ ലക്ഷ്യം വച്ചുള്ള ഉല്പന്നങ്ങളുടെ നിർമ്മാണ രീതികളും പ്രസക്തമാണ്.

ടി മാതൃക അന്യസംസ്ഥാന ഉല്പന്നങ്ങളുടെ കേരളത്തിലേക്കുള്ള കുത്തൊഴുക്ക് തടയുന്നതിനും പ്രാദേശിക തൊഴിൽ അവസരങ്ങൾ വർധിപ്പിക്കുന്ന തിനും സമ്പദ് വ്യവസ്ഥയുടെ ശാക്തീകരണത്തിനും ഇടനൽകും.

## സെല്ലോ ടേപ്പ്

ഉല്പനങ്ങളുടെ പാക്കിംഗ്, ഓഫീസുകൾ, വീടുകൾ, കൊറിയർ & കാർഗോ, കയറ്റുമതി രംഗം തുടങ്ങിയ ജീവിതത്തിന്റെ നാനാ മേഖലയിലും സെല്ലോ ടേപ്പുകളും, പാക്കിംഗ് ടേപ്പുകളും

ഉപയോഗിക്കുന്നു. കേരളത്തിലെ ആഭ്യന്തര ഉപയോഗത്തിന്റെ എഴുപത് ശതമാനവും നിർവഹിക്കുന്നത് അന്യസംസ്ഥാനങ്ങളിൽ ഉല്പാദിപ്പിച്ച് നമ്മുടെ നാട്ടിലേക്കെത്തുന്ന ഉല്പനങ്ങളാണ് വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കുടിൽ വ്യവസായമായി സെല്ലോടേപ്പ് നിർമ്മാണം നടന്നുവരുന്നു. ചെറിയ മുതൽ മുടക്കിൽ കേരളത്തിൽ ആരംഭിക്കാൻ കഴിയുന്ന കുടുംബ സംരംഭമാണ് സെല്ലോ ടേപ്പുകളുടെയും, പാക്കിംഗ് ടേപ്പുകളുടെയും നിർമ്മാണം. അസംസ്കൃത വസ്തുക്കളായ ജംബോ റോളുകളും, പേപ്പർ കോറും സുലഭമായി ലഭ്യമാണ്. വീടുകളിൽ സ്ത്രീകൾക്ക് ലഭിക്കുന്ന ഒഴിവ് സമയം പ്രയോജനപ്പെടുത്തിയും ടി സംരംഭം ആരംഭിക്കാൻ കഴിയും.



## മാർക്കറ്റിംഗ്

സെല്ലോടേപ്പും, പാക്കിംഗ് ടേപ്പും വിപണനത്തിന് വിതരണക്കാരെ നിയമിച്ചുള്ള മാർക്കറ്റിംഗ് രീതിയാണ് അഭികാമ്യം. കൂടുതൽ ഉപയോഗമുള്ള കമ്പനികളെയും സ്ഥാപനങ്ങളെയും കണ്ടുപിടിച്ച് നേരിട്ട് സപ്ലൈ ചെയ്യുന്ന രീതി ഗുണകരമാണ്. ചുരുക്കം സ്ഥാപനങ്ങൾക്ക് അവരുടെ പേര് പ്രിൻറ് ചെയ്തിട്ടുള്ള ടേപ്പുകളും ആവശ്യമായി വരും. ഇത്തരം ടേപ്പിന്റെ ജംബോ റോളുകൾ പ്രിന്റ് ചെയ്ത് വാങ്ങുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. സാമൂഹ മാധ്യമങ്ങൾ വഴി പരസ്യങ്ങൾ നൽകിയും ക്ലാസിഫൈഡ് പരസ്യങ്ങൾ നൽകിയും വിതരണക്കാരെ കണ്ടെത്താൻ സാധിക്കും.

## നിർമ്മാണരീതി

സെല്ലോടേപ്പിന്റെയും, പാക്കിംഗ് ടേപ്പിന്റെയും ജംബോ റോളുകൾ വാങ്ങിയാണ് നിർമ്മാണം നടത്തുന്നത്. 288 mm വീതിയിൽ 1000 m നീളമുള്ള റോളുകളായാണ് ജംബോറോളുകൾ ലഭിക്കുന്നത്. ഇതോടൊപ്പം പേപ്പർ കോറുകളും വാങ്ങണം. കോർ കട്ടിംങ് യന്ത്രം ഉപയോഗിച്ച് പേപ്പർ കോറിനെ നിശ്ചിത രീതിയിൽ കട്ട് ചെയ്തെടുക്കും തുടർന്ന് ടേപ്പ് സ്പ്ലിറ്റിംഗ് മിഷ്യൻ ഉപയോഗിച്ച് 65 മീറ്റർ നീളത്തിൽ ടേപ്പ് പേപ്പർ കോറിൽ ചുറ്റിയെടുക്കും.

കൂടുതലായി ഉപയോഗിക്കപ്പെടുന്നത് 48mm വീതിയിലുള്ള ടേപ്പുകളാണ്.ടി രീതിയിലുള്ള 6 ടേപ്പുകൾ ഒരേസമയം നിർമ്മിക്കാൻ സാധിക്കും.ഒരു ജംബോ റോളിൽ നിന്നും 92 ചെറിയ ടേപ്പുകൾ നിർമ്മിക്കാൻ കഴിയും .ടി ടേപ്പുകളെ പ്ലാസ്റ്റിക് ഫിലിം ട്യൂബുകൾക്കുള്ളിൽ നിറച്ച് പിന്നീട് വലിയ കാർട്ടൺ ബോക്സുകളാൽ പായ്ക്ക് ചെയ്താണ് വിപണിയിൽ എത്തിക്കുന്നത്

## മൂലധന നിക്ഷേപം

| | |
|---|---|
| 1. ടേപ്പ് സ്പ്ലിറ്റിംങ് മെഷീൻ | – 1,40,000 |
| 2. കോർകട്ടർ | – 40,000 |
| 3. അനുബന്ധ സംവിധാനങ്ങൾ | – 25,000 |
| **ആകെ** | **– 1,85 ,000** |

**പ്രവർത്തന മൂലധനം** - **1,00,000**

## പ്രവർത്തന വരവ് ചിലവ് കണക്ക്

**ചിലവ്**

(പ്രതിദിനം 4 cm വീതിയുള്ള 1070 Nos സെല്ലോ ടേപ്പ് നിർമിക്കുന്നതിനുള്ള ചിലവ് )

| | |
|---|---|
| 1. ജംബോറോൾ ( 100kg *190.00 ) | = 19,000.00 |
| 2. വേതനം | = 1000.00 |
| 3. പായ്ക്കിങ് അനുബന്ധ ചിലവുകൾ | = 500.00 |
| **ആകെ** | **= 20,500.00** |

**വരവ്**

| | |
|---|---|
| (പ്രതിദിനം 1070 Nos സെല്ലോടേപ്പുകൾ വിറ്റഴിക്കുമ്പോൾ ലഭിക്കുന്നത്) | = 38.00 |
| കമ്മീഷൻ കഴിച്ച് ഉല്പാദകന് ലഭിക്കുന്നത് | = 28.00 |
| 1070 Nos *28.00 | = 29960.00 |
| **ലാഭം** | |
| വരവ് | = 29960.00 |
| ചിലവ് | = 20500.00 |
| **ലാഭം** | **= 9460.00** |

## പരിശീലനം

സെല്ലോ ടേപ്പ് പാക്കിംഗ് ടേപ്പ് നിർമ്മാണത്തിന് പരിശീലനം പിറവം അഗ്രോപാർക്കിൽ ലഭിക്കും 0485 2999990 ■



ആഷിക്ക്. കെ. പി



# തുടങ്ങുന്നതല്ല കാര്യം, നടത്തിക്കൊണ്ടുപോകലാണ്

## (സംരംഭ മാനേജ്മെന്റ്, ഒരു കല)

ഒരു സംരംഭത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിനെയാണ് സംരംഭ മാനേജ്മെന്റ് എന്നുപറയുന്നത്. സംരംഭങ്ങൾ തുടങ്ങാം പക്ഷേ വിജയകരമായി നടത്തി കൊണ്ടുപോവുക എന്നത് അത്യന്തം ശ്രമകരവും കലാപരവുമായ പ്രവർത്തനമാണ്. പലപ്പോഴും മിക്ക ആളുകൾക്കും സംഭവിക്കുന്ന ഒരു പ്രശ്നം അവർ സരംഭകൻ എന്നതിനെ കാണുന്നത് ഉടമ അഥവാ മൂലധനം മുടക്കുന്നയാൾ എന്ന രീതിയിൽ മാത്രമാണ്. മൂലധനം മുടക്കുന്നതോ ആശയം കണ്ടെത്തി വ്യാപാരം തുടങ്ങുന്നതോ പ്രായോഗികമായ എല്ലാ പ്രവർത്തനങ്ങളും നടത്തി സംരംഭം നടപ്പിൽ വരുത്തുന്നതോ മാത്രമല്ല ഒരു സംരംഭത്തിന്റെ വിജയം. പലരും ഇത്രയും കാര്യങ്ങൾ ശ്രദ്ധിച്ചു ചെയ്യും. എന്നാൽ അതിനുശേഷം അതിന്റെ നടത്തിപ്പ് മറ്റു ആളുകളെ ഏൽപ്പിക്കും. കുറേ കാലം കഴിയുമ്പോഴാണ് പലപ്പോഴും ഉദ്ദേശിച്ച രീതിയിൽ തന്റെ സംരംഭം മുന്നോട്ടു പോകുന്നില്ല എന്ന് മനസ്സിലാക്കുന്നത്. പിന്നെ എത്ര ശ്രമിച്ചാലും ചിലപ്പോൾ കര കയറാൻ കഴിയില്ല. ഇവിടെയാണ് മാനേജ്മെന്റ് എന്ന സംരംഭക ധർമ്മം പ്രസക്തമാകുന്നത്. ഒരു സംരംഭത്തിന്റെ വളർച്ച, ലാഭം, സൽപ്പേര്

**കുറേ കാലം കഴിയുമ്പോഴാണ് പലപ്പോഴും ഉദ്ദേശിച്ച രീതിയിൽ തന്റെ സംരംഭം മുന്നോട്ടു പോകുന്നില്ല എന്ന് മനസ്സിലാക്കുന്നത്. പിന്നെ എത്ര ശ്രമിച്ചാലും ചിലപ്പോൾ കര കയറാൻ കഴിയില്ല. ഇവിടെയാണ് മാനേജ്മെന്റ് എന്ന സംരംഭക ധർമ്മം പ്രസക്തമാകുന്നത്.**

എല്ലാം നിലനിൽക്കുന്നത് അത് എങ്ങനെയാണ് നടത്തി കൊണ്ടുപോകുന്നത് എന്നതിനെ ആശ്രയിച്ചാണ്. നമ്മുടെ വിപണി പരസ്പര കിടമത്സരവിപണിയാണ്. മാറ്റങ്ങളുടെ കാഴ്ചയാണ് എങ്ങും. ഇത്തരം മാറ്റങ്ങളോടോപ്പം പരസ്പര മത്സരത്തിനിടയിൽ മുന്നോട്ട് പോകണമെങ്കിൽ അതി സാമർത്ഥ്യമുള്ള ഒരു നടത്തിപ്പുകാരനായി നാം മാറണം. നമ്മുടെ സംരംഭത്തിന്റെ ലാഭത്തെ, വളർച്ചയെ, സുഗമമായ പ്രവർത്തനങ്ങളെയൊക്കെ സ്വാധീനിക്കുന്ന എല്ലാ ഘടകങ്ങളെയും നിരീക്ഷിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ടതുണ്ട്. മാറ്റേണ്ടത് എത്രയും പെട്ടെന്ന് മാറ്റുകയും വേണം. അപ്പോൾ മാത്രമേ നാം ഒരു നല്ല മാനേജ്മെന്റ് വിദഗ്ധൻ ആവുകയുള്ളൂ.

ഇന്ന് മാനേജ്മെന്റ് തന്ത്രങ്ങൾ പഠിപ്പിക്കുന്ന ധാരാളം സ്ഥാപനങ്ങളുണ്ട് ഇന്ത്യ ക്കകത്തും പുറത്തും. ഡിഗ്രി , ഡിപ്ലോമ , മാസ്റ്റേഴ്സ്, സർട്ടിഫിക്കേഷൻ



തുടങ്ങിയ ധാരാളം കോഴ്സുകളുണ്ട്. സംരംഭങ്ങളുടെ ഓരോ പ്രവർത്തനമേഖലയെയും കൃത്യമായി വേർതിരിച്ച് അത്തരം മേഖലകളിൽ സ്പെഷ്യലൈസ് ചെയ്ത് നടത്തുന്ന കോഴ്സുകൾ വിദൂര വിദ്യാഭ്യാസ പഠന രീതിയിൽ പോലും നടത്തി വരുന്നു. മാനേജ്മെന്റിന്റെ പ്രവർത്തനങ്ങളുടെ പ്രാധാന്യം വർദ്ധിക്കുന്നതാണ് ഇത്തരം സ്ഥാപനങ്ങൾ വർദ്ധിക്കുന്നതിന് കാരണം .

## ആരാണ് ഒരു നല്ല മാനേജർ / നടത്തിപ്പുകാരൻ:

മാനേജ്മെന്റിനെ നമുക്ക് മനുഷ്യന്റെ തലച്ചോറിനോടുപമിക്കാം. ബിസിനസ്സിനെ ശരീരമായും. എത്ര നല്ല ശരീരമായാലും തലച്ചോർ തകരാറാണെങ്കിൽ നാം അവരെ മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നു പറയും. എളുപ്പം മനസ്സിലാക്കാനോ ചിന്തിക്കാനോ കഴിയാത്തവർ എന്നാണ് അർത്ഥം. ഇതുപോലെ തന്നെയാണ് മാനേജ്മെന്റ്. എത്ര നല്ല സംരംഭമായാലും ആശയമായാലും ഉൽപ്പന്നമായാലും അതിന്റെ നടത്തിപ്പ് ശാസ്ത്രീയവും കലാപരവുമല്ലെങ്കിൽ അത് ലാഭകരവും വിജയകരവുമാവണമെന്നില്ല. പല പൊതുമേഖലാ സ്ഥാപനങ്ങളും നോക്കിയാൽ നമുക്കിത് മനസ്സിലാകും. നല്ല ആശയം, നല്ല അടിസ്ഥാനസൗകര്യങ്ങൾ, വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിലാളികൾ എന്നാൽ മാനേജ്മെന്റ് ശരിയല്ലെങ്കിൽ ചുരുങ്ങിയ കാലം കൊണ്ടുതന്നെ അത്തരം സ്ഥാപനങ്ങളുടെ സ്ഥിതി എന്താകും. ഇവിടെയാണ് മാനേജ്മെന്റിന്റെ പ്രസക്തി. കാഴ്ചപ്പാടിനെയും പ്രവർത്തനത്തെയും സംയോജിപ്പിച്ച് വളരെ ശാസ്ത്രീയമായി ഒരു സ്ഥാപനത്തിന്റെ ഓരോ ചലനങ്ങളെയും സ്വാംശീകരിച്ച്, തൊഴിലാളികളെ

**നിറയെ ആളുകളുള്ള ഒരു ബസ് ഒരിടത്തുനിന്നും അതിന്റെ ലക്ഷ്യസ്ഥാനത്തേക്ക് എത്തിക്കുന്ന ഒരു ഡ്രൈവറെ ഒന്നു സങ്കൽപ്പിച്ചു നോക്കൂ. സംഗതി നിസ്സാരമാണ്. എന്നാൽ അയാളുടെ കയ്യും കാലും കണ്ണും ചെവിയും മനസ്സും ഒരേ പോലെ ഒരേ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിച്ചാലല്ലേ സുരക്ഷിതമായി ലക്ഷ്യസ്ഥാനത്തെത്താൻ കഴിയൂ.**

മനസ്സിലാക്കി, ഒരു നല്ല ടീമിനെ വളർത്തിയെടുത്തു, കൃത്യമായ നിർദ്ദേശങ്ങൾ നൽകി , ഇടപെടേണ്ട സ്ഥലങ്ങളിൽ കൃത്യമായി ഇടപെട്ട്, എളുപ്പം തീരുമാനങ്ങളെടുത്തു, പ്രശ്നത്തോടൊപ്പം നിൽക്കാതെ പരിഹാരതോടൊപ്പം നിന്ന്, ഓരോ ജീവനക്കാരനും പ്രചോദനം നൽകി, സർഗ്ഗാത്മകവും ക്രിയാത്മകവുമായ നേതൃപാടവത്തോടെ പ്രവർത്തിക്കുന്ന കഴിവിനെയാണ് ദൈനംദിന ഭരണം അല്ലെങ്കിൽ സംരംഭ മാനേജ്മെന്റ് എന്ന് പറയുന്നത്.

നിറയെ ആളുകളുള്ള ഒരു ബസ് ഒരിടത്തുനിന്നും അതിന്റെ ലക്ഷ്യസ്ഥാനത്തേക്ക് എത്തിക്കുന്ന ഒരു ഡ്രൈവറെ ഒന്നു സങ്കൽപ്പിച്ചു നോക്കൂ. സംഗതി നിസ്സാരമാണ്. എന്നാൽ അയാളുടെ കയ്യും കാലും കണ്ണും ചെവിയും മനസ്സും ഒരേ പോലെ ഒരേ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിച്ചാലല്ലേ സുരക്ഷിത

മായി ലക്ഷ്യസ്ഥാനത്തെത്താൻ കഴിയൂ. ലളിതമായി ഇതിനെ മാനേജ്മെന്റ് എന്നുപറയാം.

മാനേജ്മെന്റ് ഒരു കലയാണ്. സർഗാത്മകത, മനോഭാവം, കഠിനാധ്വാനം, ശുഭാപ്തി വിശ്വാസം, നിരന്തരമായ ശ്രമം, നവീന വൽക്കരണത്വര ഇതൊക്കെ ഒത്തു ചേരുന്നപ്രവർത്തനത്തിനെയാണ് നാം കല (ആർട്) എന്ന് വിളിക്കുന്നത്. കലാകാരൻ തന്നിൽ മാത്രമൊതുങ്ങുന്നില്ല. തന്നിൽ നിന്നും മറ്റുള്ളവരിലേക്കും മറ്റുള്ളവരിൽ നിന്ന് തന്നിലേക്കും മാറി മാറി സഞ്ചരിക്കുന്നു. പുതുമ തേടുന്നു. പുത്തൻ ആശയങ്ങൾ, രീതികൾ എന്നിവ നടപ്പിലാക്കുന്നു. ഓരോ കാലത്തും അതിനനുസരിച്ച് അയാൾ സ്വയം നവീകരിച്ച് മറ്റുള്ളവർക്ക് മാതൃകയാവുന്നു. സ്ഥാപനത്തെ മികവുറ്റതാക്കുന്നു. ജ്ഞാനത്തേക്കാൾ പ്രായോഗികതയ്ക്ക് പ്രാധാന്യം കൊടുക്കുന്നു . കല സർഗാത്മകമാവുന്നത് അതുകൊണ്ടാണ്. അതുകൊണ്ടുതന്നെ സംരംഭകൻ ഒരു കലാപ്രവർത്തനം തന്നെയാണ് നടത്തേണ്ടത്. എഴുതിത്തയ്യാറാക്കിയ, ശീലിച്ച പാഠങ്ങൾക്കപ്പുറം തികച്ചും പ്രായോഗികമായ രീതികൾ നടപ്പിലാക്കുകയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. കലാകാരന് യാന്ത്രികമായി പ്രവർത്തിക്കാൻ കഴിയില്ല കാരണം അതു അയാളുടെ മാനസികമായ പ്രവർത്തനമാണ്. അതിനെ തന്നിൽ നിന്നും വേർപെടുത്താനുമാവില്ല. മാനേജ്മെന്റ് ഒരു കല എന്നു വിശേഷിപ്പിക്കുന്നതും ഇതുകൊണ്ടുതന്നെയാണ്. അയാൾ യാന്ത്രികമായി പ്രവർത്തിക്കുന്നയാളല്ല മറ്റുള്ളവരെ ഏൽപ്പിച്ചു നേതൃ പദവിയിൽ മാത്രം ഇരിക്കാൻ ആഗ്രഹിക്കുന്ന ഒരാളും അല്ല, തന്റെ മനസ്സും ശരീരവും സ്വയം പ്രചോദിതനാവണം. മഹാഭാരത കഥയിൽ എന്തുകൊണ്ട് അർജുനനെ നേതാവായി മുന്നിൽ നിർത്തുന്നു എന്ന ചോദ്യത്തിന് പാണ്ഡവരോടും കൗരവരോടുമായുള്ള ഗുരു ദ്രോണാചാര്യരുടെ ഉത്തരം അർജുനൻ തന്റെ പ്രവർത്തനങ്ങളെ കേവലം യാന്ത്രികമായ ഒന്നാക്കി മറ്റുന്നില്ല എന്നും മറിച്ച് അയാൾ സ്വയം ആരാണെന്ന് തിരിച്ചറിഞ്ഞ് സ്വയം വിജയിക്കുകയും സാഹചര്യം എന്താണെന്ന് തിരിച്ചറിഞ്ഞ് സാഹചര്യത്തെ വിജയിക്കുകയും ചെയ്യുന്നു എന്നതുമായിരുന്നു. സ്വയം പ്രചോദനമാകുകയും ഓരോ സാഹചര്യത്തെയും കീഴ്പ്പെടുത്തുകയും ചെയ്യുന്ന ആളായിരിക്കണം ഒരു സംരംഭകൻ. അപ്പോഴാണ് സംരംഭകൻ ഒരു നല്ല നടത്തിപ്പുകാരൻ / മാനേജർ ആവുന്നുള്ളൂ.

**ആവശ്യമായി വേണ്ട ജീവനക്കാരെ നിയമിച്ചു കഴിഞ്ഞാൽ വളരെ നിർബന്ധമായും സമയബന്ധിതമായും ചില കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അതാണ് അടുത്ത പ്രവർത്തനം. എത്ര കഴിവുള്ള ജീവനക്കാരനായാലും വിദ്യാഭ്യാസ യോഗ്യതയും പരിചയവും ഉണ്ടെങ്കിലും സംരംഭകന്റെ അസൂത്രണത്തിനനുസരിച്ചും കാഴ്ചപ്പാടിനനുസരിച്ചും കാര്യങ്ങൾ മുന്നോട്ടുകൊണ്ടു പോകേണ്ടതുണ്ട്.**



## സംരംഭകന്റെ ദൈനംദിന പ്രവർത്തനങ്ങൾ

ശാസ്ത്രീയമായ ഒരു കൂട്ടം പ്രവർത്തനങ്ങൾ കൂടിച്ചേർന്നതാണ് മാനേജ്മെൻറ് . ആസൂത്രണം, സംഘാടനം, നിയമനം, നിർദ്ദേശം, നിയന്ത്രണം എന്നീ പ്രവർത്തനങ്ങൾ നടത്തുമ്പോഴാണ് ഒരു സംരംഭകൻ ശാസ്ത്രീയമായ രീതിയിൽ മാനേജ്മെന്റ് ധർമങ്ങൾ പാലിക്കുന്നത്. എല്ലാ സ്ഥാപനങ്ങളുടെയും ദൈനംദിന പ്രവർത്തനങ്ങൾ ഇത്തരം അഞ്ച് കർമ്മങ്ങളിൽ ആണെന്ന് തിരിച്ചറിയുക. സ്ഥാപനങ്ങളുടെ വലിപ്പവും പ്രവർത്തന വൈവിധ്യങ്ങളുമനുസരിച്ചു അതിനെ ശാഖകളും ഉപശാഖകളും ആക്കിയേക്കാം. ഒരു ക്ഷീരകർഷകനും ഒരു മൾട്ടി നാഷണൽ കമ്പനിയും നടത്തുന്ന




ദൈനംദിനപ്രവർത്തനങ്ങളുടെ ആകെത്തുക തുല്യമാണെന്നാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്. ഇവ ഏതൊക്കെയാണെന്ന് പരിശോധിക്കാം.

ഒന്നാമത്തെയും പരമ പ്രധാനവുമായ പ്രവർത്തനമാണ് പ്ലാനിംഗ് അഥവാ ആസൂത്രണം. ദൈനംദിന പ്രവർത്തനങ്ങളുടെ പ്രാഥമിക പ്രവർത്തനമാണ് ആസൂത്രണം. എന്ത്, എപ്പോൾ, എങ്ങനെ, എവിടെ, ആര്, ഏതുരീതിയിൽ ചെയ്യണം എന്ന് മുൻകൂട്ടി തീരുമാനിച്ച്, അനിശ്ചിതമായ ഭാവിയെ മനസ്സിലാക്കി പ്രവർത്തന പദ്ധതികൾ ദീർഘവീക്ഷണത്തോടെ ചെയ്യുന്നതിനെയാണ് ആസൂത്രണം എന്നുപറയുന്നത്. കൃത്യമായ ആസൂത്രണം സംരംഭകന് ദീർഘവീക്ഷണവും ഉൾക്കരുത്തും നൽകും. ഭാവി പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ച അയാൾക്ക് ആത്മവിശ്വാസവും ധൈര്യവും പ്രധാനം ചെയ്യും.

സംഘാടകത്വമാണ് അടുത്തത്. കൃത്യമായ സംഘടന സംവിധാനം അല്ലെങ്കിൽ ഫ്രെയിം വർക്കാണ് സംഘാടനം. ഓരോ തൊഴിലും എന്തൊക്കെയെന്നും എങ്ങനെ, എപ്പോൾ, ആര് ചെയ്യണമെന്നും മനസ്സിലാക്കി അതിനനുസരിച്ച് സ്ഥാപനത്തെ ക്രമീകരിക്കുന്നതിനെയാണ് സംഘാടകത്വം എന്ന് പറയുന്നത്. ഇവിടെ ആസൂത്രണത്തിനനുസരിച്ച് സ്ഥാപനം പ്രയോഗികമായി പ്രവർത്തിപ്പിക്കുന്ന ജോലികൾ, അതോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ സംഘടിപ്പിച് കൃത്യമായി വിന്യാസിക്കുന്ന ചുമതല എന്നിവയൊക്കെയാണ് ചെയ്യേണ്ടത്. സംഘടകത്വ മാനേജ്മെൻറ് എന്ന് ഇതിനെ വിശേഷിപ്പിക്കാം.

മൂന്നാമതായി തൊഴിലാളികളെ നിയമിക്കുന്ന പ്രവർത്തനമാണ് മാനേജർ എന്ന നിലയിൽ സംരംഭകൻ ചെയ്യേണ്ടത്. നമ്മുടെ സംരംഭത്തിന് എത്ര തൊഴിലാളികൾ വേണം, ഏതുതരം നൈപുണ്യമുള്ളവർ, എപ്പോൾ വേണം എന്നൊക്കെ തീരുമാനിക്കാൻ കഴിയുക എന്നത് വളരെ പ്രാധാന്യമർഹിക്കുന്ന പ്രവർത്തനമാണ്. കാരണം ആളുകൾ കൂടാനോ കുറയാനോ പാടില്ല. കൂടാതെ നല്ല ഒരു ടീം ഉണ്ടാക്കിയെടുത്താൽ മാത്രമേ നാം ഉദ്ദേശിച്ച രീതിയിൽ സംരംഭത്തെ മുന്നോട്ടു കൊണ്ടുപോകാൻ കഴിയൂ. അതുകൊണ്ടുതന്നെ എല്ലാ ബാഹ്യ പ്രചോദനങ്ങളിൽനിന്നും മുക്തനാകണം തൊഴിലാളികളെ തിരഞ്ഞെടുക്കുമ്പോൾ. സഹതാപം, സ്നേഹം,

ശുപാർശ എന്നതിനപ്പുറം യോജിച്ച ആളെ, യോജിച്ച സ്ഥലത്ത്, യോജിച്ച സമയത്ത് നിയമിക്കുക എന്ന തന്ത്രമാണ് ഇവിടെ നടപ്പിലാക്കേണ്ടത്. വിദ്യാഭ്യാസ യോഗ്യതയേക്കാൾ പ്രായോഗികത, കഠിനാധ്വാനം, മനോഭാവം, ടീം സ്പിരിറ്റ് എന്നിവയുള്ള തൊഴിലാളികളാണ് ഒരു സ്ഥാപനത്തിന് ഗുണകരമാകുക. ഏറെ സമയമെടുത്തും കൃത്യമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ചുമാണ് ഇത്തരം പ്രവർത്തനങ്ങൾ ചെയ്യേണ്ടത്. സ്ഥിരം ജീവനക്കാർ ആവശ്യമില്ലെങ്കിൽ താൽക്കാലികമായി നിയമിക്കുന്നതാണ് നല്ലത് . ഇന്ന് ടെക്നോളജി പല മേഖലകളിലും സാധ്യമാകുന്നുണ്ട്. ഉദാഹരണത്തിന് ഒരു ഫാം ഹൗസ് നടത്തുന്ന സംരംഭകന് രണ്ടു തൊഴിലാളികളെ നിയമിച്ചു പുല്ലുണ്ടാക്കുക,നനക്കുക, വെട്ടുക എന്നിവയ്ക്കു പകരം യന്ത്രങ്ങൾ ഉപയോഗിച്ച് ഇത്ചെയ്താൽ ചിലവ് വളരെ കുറയ്ക്കാം. ഇത്തരം രീതികളൊക്കെ നടപ്പിലാക്കുമ്പോൾ ആണ് അയാൾ നിയമനം അഥവാ സ്റ്റാഫിങ് പ്രവർത്തനത്തിൽ മികച്ചയാളായി മാറുന്നത്.

ആവശ്യമായി വേണ്ട ജീവനക്കാരെ നിയമിച്ചു കഴിഞ്ഞാൽ വളരെ നിർബന്ധമായും സമയബന്ധിതമായും ചില കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അതാണ് അടുത്ത പ്രവർത്തനം. എത്ര കഴിവുള്ള ജീവനക്കാരനായാലും വിദ്യാഭ്യാസ യോഗ്യതയും പരിചയവും ഉണ്ടെങ്കിലും സംരംഭകന്റെ അസൂത്രണത്തിനനുസരിച്ചും കാഴ്ചപ്പാടിനനുസരിച്ചും കാര്യങ്ങൾ മുന്നോട്ടുകൊണ്ടു പോകേണ്ടതുണ്ട്. അതുകൊണ്ട് എങ്ങനെ, എപ്പോൾ, ഏതു രീതിയിൽ എവിടെ ചെയ്യണം എന്ന് കൃത്യമായ മാർഗനിർദേശം കൊടുക്കാൻ സംരംഭകന് കഴിയണം. ഒരു നടൻ എത്ര പ്രശസ്തനായാലും അയാൾക്ക് ഇഷ്ടമുള്ള രീതിയിൽ അഭിനയിക്കാൻ കഴിയില്ല, മറിച്ച് സംവിധായകന്റെ കൃത്യമായ ഇടപെടൽ ഉണ്ടാകും. അതുപോലെ തന്നെയാണ് സംരംഭകനും ചെയ്യേണ്ടത്. അതിനർത്ഥം എല്ലാം താൻ തീരുമാനിക്കുന്ന രീതിയിൽ തന്നെയാകണമെന്നതല്ല. അഭിപ്രായങ്ങൾ കേൾക്കാനും ഉൾക്കൊള്ളാനും ഒക്കെ അയാൾ തയ്യാറാവണം. എന്നാൽ അന്തിമമായി സംരംഭകന് ബോധ്യമായതും ശരി എന്ന് തോന്നുന്നതും മാത്രമേ നടപ്പിലാക്കാൻ പാടുള്ളൂ. അതുകൊണ്ടുതന്നെ കൃത്യമായ പരിശീലനം,



**ഒന്നാമത്തെയും പരമ പ്രധാനവുമായ പ്രവർത്തനമാണ് പ്ലാനിംഗ് അഥവാ ആസൂത്രണം. ദൈനംദിന പ്രവർത്തനങ്ങളുടെ പ്രാഥമിക പ്രവർത്തനമാണ് ആസൂത്രണം. എന്ത്, എപ്പോൾ, എങ്ങനെ, എവിടെ, ആര്, ഏതുരീതിയിൽ ചെയ്യണം എന്ന് മുൻകൂട്ടി തീരുമാനിച്ച്, അനിശ്ചിതമായ ഭാവിയെ മനസ്സിലാക്കി പ്രവർത്തന പദ്ധതികൾ ദീർഘവീക്ഷണത്തോടെ ചെയ്യുന്നതിനെയാണ് ആസൂത്രണം എന്നുപറയുന്നത്. കൃത്യമായ ആസൂത്രണം സംരംഭകന് ദീർഘവീക്ഷണവും ഉൾക്കരുത്തും നൽകും. ഭാവി പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ച അയാൾക്ക് ആത്മവിശ്വാസവും ധൈര്യവും പ്രധാനം ചെയ്യും.**



**നിയന്ത്രണം എന്ന ഒരു പ്രവർത്തനം കൂടി മാനേജ്മെന്റ് ധർമ്മമായി പറയാറുണ്ട്. നിർദ്ദേശങ്ങൾ പാലിച്ചു എല്ലാവരും കൃത്യമായി മുന്നോട്ടു പോകുന്നെങ്കിൽ നിയന്ത്രണം എന്ന പ്രവർത്തനം സാധാരണയായി ആവശ്യമില്ല. എന്നാൽ ചില തൊഴിലാളികൾ ചിലപ്പോഴൊക്കെ ഇത്തരം സംഗതികളിൽ അവർക്ക് ഇഷ്ടമുള്ളത് പോലെ ചെയ്തേക്കാം. എത്ര കഴിവുള്ളവർ ആയാലും ഒരു ടീം വർക്കിൽ അത് അപസ്വരങ്ങളും അസ്വസ്ഥതകളും ഉണ്ടാക്കും. അതുകൊണ്ടുതന്നെ അത്തരം ആളുകളെ നിരീക്ഷിച്ച് അവരെ നിർദ്ദേശങ്ങൾക്കനുസരിച്ച് തന്നെ പ്രവർത്തിക്കാനും മുഖ്യധാരയിലേക്ക് ആകർഷിക്കുവാനുമുള്ള പ്രവർത്തനങ്ങളാണ് നിയന്ത്രണം എന്ന ധർമ്മം കൊണ്ട് ഉദ്ദേശിക്കുന്നത്.**

വ്യത്യസ്ത പ്രചോദന പരിപാടികൾ, സുതാര്യമായ ആശയവിനിമയം, അധികാര വിഭജനം, തുടങ്ങിയ നിരവധി കാര്യങ്ങൾ അയാൾ ചെയ്യേണ്ടതാണ്. മികച്ച നേതൃപാടവം പ്രകടിപ്പിക്കാൻ സംരംഭകന് കഴിയണം. നേതൃത്വം എന്നത് മറ്റുള്ളവരെ ആജ്ഞാപിക്കുക അല്ല മറിച്ച് മറ്റുള്ളവരെ സ്വാധീനിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനമാണ്.

അവസാനമായി നിയന്ത്രണം എന്ന ഒരു പ്രവർത്തനം കൂടി മാനേജ്മെന്റ് ധർമമായി പറയാറുണ്ട്. നിർദ്ദേശങ്ങൾ പാലിച്ചു എല്ലാവരും കൃത്യമായി മുന്നോട്ടു പോകുന്നെങ്കിൽ നിയന്ത്രണം എന്ന പ്രവർത്തനം സാധാരണയായി ആവശ്യമില്ല. എന്നാൽ ചില തൊഴിലാളികൾ ചിലപ്പോഴൊക്കെ ഇത്തരം സംഗതികളിൽ അവർക്ക് ഇഷ്ടമുള്ളത് പോലെ ചെയ്തേക്കാം. എത്ര കഴിവുള്ളവർ ആയാലും ഒരു ടീം വർക്കിൽ അത് അപസ്വരങ്ങളും അസ്വസ്ഥതകളും ഉണ്ടാക്കും. അതുകൊണ്ടുതന്നെ അത്തരം ആളുകളെ നിരീക്ഷിച്ച് അവരെ നിർദ്ദേശങ്ങൾക്കനുസരിച്ച് തന്നെ പ്രവർത്തിക്കാനും മുഖ്യധാരയിലേക്ക് ആകർഷിക്കുവാനുമുള്ള പ്രവർത്തനങ്ങളാണ് നിയന്ത്രണം എന്ന ധർമ്മം കൊണ്ട് ഉദ്ദേശിക്കുന്നത്. അവരെക്കൊണ്ടു തന്നെ പ്രവർത്തിക്കാൻ തോന്നിപ്പിക്കുകയാണ് ഉചിതമായ മാർഗ്ഗം. ആന്തരികപ്രചോദന രീതി എന്ന് എന്ന് ഇതിനെ പറയാം.

ഇത്തരം പഞ്ചശീല മാനേജ്മെന്റ് തന്ത്രങ്ങൾ ദൈനംദിന പ്രവർത്തനങ്ങളിൽ പ്രയോഗവൽക്കരിച്ചാൽ നിശ്ചയമായും സംരംഭകന് മുന്നിൽ വളരെ സുഗമമായി തന്റെ സ്ഥാപനത്തെ മുന്നോട്ടു കൊണ്ടുപോകാനും അസൂയാർഹമായ വളർച്ച ഉണ്ടാക്കിയെടുക്കാനും കഴിയും.

എല്ലാം തലയിലേറ്റുന്നതിനെയല്ല എല്ലാവരുടെയും തലയിൽ വച്ച് കൊടുത്തു അനായസവും ശ്രദ്ധാ പൂർവ്വവും മുന്നോട്ടു നയിക്കുന്നതിനെയാണ് മാനേജ്മെന്റ് അഥവാ ദൈനം ദിന ഭരണ നൈപുണി എന്ന് പറയുന്നത്. ■

**(ലേഖകൻ എഴുത്തുകാരനും സംരംഭകത്വ വികസന ഫാക്കൽറ്റിയുമാണ്)**



റ്റി. എസ്. ചന്ദ്രൻ

# ആറു ശതമാനം പലിശയ്ക്ക് സ്വയം തൊഴിൽ വായ്പകൾ നേടാൻ സൗകര്യമൊരുക്കുകയാണ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

പിന്നോക്ക ന്യൂനപക്ഷ സമുദായങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യം വച്ചു കൊണ്ട് 1995 മുതൽ പ്രവർത്തിച്ചു വരുന്ന സർക്കാർ കോർപ്പറേഷൻ ആണ് ഇത്. മറ്റു പിന്നാക്കവിഭാഗങ്ങൾ (OBC) മതന്യൂനപക്ഷങ്ങൾ എന്നിവർക്ക് പ്രത്യേകം വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പാക്കിവരുന്നുണ്ട്.

## സ്വയംതൊഴിൽവായ്പആനുകൂല്യങ്ങൾ

1) സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഒബിസി വിഭാഗങ്ങൾക്ക് 15 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. 5 ലക്ഷം രൂപ വരെ ആറ് ശതമാനം. പലിശ പത്തു ലക്ഷം രൂപ വരെ 7% പലിശ അതിനുമുകളിൽ 8 ശതമാനം പലിശക്കും ആണ് വായ്പ അനുവദിക്കുക. 60 മാസം മുതൽ 84 മാസം വരെയാണ് വായ്പ തിരിച്ചടവ് കാലാവധി.

2) സ്വയം തൊഴിൽ കണ്ടെത്തുന്നതിന് മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് 20 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. പലിശ ആറു ശതമാനം. തിരിച്ചടവ് 60 മാസം

3) മതന്യൂനപക്ഷങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് 30 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. സ്ത്രീകൾക്ക് ആറ് ശതമാനവും പുരുഷന്മാർക്ക് 8 ശതമാനവുമാണ് പലിശനിരക്ക്. തിരിച്ചടവ് 60 മാസം.

## പൊതുയോഗ്യതകൾ

കുടുംബവാർഷിക വരുമാനം ഗ്രാമപ്രദേശത്ത് 98,000 രൂപയും പട്ടണ പ്രദേശത്ത് 1,20,000 രൂപയും അധികരിക്കരുത്. (ക്രമനമ്പർ 3 പ്രകാരമുള്ള വായ്പയ്ക്ക് വാർഷിക വരുമാനം 6 ലക്ഷംരൂപ വരെ ആകാവുന്നതാണ്)

പ്രായം 18നും 55 നുംഇടയിൽ

പദ്ധതി അടങ്കലിന്റെ 95 ശതമാനം വരെയാണ് വായ്പ. 5% സ്വന്തംനിലയിൽകണ്ടെത്തണം

## ഏതുതരം സംരംഭവും തിരഞ്ഞെടുക്കാം

വ്യവസായം, കച്ചവടം, സേവനം, ഫാമുകൾ കൃഷികൾ അങ്ങനെ ഏതു തരം സംരംഭവും



തിരഞ്ഞെടുക്കാവുന്നതാണ്. നിർമ്മാണ യൂണിറ്റുകളും വിവിധ തരം കച്ചവടങ്ങളും മത്സ്യം മാംസം എന്നിവ യുടെ പ്രോസസിംഗ് പാക്കേജിങ് സ്റ്റോറേജിംഗ്, വിതരണം, അലങ്കാരപ്രവർത്തികൾ, കമ്പ്യൂട്ടർസെൻ ററുകൾ, ഫോട്ടോസ്റ്റുഡിയോകൾ, ആൽബം സെറ്റിംഗ്സ്, റിപ്പയറിങ് സർവീസ് സെന്റർ, ഡ്രൈക്ലീനിങ് സെന്റർ, അക്ഷയസെന്റർ, ഫോട്ടോസ്റ്റാറ്റ്, വർക്ക് ഷോപ്പുകൾ, വാഹനങ്ങളുടെ റിപ്പയറിങ്, സർവീസിങ് കേന്ദ്രങ്ങൾ, ഓൺലൈൻ വ്യാപാരങ്ങൾ. ഇലക്ട്രിക്കൽ ഹോം അപ്ലൈൻസ് ഷോപ്പുകൾ, ആട്, കോഴി, എരുമ, പശു, തുടങ്ങിയ ഫാമുകൾ എന്നിവയെല്ലാം തെരഞ്ഞെടുക്കാവുന്ന

സംരംഭങ്ങൾക്ക് ഉദാഹരണങ്ങളാണ്. സ്ഥിരവരുമാനം ഉറപ്പുവരുത്തുന്നതും നിയമപരമായി ഏറ്റെ ടുക്കാവുന്നതുമായ ഏതൊരു സംരംഭവും പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വായ്പ പദ്ധതി പ്രകാരം തിരഞ്ഞെടുക്കാവുന്നതാണ്.

## അപേക്ഷകൾ നേരിട്ട് സമർപ്പിക്കണം

ഓൺലൈൻ സംവിധാനം നിലവിലില്ല. 14 ജില്ലാ ഓഫീസുകളും കൂടാതെ ആറ് ഉപജില്ലാ ഓഫീസുകളും വഴി അപേക്ഷ സമർപ്പിക്കാം. ഇവിടെ നിന്നു ലഭിക്കുന്ന നിശ്ചിത ഫോറത്തിലുള്ള അപേക്ഷ വേണം സമർപ്പിക്കാൻ. അപേക്ഷയോടൊപ്പം റേഷൻകാർഡ്, തിരിച്ചറിയൽകാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ് / എസ്എസ്എൽസി ബുക്ക് അല്ലെങ്കിൽ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് താമസസ്ഥലത്തിന്റെ കരം തീർത്ത രസീത്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വിശദമായ പദ്ധതി രൂപരേഖ (3 ലക്ഷം രൂപക്ക് മുകളിലുള്ള വായ്പക്ക്മാത്രം) യന്ത്ര സാമഗ്രികളും ഉപകരണങ്ങളും വാങ്ങാനുള്ള കൊട്ടേഷനുകൾ, സാങ്കേതികയോഗ്യത ആവശ്യമുള്ള സംരംഭം ആണെങ്കിൽ അത് തെളിയിക്കുന്നരേഖകൾ. കെട്ടിട നിർമ്മാണം വരുന്നുണ്ടെങ്കിൽ എൻജിനീയർ സാക്ഷ്യപ്പെടുത്തിയ പ്ലാനും എസ്റ്റിമേറ്റും, വരുമാന സർട്ടിഫിക്കറ്റും സമർപ്പിക്കണം.



വിശദമായ കൂടിക്കാഴ്ചയുടെയും പദ്ധതി വിശകലനത്തിന്റേയും അടിസ്ഥാന ത്തിലാണ് വായ്പ അനുവദിക്കുന്നത്. കോർപ്പറേഷന്റെ സ്വന്തം ഫണ്ടിൽ നിന്നുമാണ് തുക അനുവദിക്കുക.

## ജാമ്യം നിർബന്ധം

കോർപ്പറേഷൻ വഴി വായ്പ എടുക്കുന്നതിന് ജാമ്യം നിർബന്ധമാണ്. ഉദ്യോഗസ്ഥ ജാമ്യം ആണ് കൂടുതൽ സ്വീകാര്യം. കൂടാതെ വസ്തു, സ്ഥിര നിക്ഷേപങ്ങൾ, എൽഐസിപോളിസികൾ എന്നിവയും ജാമ്യമായി സ്വീകരിക്കും. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ഗ്രീൻകാർഡ് നൽകും. അങ്ങനെയുള്ളവർക്ക് മൊത്തം പലിശ തിരിച്ചടവിന്റെ അഞ്ച് ശതമാനം ഇളവ് അനുവദിക്കാനും വ്യവസ്ഥയുണ്ട്.

## കോവിഡ് സഹായം

കോവിഡ് 19 മൂലം മരണം സംഭവിക്കുകയും കുടുംബം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്നു എങ്കിൽ അത്തരം കുടുംബങ്ങളെ സഹായിക്കുന്നതിനും കോർപ്പറേഷന് പദ്ധതിയുണ്ട്. ഒ.ബി.സി വിഭാഗങ്ങൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് 60 വയസ്സിനു താഴെ മരണം സംഭവിച്ച കുടുംബത്തിലെ ആശ്രിതന് 5 ലക്ഷം രൂപ വരെ വായ്പ നൽകുന്നതാണ് പദ്ധതി. ഇതിൽ നാലുലക്ഷം രൂപ വായ്പയും ഒരു ലക്ഷം രൂപ സബ്സിഡിയും ആണ്. പലിശ നിരക്ക് ആറു ശതമാനവും വായ്പാ തിരിച്ചടവ് 60 മാസവുമാണ്. ഈ പദ്ധതിയിലേക്ക് ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്. വാർഷിക വരുമാനം മൂന്നു ലക്ഷം രൂപയിലധികം കരുതരുത്.

വിശദവിവരങ്ങൾക്ക് www.ksbdc.com എന്ന സൈറ്റ് സന്ദർശിക്കുകയോ കോർപ്പറേഷന്റെ ജില്ലാ ഉപജില്ലാഓഫീസുമായി നേരിട്ട് ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ് ■

**(വ്യവസായ വാണിജ്യ വകുപ്പിലെ ഡെപ്യൂട്ടിഡയറക്ടർ (റിട്ടയേഡ്) ആണ് ലേഖകൻ)**

# കോവിഡ് കാലത്തും നേട്ടവുമായി
## കുടുംബശ്രീ സംരംഭങ്ങൾ

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിലും മികച്ച നേട്ടത്തോടെ മുന്നോട്ടു പോവുകയാണ് കുടുംബശ്രീയുടെ വിവിധ സംരംഭങ്ങൾ. ഹോം ഷോപ്പ് പദ്ധതിയും കേരള ചിക്കനും ഇതിനു ഉദാഹരണമാണ്. ഒന്നര വർഷത്തോളമായി തുടരുന്ന കൊറോണയുടെ പ്രതിസന്ധികൾക്കിടയിൽ സംസ്ഥാനത്ത് ഉടനീളമുള്ള അനേകം കുടുംബങ്ങളെ പ്രതീക്ഷാവഹമായ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തുന്നതിൽ ഇത്തരം സംരംഭങ്ങൾ വഹിച്ച പങ്കു നിസാരമല്ല. ഏറ്റവും മോശമായ നാളുകളെ അതിജീവിക്കാൻ കഴിഞ്ഞതിലൂടെ നാട്ടിൻപുറത്തെ വരുമാനസാധ്യതകൾ കുടുംബശ്രീ അംഗങ്ങൾക്ക് സമ്മാനിക്കുന്ന ആത്മവിശ്വാസവും വളരെ വലുതാണ്. ഇതിനായി സർക്കാർ നൽകിയ പിന്തുണയും ഏറെ സഹായകമായി.

ആഗോളതലത്തിലും ഇന്ത്യയിലുമെല്ലാം ധാരാളം വ്യവസായസ്ഥാപനങ്ങളും ചെറുകിട സംരംഭങ്ങളും പ്രവർത്തനം അവസാനിപ്പിക്കേണ്ടിവന്ന കാലത്ത് കുടുംബശ്രീ നേട്ടമുണ്ടാക്കുന്നുവെന്നതിനാണ് പ്രസക്തി. ഹോം ഷോപ്പ് പദ്ധതിയിലൂടെയും കേരള ചിക്കനിലൂടെയും വിറ്റഴിച്ചതെല്ലാം അവശ്യവസ്തുക്കളായിരുന്നു എന്നതാണ് ഇതിനു കാരണം. ഗുണമേന്മയുള്ള ഉത്പന്നം, ഇടനിലക്കാരെ ഒഴിവാക്കുന്നതിലൂടെ ഉത്പാദകനും ഉപഭോക്താവിനും ഒരുപോലെ ലഭിക്കുന്ന സാമ്പത്തികനേട്ടം, ഉത്പാദകനും ഉപഭോക്താവും തമ്മിലുള്ള വ്യക്തിപരമായ അടുപ്പം തുടങ്ങിയ ഘടകങ്ങളെല്ലാം വിപണനത്തിന് അനുകൂലമായി.

### ഹോം ഷോപ്പ് പദ്ധതി

പ്രാദേശികമായി കുടുംബശ്രീ സംരംഭകർ തയ്യാറാക്കുന്ന ഉത്പന്നങ്ങൾ പൊതുജനങ്ങളിലേക്ക് നേരിട്ടു എത്തിച്ചുനൽകുന്ന സംരംഭമാണ് ഹോം ഷോപ്പ് പദ്ധതി. സംസ്ഥാനത്ത് മലപ്പുറം ഒഴികെയുള്ള പതിമൂന്ന് ജില്ലകളിലും കുടുംബശ്രീയുടെ ഹോം ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലായിടത്തും മികച്ച പ്രതികരണവും ലഭിക്കുന്നു. സിഡിഎസ് സംവിധാനത്തിൽനിന്നും ഹോം ഷോപ്പർമാരായി തെരഞ്ഞെടുക്കപ്പെടുന്ന കുടുംബശ്രീ വനിതകളാണ് ഈ പദ്ധതിയുടെ വിപണന സംവിധാനം. ഇവർക്ക് ആർഎംഇ, യുവശ്രീ, എസ്എംഇ മാർഗ്ഗനിർദ്ദേശത്തിൽ അനുശാസിക്കുന്ന യോഗ്യതകൾ ഉണ്ടായിരിക്കും. ഓരോ ഹോം ഷോപ്പർമാരും തങ്ങൾക്കു അനുവദിച്ചുകിട്ടിയ പ്രദേ











ശത്തെ 150 മുതൽ 200 വരെ വീടുകളിലാണ് വിപണനം നടത്തുന്നത്. ഇവർക്കു ലഭിക്കേണ്ട മിനിമം വേതനത്തിന് അനുസൃതമായി വീടുകളുടെ എണ്ണം നിശ്ചയിക്കുന്നു. ഇങ്ങനെയുള്ള ഉത്പന്ന വിപണനത്തിലൂടെ ലഭിക്കുന്ന കമ്മീഷനാണ് ഹോം ഷോപ്പർമാരുടെ വരുമാനം.

ഹോം ഷോപ്പർമാർ ഉൾപ്പെടുന്ന വിപണനസംവിധാനത്തിന് പുറമെ ഉത്പാദന സംവിധാനം, വിതരണ ഭരണനിർവ്വഹണ സംവിധാനം എന്നിങ്ങനെ രണ്ടു സുപ്രധാന ഘടകങ്ങൾകൂടി ഹോം ഷോപ്പ് പദ്ധതിയ്ക്കുണ്ട്. പ്രാദേശികമായി ആവശ്യകതയുള്ളതും ഗുണമേന്മയുള്ളതുമായ ഉത്പന്നങ്ങൾ തയ്യാറാക്കുന്ന കുടുംബശ്രീ വനിതകൾ/ യൂണിറ്റുകൾ, സംഘകൃഷി/ മൃഗ സംരക്ഷണ സംരംഭങ്ങളുടെ ഉത്പന്നങ്ങൾ (പാൽ, പച്ചക്കറി, മുട്ട, മാംസം), മൂല്യവർദ്ധിത ഉത്പന്നങ്ങൾ (സോപ്പ്, അലക്കുപൊടി, ഭക്ഷ്യോത്പന്നങ്ങൾ, തുണിത്തരങ്ങൾ, കരകൗശല ഉത്പന്നങ്ങൾ) എന്നിവ മാത്രം ഉൾപ്പെടുന്നതാണ് ഉത്പാദന സംവിധാനം.

ഉത്പാദകനെയും വിതരണക്കാരനെയും ഉപഭോക്താവിനെയും കോർത്തിണക്കുന്ന കണ്ണിയാണ് ഭരണ നിർവ്വഹണ സംവിധാനം അഥവാ മാനേജ്മെന്റ് ടീം. കുടുംബശ്രീ സംവിധാനത്തെക്കുറിച്ച് അവബോധവും വിപണനരംഗത്ത് പ്രാവീണ്യവും പരിചയവുമുള്ള അഞ്ചുപേർ ഉൾപ്പെടുന്നതാണ് മാനേജ്മെന്റ് ടീം. ഇവരും കുടുംബശ്രീ സംവിധാനത്തിലുള്ളവർ തന്നെ. സംരംഭകരിൽനിന്നും ഇവർ സംഭരിക്കുന്ന ഉത്പന്നങ്ങളാണ് ഹോം ഷോപ്പർമാരിലൂടെ ഉപഭോക്താക്കളിലേക്ക് എത്തുന്നത്. ഓരോ മാനേജ്മെന്റ് ടീമിന്റെയും പ്രവർത്തനപരിധി അവർക്ക് മോണിട്ടറിംഗ് നടത്തുന്ന

കുടുംബശ്രീ Homeshop
നല്ലതു വാങ്ങാം നന്മ ചെയ്യാം












തിനും പ്രാദേശിക ആവശ്യകതയനുസരിച്ച് പ്രവർത്തിക്കാനും കഴിയുന്ന പ്രദേശമായിരിക്കും. ഇതു ചിലപ്പോൾ ഒരു ബ്ലോക്കും ഒന്നിലധികം ബ്ലോക്കും ഒരു ജില്ലയുമൊക്കെയാവും. അതാതു ജില്ലാ മിഷനുകളാണ് ഓരോ മാനേജ്മെന്റ് ടീമിന്റെയും പ്രവർത്തനപരിധി നിശ്ചയിക്കുന്നത്.

നിലവിൽ കാസർഗോഡ്, തിരുവനന്തപുരം, എറണാകുളം, പാലക്കാട്, ആലപ്പുഴ, കോട്ടയം ജില്ലകളിലായി രണ്ടുവീതവും കോഴിക്കോട്, കണ്ണൂർ, കൊല്ലം, വയനാട്, പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ ഒന്നുവീതവും മാനേജ്മെന്റ് ടീമുകളുണ്ട്. ഇവയ്ക്കു കീഴിലായി 1861 ഹോം ഷോപ്പർമാരാണുള്ളത്. നിലവിൽ 320 കുടുംബശ്രീ സംരംഭങ്ങളിൽ നിന്നുള്ള 749 ഉത്പന്നങ്ങൾ ഹോം ഷോപ്പ് വിപണനശൃംഖലയിലൂടെ വിറ്റഴിക്കുന്നു. ഈ വർഷം തന്നെ എല്ലാ ജില്ലകളിലെയും പരമാവധി കുടുംബശ്രീ സംരംഭകരെയും ഹോം ഷോപ്പ് സംവിധാനത്തിന്റെ ഭാഗമാക്കിക്കൊണ്ട് ഹോം ഷോപ്പർമാരുടെ വരുമാനം വർദ്ധിപ്പിക്കുകയാണ് കുടുംബശ്രീയുടെ ലക്ഷ്യം.

കോവിഡ് വൈറസ് വ്യാപനം വ്യാപകമായതിനെ തുടർന്നുണ്ടായ ലോക്ഡൗൺ കാലയളവിൽ വീടുകളിലൂടെയുള്ള വിപണനത്തിന് തടസം നേരിട്ടുവെങ്കിൽ പോലും എല്ലായിടത്തും ഹോം ഷോപ്പ് പദ്ധതിക്ക് മികച്ച നേട്ടമുണ്ടാകുന്നുണ്ട്. ഇക്കഴിഞ്ഞ ജനുവരിയിൽ 91.58 ലക്ഷം രൂപയുടെയും ഫെബ്രുവരിയിൽ 1.09 കോടി രൂപയുടെയും മാർച്ചിൽ 90.27 ലക്ഷം രൂപയുടെയുംം ഏപ്രിലിൽ 75.19 ലക്ഷം രൂപയുടെയും വിറ്റുവരവ് ഹോം ഷോപ്പുകൾക്കുണ്ടായി. കോവിഡ് രണ്ടാംതരംഗത്തിന്റെ ഭാഗമായി വീണ്ടും ലോക്ഡൗൺ നിലവിൽ വന്ന ഇക്കഴിഞ്ഞ മെയ് മാസത്തിൽ 21.45 ലക്ഷം രൂപയുടെ വിറ്റുവരവും ഹോം ഷോപ്പുകൾക്കു ലഭിച്ചു. ഇതിനുപുറമെ കുടുംബശ്രീയ്ക്ക് സ്ഥിരവിപണനകേന്ദ്രങ്ങളും ഓൺലൈൻ വിപണനവുമുണ്ട്.

## കേരള ചിക്കൻ

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഗുണമേന്മയുള്ള കോഴിയിറച്ചി ന്യായവിലയ്ക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് കുടുംബശ്രീയുടെ കേരള ചിക്കൻ. ഇതിന്റെ ഭാഗമായി കേരളത്തിലുടനീളം 'കേരള ചിക്കൻ' എന്ന പേരിൽ 47 ബ്രാൻഡഡ് വിപണനകേന്ദ്രങ്ങളാണ് ആരംഭിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ ഫാമുകൾ ആരംഭിക്കുകയും ഇവിടെനിന്ന് ലഭ്യമാകുന്ന ബ്രോയിലർ ചിക്കൻ വിപണിയിലേക്ക് എത്തിക്കുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തു നടപ്പാക്കിയത്. കുടുംബശ്രീയും മൃഗസംരക്ഷണവകുപ്പും ബ്രഹ്മഗിരി ഡെവല












പ്മെന്റ് സൊസൈറ്റിയും സംയുക്തമായാണ് പദ്ധതിയുടെ നിർവ്വഹണം. മൃഗസംരക്ഷണവകുപ്പ് പദ്ധതിയുടെ സമഗ്രമായ മേൽനോട്ടച്ചുമതല നിർവ്വഹിക്കുമ്പോൾ, ഇന്റഗ്രേഷൻ ഫാമിംഗ് വഴി ചിക്കൻ വിപണിയിലെത്തിക്കുക, പ്രോസസിംഗ് യൂണിറ്റ് ആരംഭിക്കുക എന്നീ പദ്ധതികളാണ് കുടുംബശ്രീ നടപ്പാക്കുന്നത്.

എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിൽ ഏഴിക്കര സിഡിഎസിന് കീഴിലായിരുന്നു സംസ്ഥാനത്ത് കേരള ചിക്കന്റെ ആദ്യവിപണന കേന്ദ്രം. വിവിധ ജില്ലകളിലായി 203 കേരള ചിക്കൻ ഫാമുകളുമുണ്ട്. എറണാകുളം ജില്ലയിൽ മാത്രം അമ്പതിലധികം ഫാമുകളും 22 വിപണനകേന്ദ്രങ്ങളും സ്ഥിതി ചെയ്യുന്നു. ഇവിടെയിപ്പോൾ ഓരോ ദിവസവും 100 മുതൽ 150 കോഴികളെ വരെയാണ് വിൽപ്പന നടത്തുന്നത്. തൃശ്ശൂർ ജില്ലയിൽ 37 ഫാമുകളും 11 വിപണന കേന്ദ്രങ്ങളുമുണ്ട്. കോട്ടയം ജില്ലയിൽ 30 ഫാമുകളും ഒൻപതു വിപണനകേന്ദ്രവും തിരുവനന്തപുരം ജില്ലയിൽ 31 ഫാമുകളും മൂന്നു വിപണനകേന്ദ്രവും കൊല്ലത്ത് 26 ഫാമുകളും മൂന്ന് വിപണനകേന്ദ്രവും പ്രവർത്തിക്കുന്നു. മറ്റു ജില്ലകളിലും മോശമല്ലാത്ത രീതിയിലാണ് കേരള ചിക്കന്റെ ഉത്പാദന-വിപണനമേഖലകളിലെ പ്രവർത്തനം.

ഫാമുകളിൽനിന്നും വളർച്ചയെത്തിയ ബ്രോയിലർ ചിക്കൻ വിപണനകേന്ദ്രങ്ങളിലേക്ക് നേരിട്ട് എത്തിക്കുന്ന രീതിയിലുള്ള പദ്ധതി മൂന്നുഘട്ടങ്ങളിലായാണ് നടപ്പാക്കിവരുന്നത്. എറണാകുളം, കോട്ടയം, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട് എന്നീ ഏഴു ജില്ലകളിലായി നാൽപ്പതു ഫാമുകൾ ആരംഭിക്കുകയും ഇവിടെ ഉത്പാദിപ്പിക്കുന്ന ബ്രോയിലർ ചിക്കൻ കമ്പോളത്തിൽ എത്തിക്കാനായി ഇരുപതു



**ഇന്നിപ്പോൾ ഏറ്റവുമധികം കോഴിയിറച്ചി വിറ്റഴിയുന്ന ദക്ഷിണേന്ത്യൻ സംസ്ഥാനം കേരളമാണ്. പ്രതിവർഷം ഏഴായിരം കോടിയിലധികം രൂപയുടെ ഇറച്ചിക്കോഴികൾ ഇവിടെ വിറ്റഴിയുന്നു. ഇതിലധികവും തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ നിന്നുമാണ് എത്തുന്നത്.**



വീതം വിപണനകേന്ദ്രങ്ങൾ തുടങ്ങുകയും ചെയ്യുകയെന്നതായിരുന്നു ആദ്യഘട്ടം. മലപ്പുറം, കണ്ണൂർ, ആലപ്പുഴ ജില്ലകളിലേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതായിരുന്നു രണ്ടാംഘട്ട പ്രവർത്തനം. മൂന്നാംഘട്ടത്തിൽ ബാക്കിയുള്ള നാലു ജില്ലകളിലേക്കും പ്രവർത്തനം വ്യാപകമാക്കും. ഇതും ഈ സാമ്പത്തികവർഷം തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികളാണ് പുരോഗമിക്കുന്നത്.

കുടുംബശ്രീ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും പദ്ധതിയുടെ ഭാഗമാകാം. കുടുംബശ്രീ ബ്രോയ്‌ലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്കാണ് കേരള ചിക്കന്റെ നടത്തിപ്പുചുമതല. പദ്ധതിയുടെ ഭാഗമായി, ഒരു ദിവസം പ്രായമായ ആയിരം മുതൽ അയ്യായിരം വരെ കോഴിക്കുഞ്ഞുങ്ങളെ കർഷകർക്കു നൽകുന്നു. ഫാമുകളിൽ സംരക്ഷിക്കുന്ന കോഴിക്കുഞ്ഞുങ്ങൾക്കു ആവശ്യമായ ഭക്ഷണവും വാക്സിനും കമ്പനി സൗജന്യമായി നൽകും. കോഴികൾക്കു 35 മുതൽ 45 ദിവസം വരെ പ്രായമാകുമ്പോൾ കർഷകർക്ക് നിശ്ചിത തുകനൽകി കമ്പനി അവയെ മുഴുവൻ തിരിച്ചെടുക്കുന്നു. കുടുംബശ്രീ അംഗങ്ങൾ തന്നെ നടത്തുന്ന ഔട്ട്ലെറ്റുകൾ വഴി ഇവയെ വിറ്റഴിക്കുകയാണ് ചെയ്യുന്നത്. മാർക്കറ്റ് വിലയെക്കാൾ കുറഞ്ഞ വിലയ്ക്കാണ് വിപണനം.

പദ്ധതിയിൽ ചേരാൻ താൽപ്പര്യമുള്ള കുടുംബശ്രീ



അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും നൂറുരൂപ രജിസ്ട്രേഷൻ ഫീസടച്ച് പദ്ധതിയിൽ അംഗമാകാം. തുടർന്ന്, കുടുംബശ്രീ ബ്രോയ്ലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് സ്ഥലം പരിശോധിക്കുകയും ഫാമോ, വിപണന കേന്ദ്രമോ ആരംഭിക്കാൻ അനുകൂലസാഹചര്യമുണ്ടെങ്കിൽ അനുമതി നൽകുകയും ചെയ്യും. ഇതോടൊപ്പം പദ്ധതിക്കായി ഉപയോക്താക്കൾക്ക് കുടുംബശ്രീ മുഖേനെ വായ്പയും ലഭ്യമാണ്. നാലുശതമാനം പലിശനിരക്കിൽ ഒന്നര ലക്ഷം രൂപ വരെയാണ് വായ്പ നൽകുന്നത്. രണ്ടര വർഷമാണ് തിരിച്ചടവ് കാലാവധി.

ഇതോടൊപ്പം, എല്ലാ ജില്ലകളിലും ഓരോ ഹാച്ചറികൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുമുണ്ട്. ഇവിടെ നിന്നും ഓരോ ആഴ്ചയും ഏറ്റവും കുറഞ്ഞത് ഒരു ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെയെങ്കിലും ഉത്പാദിപ്പിക്കുന്നതിനും അവയെ ഫാമുകളിൽ എത്തിച്ചു നൽകുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്നു മാംസ സംസ്കരണശാലകളും സ്ഥാപിക്കും. പ്രതിദിനം അമ്പതു മെട്രിക് ടൺ കോഴിയിറച്ചി ഉത്പാദിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഓരോ മാംസ സംസ്കരണശാലയോട് അനുബന്ധിച്ചും മാലിന്യസംസ്കരണ കേന്ദ്രവും സ്ഥാപിക്കുന്നതാണ്. ഇറച്ചിക്കോഴിയുടെ ഉത്പാദനത്തിലൂടെയും വിൽപ്പനയിലൂടെയും കമ്പനിയുടെ പ്രവർത്തനത്തിലൂടെയും ലഭിക്കുന്ന മുഴുവൻ ലാഭവും കർഷകർക്കു തന്നെ ലഭ്യമാക്കുന്ന തരത്തിലാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്.

ഇന്നിപ്പോൾ ഏറ്റവുമധികം കോഴിയിറച്ചി വിറ്റഴിയുന്ന ദക്ഷിണേന്ത്യൻ സംസ്ഥാനം കേരളമാണ്. പ്രതിവർഷം ഏഴായിരം കോടിയിലധികം രൂപയുടെ ഇറച്ചിക്കോഴികൾ ഇവിടെ വിറ്റഴിയുന്നു. ഇതിലധികവും തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ നിന്നുമാണ് എത്തുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ ആഭ്യന്തരതലത്തിൽ കോഴികളെ ഉത്പാദിപ്പിച്ച് ഉപഭോക്താക്കളിലേക്ക് എത്തിക്കുന്ന കേരള ചിക്കൻ പദ്ധതി പൂർണ്ണതോതിലായാൽ അതുവഴി കുടുംബശ്രീ അംഗങ്ങൾക്കും വലിയ സാമ്പത്തികനേട്ടം ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല.■









# വ്യവസായ മേളകളും ഉത്സവങ്ങളും

“ആളു കൂടുന്നിടത്തായിരം പോകും” എന്നൊരു ചൊല്ല് നമ്മുടെ വ്യാപാര വ്യവസായ മേഖലകളിൽ പണ്ടുതൊട്ടേ പ്രചരിച്ചിരുന്നതാണ്. അണാപ്പൈസയ്ക്കു വലിയ മൂല്യമുണ്ടായിരുന്ന കാലത്താണ് ആയിരമെന്ന സംഖ്യ കൊണ്ടുള്ള ചൊല്ലുണ്ടായത്. അപ്പോൾ അക്കാലത്തെ ആയിരത്തിന് ഇന്നത്തെ ലക്ഷത്തെക്കാൾ വിലയയുണ്ടായിരുന്നിരിയ്ക്കാം. ആയിരമെന്നത് ഉല്പന്നങ്ങളുടെ എണ്ണമാകാം, അല്ലെങ്കിൽ അത്രയും വലിയ തുകയുടെ കച്ചവടമാകാം. പണ്ട് നാലും കൂടിയ മുക്കുകളിൽ ഉള്ള ഉണക്കപ്പീടികകളും നാലുകാലിൽ പൊന്തിനിൽക്കുന്ന മാടക്കടകളുമായിരുന്നല്ലോ നമ്മുടെ വിപണന കേന്ദ്രങ്ങൾ. അരിപ്പീടിക, തുണിപ്പീടിക എന്നിങ്ങനെ വിപണനം ചെയ്യുന്ന ഉല്പന്നങ്ങളെ അനുസരിച്ച് പീടികകൾക്കു പേരും വീണിരുന്നു. അതിനുമൊക്കെ മുമ്പ് അരിപ്പീടികകളുണ്ടായിരുന്നില്ല. അരി ആരും വാങ്ങാനില്ലാത്തതായിരുന്നു കാരണം. ജന്മിമാർക്ക് വിളവായും കുടിയാന്മാർക്ക് വാരമായും, കൃഷിക്കാർക്ക് പാട്ടമായും (ഇവർ സ്ഥലം പാട്ടത്തിനെടുത്തു കൃഷി ചെയ്യുന്നു) അല്ലാത്തവർക്ക് മേല്പറഞ്ഞ മൂന്നു കൂട്ടരിൽ നിന്നുമുള്ള “വെളമിച്ചം” ആയും നെല്ലിവിടെ സമൃദ്ധമായിരുന്നു. എന്നാൽ പിന്നീട് സ്ഥിതിവിശേഷങ്ങൾ മാറി. ഇനവും തരവും മൂപ്പും നോക്കി കർകഷർ ഓമനിച്ചു നൽകിയ നെൽപ്പേരുകൾക്കു പകരം ഇന്നു കമ്പനി നാമങ്ങൾ മാത്രമാണെവിടെയും. ഒരു പേരുമില്ലെങ്കിലും ചെലവാകുന്ന വസ്തുക്കളുടെ പട്ടികയിൽ “ഡിമാൻഡ് ആന്റ് സപ്ലൈ” ക്ലാസ്സിൽ എക്കണോമിക്സ് പ്രൊഫസർ പഠിപ്പിച്ച അരി, ഉപ്പ്,




വെള്ളം ഇവയൊക്കെയിന്ന് ബ്രാൻഡഡ് ആയി ഉദാഹരണപ്പട്ടികയുടെ വേലിപൊട്ടിച്ചു പുറത്തു ചാടിയത് വിരോധാഭാസമെന്നല്ലാതെന്തു പറയാൻ.

നാലു മുക്കുകളിലെ പീടികകൾക്കപ്പുറത്തെ വിപണനകേന്ദ്രങ്ങളായിരുന്നു അങ്ങാടികളും ചന്തകളും. നിത്യവും പ്രവർത്തിക്കുന്നവയായിരുന്നു അങ്ങാടികൾ. എന്നാൽ ചന്തകളാകട്ടെ ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസങ്ങളിൽ മാത്രം കച്ചവടം നടക്കുന്ന ഇടങ്ങളായിരുന്നു. ഇവ കൂടാതെ കമ്പോളങ്ങളും പണ്ടകശ്ശാലകളും ചില പ്രധാന കേന്ദ്രങ്ങളിൽ ഉയർന്നു വന്നു. വിദേശ വ്യാപാരികൾ സ്ഥാപിച്ച പണ്ടകശാലകളിൽ വാങ്ങൽ കേന്ദ്രങ്ങൾ മാത്രമായിരുന്നു പ്രവർത്തിച്ചിരുന്നതെങ്കിൽ വൻകിട വില്പന കേന്ദ്രങ്ങളായിരുന്നു കമ്പോളങ്ങളിൽ നിറഞ്ഞിരുന്നത്.

വിശേഷാവസരങ്ങളിൽ മാത്രമായിരുന്നു പണ്ട് വഴിവാണിഭങ്ങളും കൊട്ടിൽ വാണിഭങ്ങളും നടന്നിരുന്നത്. വയൽവാണിഭം, മണക്കര വാണിഭം, മൈതാന വാണിഭമെന്നൊക്കെ കൊട്ടിൽ വാണിഭത്തെ ഭൂപ്രദേശമനുസരിച്ചു പറഞ്ഞിരുന്നു. കൊയ്ത്തൊഴിഞ്ഞ വരണ്ട പാടങ്ങളിൽ വൃശ്ചികം ധനു മാസങ്ങളിൽ കൊട്ടിൽ കെട്ടി സംഘടിപ്പിയ്ക്കുന്ന വ്യാപാര മേളയാണു വയൽ വാണിഭം. വേനൽ കനത്ത് വെറും നൂൽപ്പരുവമായി പുഴ ശോഷിയ്ക്കുമ്പോൾ രൂപം കൊള്ളുന്ന മണൽത്തിട്ടകളിലാണ് മണക്കര വാണിഭത്തിനുള്ള കൊട്ടിൽ ഉയരുന്നത്. ഉത്സവ വേളകളിൽ വിശാലമായ കളിത്തട്ടുകളിലാണ് മൈതാനവാണിഭം അരങ്ങേറുക. കമുകിൻ തടിയും ഈറയും മുളയുമൊക്കെ ഉപയോഗിച്ചുണ്ടാക്കുന്ന ബലമേറിയ സ്റ്റാളുകളാണ് കൊട്ടിലുകൾ. ഓരോ ഉൽപങ്ങൾക്കും അവയുടെ വ്യാപ്തി അനുസരിച്ച് പ്രത്യേകം സെക്ഷനുകളാവും ഈ വാണിഭങ്ങളിൽ ഉണ്ടാകുക. അച്ഛനുമമ്മയുമൊഴിച്ചെല്ലാം കിട്ടുന്നിടം എന്നായിരുന്നു ഇത്തരം കേന്ദ്രങ്ങളെ പറഞ്ഞു





വന്നിരുന്നത്. പിൽക്കാലത്തെ ട്രേഡ്ഫെയർ, സൂപ്പർ മാർക്കറ്റ്, മാൾ എന്നിവയുടെ പ്രാചീന രൂപമായി ഇത്തരം വാണിഭത്തെ കാണാനാവും.

പ്രാദേശികമായി വിവിധ മതസ്ഥരുടെ ഉത്സവാഘോഷങ്ങൾക്കു കൊടിയുയരുന്ന നാൾ മുതൽ ആരാധനാലയങ്ങൾക്കു സമീപമായി മിനി ട്രേഡ് ഫെയർ തുടങ്ങാൻ കാത്തിരിയ്ക്കുകയാവും ജനങ്ങൾ. കുഞ്ഞുങ്ങളുടെ കളിപ്പാട്ടങ്ങളും സ്ത്രീജനങ്ങൾക്കുള്ള അണിഞ്ഞൊരുങ്ങൽ സാധനങ്ങളും സൗന്ദര്യസംവ്വർദ്ധകങ്ങളും ഇവിടെ മാത്രമേ അന്നു കിട്ടിയിരുന്നുള്ളൂ. പിന്നെ ചില പ്രത്യേകതരം വറപൊരികളും മധുര പലഹാരങ്ങളും ഇവിടെ മാത്രം ലഭ്യം.

വാണിഭങ്ങളിൽ വേറിട്ടു നിന്നിരുന്നത് ഓണം ഫെയറുകൾ തന്നെ. കാരണം മറ്റെല്ലാം വേനൽക്കാലങ്ങളിലാണു നടന്നിരുന്നത്. എന്നാൽ കർക്കിടകം പെയ്തൊഴിഞ്ഞ നനവിൽത്തീർത്ത താൽക്കാലിക വ്യാപാര കേന്ദ്രങ്ങളായിരുന്നു ഓണം ഫെയറിൽ അണിഞ്ഞൊരുങ്ങിയിരുന്നത്. ഇരുളു മാറി വെളിച്ചവും, കുളിരുമാറി ഇളം ചൂടുമെത്തുന്ന ചിങ്ങത്തിൻ ആലസ്യമകന്ന് അത്യാഹ്ലാദത്തോടെയാണ് ജനങ്ങൾ ഫെയറുകളെ വരവേറ്റിരുന്നത്. കഴിഞ്ഞ പതിനൊന്നു മാസക്കാലമായി ഓണം കൂടാനുള്ള "വഹ" സ്വരൂപിച്ച സാധാരാണക്കാരാണ് ഫെയറുകളെ ഏറെ സജീവമാക്കിയിരുന്നത്. അത്തം നാളിൽ തുടങ്ങുന്ന ഓണം ഉപ്പിലിട്ടാദിയുടെ (അച്ചാറുകൾ) പാത്രങ്ങൾ (ഭരണികൾ) കാലിയാക്കുന്ന ഉത്രട്ടാതി വരെയാണല്ലോ അവർ ആഘോഷിച്ചിരുന്നത്. നോൺവെജ് നിർബന്ധമുള്ളവർക്കായി അഞ്ചോണം പിന്നൊരു കൊഞ്ചോണം എന്നാണ് ഓണക്കണക്ക്. ഒന്നിനുമൊരു കുറവുമില്ലാതെ എല്ലാ ദിനങ്ങളും പൊടിപൂരമാക്കാൻ ഓണം ഫെയറുകൾ സജ്ജമാക്കിയിരുന്നത് മറുനാടൻ സംരംഭകരുടെ സഹകരണത്തോടു കൂടിയായിരുന്നു.





**മണ്ണെണ്ണ വിളക്കുകൾ, വിവിധതരം കത്തികൾ, അരിവാൾ, മൺവെട്ടി, കൂന്താലി, തൂമ്പ എന്നീ ഇരുമ്പുല്പന്നങ്ങളും മൺചെരാതുകൾ, ചട്ടി, കലം മുതൽ തൃക്കാക്കരയപ്പൻ വരെയുള്ള കളിമണ്ണുല്പന്നങ്ങളും, ചെറു വിഗ്രഹങ്ങൾ, പാത്രങ്ങൾ, പൂജാവസ്തുക്കൾ തുടങ്ങിയ ഓടുല്പന്നങ്ങളും നാട്ടുവഴികളിലൂടെ കാളവണ്ടികളിലും ഉന്തുവണ്ടികളിലും തലച്ചുമടായും ഓണമെത്തുമ്പോൾ വീട്ടുപടിക്കലെത്തും.**

ഇന്ന് ഏറെ കൊട്ടിഘോഷിക്കുന്ന ഡോർ റ്റു ഡോർ സെയിൽസ്, മാർക്കറ്റിങ്ങ് അറ്റ് ഡോർസ്റ്റെപ്പ് എന്നിവ ഒരു പുത്തൻ കാര്യമായിരുന്നില്ല. വീട്ടകങ്ങളിലോ വീട്ടോരങ്ങളിലോ ഉള്ള പണിപ്പുര യെന്ന തനിനാടൻ പ്രൊഡക്ഷൻ സെന്ററുകളിൽ ഉപഭോക്താക്കൾക്ക് അവശ്യം വേണ്ടവയെല്ലാം ഉല്പാദിപ്പിയ്ക്കുന്ന ഗ്രാമീണ സംരംഭകന്റെ പ്രതീക്ഷകളെല്ലാം ഓണം തന്നെ. ചാണകം മെഴുകിയ തറയും മുളയും ഓലയും കൊണ്ടു തീർത്ത മേൽക്കൂരയും ചേർന്ന ലളിതമായ സംവിധാനത്തിൻ കീഴിൽ കുടുംബാംഗങ്ങളോ അയൽപക്കക്കാരോ ഒത്തുചേർന്ന് കർക്കിടകപ്പെരുമഴയിൽ നെയ്തു കൂട്ടുന്നത് സ്വപ്നങ്ങളും പ്രതീക്ഷകളും മാത്രമായി രുന്നില്ല. കുട്ട, വടി, മുറം, പനമ്പ്, തഴപ്പായ, പുൽപ്പായ, ചൂൽ, മാറാലച്ചൂൽ, ഉറി, തവി, കലംതാങ്ങി, തുടുപ്പ്, കുരണ്ടിപ്പലക, അരിവാർപ്പു പലക, കയറുല്പന്നങ്ങൾ തുടങ്ങിയ വൈവിധ്യമാർന്ന വസ്തുക്കളുമായിരുന്നു. ഇവ കൂടാതെ, മണ്ണെണ്ണ വിളക്കുകൾ, വിവിധതരം കത്തികൾ, അരിവാൾ, മൺവെട്ടി, കൂന്താലി, തൂമ്പ എന്നീ ഇരുമ്പുല്പന്നങ്ങളും മൺചെരാതുകൾ, ചട്ടി, കലം മുതൽ തൃക്കാക്കരയപ്പൻ വരെയുള്ള കളിമണ്ണുല്പന്നങ്ങളും, ചെറു വിഗ്രഹങ്ങൾ, പാത്രങ്ങൾ, പൂജാവസ്തുക്കൾ തുടങ്ങിയ ഓടുല്പന്നങ്ങളും നാട്ടുവഴികളിലൂടെ കാളവണ്ടികളിലും ഉന്തുവണ്ടി കളിലും തലച്ചുമടായും ഓണമെത്തുമ്പോൾ വീട്ടുപടി ക്കലെത്തും. ഉല്പന്നങ്ങൾ ഇഷ്ടപ്പെട്ടവർക്കു കൂടുതൽ വേണമെങ്കിൽ ഓണം ഫെയറിലോ, പ്രൊഡക്ഷൻ സെന്ററിലോ എത്താനുള്ള ക്ഷണവും ഈ മൊബൈൽ യൂണിറ്റുകൾ നൽകും. ഗ്രാമീണ നന്മയും നൈർമല്യവുമുള്ള ഈ ഉല്പന്നങ്ങളിൽ ഗുണമേന്മ യ്ക്ക് ഒരു വിട്ടുവീഴ്ചയുമുണ്ടാവില്ല. ഇവയുടെ ചോടുപിടിച്ച് അന്യസംസ്ഥാനക്കാർ സമാന രൂപമുള്ള ഉല്പന്നങ്ങൾ വിപണിയിൽ വില കുറച്ചു വില്പന യ്ക്കെത്തിക്കാൻ ശ്രമിച്ചപ്പോഴും അവർക്കു പിന്നാലെ ഒരു ഭാഗം ഉപഭോക്താക്കൾ പോയപ്പോഴും പ്രതിഷേധിയ്ക്കാനോ പ്രതികരിയ്ക്കാനോ പോകാതെ ഗുണമേന്മ നിലനിർത്തി മുമ്പോട്ടു പോയതു മൂലമാണ് ഇന്നും പ്രാദേശിക നാമങ്ങളോടു കൂടിയ പല നാടൻ ഉല്പന്നങ്ങളും നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും കേരളക്കരയിൽ സാഭിമാനം ശിരസ്സുയർത്തി നിൽക്കു ന്നത്. ഈ ഓണത്തിനൊന്നു വാങ്ങിയാൽ അടുത്ത അഞ്ചോണം വരെ ഇത്തരമൊന്നു വാങ്ങേണ്ടി വരില്ലെന്ന വാക്കാലുള്ള ഗ്യാരണ്ടിയാണ് അത്തരം ഉല്പന്നങ്ങളുടെ യശസ്സുയർത്തിയത്. ഉരിയ കൊടുത്ത് ഊപ്പ വാങ്ങല്ലേ നാഴി കൊടുത്തു നെയ്മീൻ വാങ്ങൂ എന്നൊരു ചൊല്ലുണ്ട്. ഉരിയയും നാഴിയും നമ്മുടെ പഴയകാല അളവുകളാണ്. ഊപ്പ എന്നാൽ ഗുണവും വലുപ്പവും കുറഞ്ഞ ചെറുമീനുകളും. നാഴിയെക്കാൾ ചെറിയ അളവാണ് ഉരിയ. അല്പം വില കൂടിയാലും നല്ല ഉല്പന്നങ്ങൾ വാങ്ങി ഉപയോഗിയ്ക്കാനുള്ള ആഹ്വാനമാണ് ഈ ചൊല്ലിലുള്ളത്. എന്നും പ്രസക്തമാണ് ഈ ചൊല്ലുകൾ. പ്രൊഡക്റ്റിവിറ്റി ബോണസ്സും, ഫെസ്റ്റിവൽ അലവൻസും, ഓണം അഡ്വാൻസുമൊക്കെ നിറച്ച പേഴ്സുകളുമായി വിപണിയിലെത്തുന്നവർ നമ്മുടെ നാടിന്റെ തനതു പാരമ്പര്യമുള്ള ഉല്പന്നങ്ങൾക്കാവട്ടെ ആദ്യം പരിഗണന നൽകുക. മലയാളക്കരയിലെ സംരംഭകർ ക്കാവട്ടെ ആദ്യ സല്യൂട്ട്. ■

രവീന്ദ്രനാഥൻ നായർ. ഇ. കെ



# ആശയഗംഭീരർക്ക് ആശ്വാസ സംഘങ്ങൾ

അഭ്യസ്ത വിദ്യരും ആശയ സമ്പന്നരുമായ യുവതലമുറയ്ക്ക് വ്യവസായ സംരംഭങ്ങളിലൂടെ മുന്നേറുവാൻ കരുത്തും കരുതലുമായി സംസ്ഥാന സർക്കാരും സഹകരണ വകുപ്പുമെത്തുന്നു. കൂടുതൽ തൊഴിലവസരങ്ങൾ ഒരുക്കാനും വ്യവസായ ലോകത്ത് പുതിയ കാൽവെയ്പുകൾ നടത്താനും സംസ്ഥാനത്ത് 25 സ്റ്റാർട്ടപ്പ് സഹകരണ സംഘങ്ങൾ രൂപീകരിയ്ക്കുവാനാണ് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ പദ്ധതികൾ ആവിഷ്കരിച്ചിരിയ്ക്കുന്നത്. ഇതിനായുള്ള പൊതു നിയമാവലി തയ്യാറായിക്കഴിഞ്ഞു. സാമ്പത്തിക ഭദ്രതയുടെ പേരിൽ ബുദ്ധിമുട്ടുന്ന യുവ സംരംഭകർക്ക് ഏറെ പ്രതീക്ഷ നൽകുന്ന ഒന്നാണ് പുതിയ സ്റ്റാർട്ടപ്പ് സഹകരണ സംഘങ്ങൾ.

ഏറ്റവും ചുരുങ്ങിയത് ഒന്നേമുക്കാൽ കോടി രൂപയാവും ഓരോ സംഘത്തിന്റെയും മൂലധനം. ഓഹരി മൂലധനത്തിന്റെയും കരുതൽ ധനത്തിന്റെയും 150 ഇരട്ടിവരെ സംഘങ്ങൾക്ക് വായ്പയെടുക്കാൻ അർഹത നൽകുംവിധമാണ് പൊതുനിയമാവലി തയ്യാറാക്കിയിരിയ്ക്കുന്നത്. ഓരോ സ്റ്റാർട്ടപ്പിന്റെയും സ്വഭാവമനുസരിച്ചാവും വായ്പയുടെ തോത് നിശ്ചയിക്കപ്പെടുക. സംസ്ഥാന വ്യവസായ വകുപ്പ് സംരംഭകത്വ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള എല്ലാ പദ്ധതികളുടെയും ആനുകൂല്യങ്ങൾ സംഘാംഗങ്ങൾ പ്രയോജനപ്പെടുത്തണം. പലവാതിൽ മുട്ടി അനുമതിയ്ക്കായി കാത്തുകെട്ടി നിൽക്കേണ്ട പഴയ അനുഭവങ്ങളെല്ലാം സംസ്ഥാന വ്യവസായ വകുപ്പിന്റെ ഏകജാലക സംവിധാനം വന്നതോടെ വിസ്മൃതിയിലായി. അർഹതയ്ക്ക് അംഗീകാരം എന്ന നിലയിൽ എല്ലാ സേവനങ്ങളും ഒരു കുടക്കീഴിലൊരുക്കി

യിരിക്കുകയാണ്. വ്യവസായ വകുപ്പ്. ഇവയെല്ലാം തന്നെ സ്റ്റാർട്ടപ്പ് സംഘങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക തന്നെ വേണം.

ഓഹരിയായി അംഗങ്ങളിൽ നിന്നു സമാഹരിക്കുന്ന തുക, എ ക്ലാസ്സ് അംഗങ്ങളുടെ സ്ഥിര നിക്ഷേപം, കേരള ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, പ്രവേശന ഫീസ്, കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിയ്ക്കുന്ന ഗ്രാന്റ്, സബ്സിഡി മുതലായവയാണ് സ്റ്റാർട്ടപ്പ് സംഘങ്ങളുടെ ഫണ്ട്.

ഐ. ടി, കൃഷി, ഉല്പാദനം, സർവ്വീസ് തുടങ്ങിയ ഏതു മേഖലകളിൽ നിന്നും സംഘാംഗങ്ങൾക്ക് ക്രിയാത്മകമായ ആശയങ്ങൾ വികസിപ്പിയ്ക്കാം. പുതിയ പുതിയ സോഫ്റ്റ്‌വെയറുകൾ, ഡിജിറ്റൽ ടെക്നോളജി ഇവയൊക്കെ ഐ. ടി യിലെ പുതിയ ആശയങ്ങളായി മാറാം. കാർഷിക മേഖലയിലെ ഉല്പന്നങ്ങളും ഉപോല്പന്നങ്ങളും വികസിപ്പിച്ച് വ്യത്യസ്ത രീതിയിൽ ഉപഭോക്താക്കളെ ആകർഷിയ്ക്കാൻ സംരംഭകർക്കു കഴിയും. പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ പുതിയ സേവന മേഖലകൾ സംരംഭകർക്ക് വികസിപ്പിച്ചെടുക്കാം. ആരോഗ്യ, സൗന്ദര്യ സംവർദ്ധകങ്ങൾ നിലവിലെ വിപണിയിലെ ഉല്പങ്ങളിൽ നിന്നും വ്യത്യസ്തമായവ പ്രചാരണ മാധ്യമങ്ങളുടെ പിൻബലത്തോടെ അവതരിപ്പിയ്ക്കാം. ക്രിയാത്മകമായ ആശയങ്ങളിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിയ്ക്കാൻ സംഘങ്ങൾക്കു കഴിയണം. ഒരെണ്ണം പോലും വെറും കടലാസ്സ് സംഘങ്ങളാവാൻ പാടില്ല.

**നിറയെ ആളുകളുള്ള ഒരു ബസ് ഒരിടത്തുനിന്നും അതിന്റെ ലക്ഷ്യസ്ഥാനത്തേക്ക് എത്തിക്കുന്ന ഒരു ഡ്രൈവറെ ഒന്നു സങ്കൽപ്പിച്ചു നോക്കൂ. സംഗതി നിസ്സാരമാണ്. എന്നാൽ അയാളുടെ കയ്യും കാലും കണ്ണും ചെവിയും മനസ്സും ഒരേ പോലെ ഒരേ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിച്ചാലല്ലേ സുരക്ഷിതമായി ലക്ഷ്യസ്ഥാനത്തെത്താൻ കഴിയൂ.**

സംഘങ്ങളെ സംബന്ധിച്ചിടത്തോളം വ്യക്തമായ ഉദ്ദേശലക്ഷ്യങ്ങൾ, പ്രവർത്തനമേഖല, അംഗങ്ങളുടെ വിദ്യാഭ്യാസപരവും, തൊഴിൽ പരവുമായ യോഗ്യതകൾ, പദ്ധതിയ്ക്കു വേണ്ടിവരുന്ന ചെലവ്, ആയതിലേക്കുള്ള ആവശ്യകതകൾ, ലഭ്യമായ വിഭവങ്ങൾ, വിവിധ വകുപ്പുകളിൽ നിന്നും വേണ്ട സഹായങ്ങൾ, ഉല്പാദനം തുടങ്ങാൻ വേണ്ട കാലയളവ് വിപണന രീതി, വിപണനതന്ത്രം, പ്രതീക്ഷിത ലാഭം, വായ്പയുടെ വ്യാപ്തി, തിരിച്ചടവു രീതി, ജീവനക്കാരുടെ വിശദാംശങ്ങൾ തുടങ്ങിയവ എല്ലാം തന്നെ സമഗ്രമായി പ്രതിപാദിയ്ക്കുന്ന പ്രോജക്റ്റ്



റിപ്പോർട്ട് ഓരോ സംഘത്തിനും വേണ്ടിവരും. ഇതിൽ പ്രതിപാദിയ്ക്കുന്ന ഓരോ വസ്തുതയ്ക്കും ഉപോദ്ബല കമായ അനുബന്ധരേഖകളും റിപ്പോർട്ടിനൊപ്പം വേണം.

നിലവിൽ സഹകരണ വകുപ്പ് തയ്യാറാക്കിയ പൊതു നിയമാവലിയിൽ ഓരോ സംഘത്തിന്റെയും സ്വഭാവ സവിശേഷത അനുസരിച്ച് മാറ്റങ്ങൾ വരാം. ഉദാഹരണത്തിന് ഐ. ടി സംഘങ്ങളുടെ പ്രവർത്തനം പോലെയാവില്ല അഗ്രി പ്രോഡക്റ്റ് സംഘങ്ങളുടേത്. പ്രോജക്റ്റ് റിപ്പോർട്ടും, നിയമാവലിയും ഒരു വിദഗ്ദ്ധ സമിതി പരിശോധിച്ച ശേഷം സംഘാംഗങ്ങളെ വ്യക്തിഗതമായും ഗ്രൂപ്പായും ഇന്റർവ്യൂ നടത്തും. ഇവയിൽ തൃപ്തികരമോ അതിലുപരിയോ റാങ്കു നേടിയാൽ മാത്രമേ സ്റ്റാർട്ടപ്പ് സംഘങ്ങൾക്കു സ്റ്റാർട്ട് ഓർഡർ നൽകൂ.

ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവർക്കു അതതു മേഖലയിലെ വിദഗ്ദ്ധർ നയിക്കുന്ന സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാമിലേക്കാണ് ആദ്യം വിടുന്നത്. പ്രൊഡക്ഷൻ, മാർക്കറ്റിങ്ങ്, അക്കൗണ്ടിങ്ങ് തുടങ്ങി വിവിധ മേഖലകളിലാവും ഇവർക്കു തീവ്ര പരിശീലനം നൽകുക. സംഘാംഗങ്ങളുടെ പ്രായപരിധി 18 നും 45 നും മധ്യേ ആയിരിക്കും. കൂടുതൽ പേർ മുന്നോട്ടു വരുന്ന മേഖലയിലാവും ആദ്യം സംഘങ്ങൾ രൂപീകരിയ്ക്കുന്നത്. സംഘാംഗങ്ങൾ തന്നെ തൊഴിലാളിയും മുതലാളിയുമായിരിയ്ക്കുന്ന സാഹചര്യമാണിവിടെ. സഹകരണ ആഡിറ്റിങ്ങിനു വിധേയമായിട്ടാവും ഇവയുടെ പ്രവർത്തനങ്ങൾ.

നവസംരംഭകർക്ക് പ്രാമുഖ്യം നൽകുംവിധമാണ് സംഘങ്ങളുടെ ഭരണസമിതികൾ രൂപീകരിയ്ക്കുന്നത്. 'എ' ക്ലാസ്സ്, 'ബി' ക്ലാസ്സ് എന്നിങ്ങനെയാണ് അംഗത്വം നൽകുന്നത്. യഥാർത്ഥ സംരംഭകർക്കു മാത്രമാവും എ ക്ലാസ്സ് അംഗത്വം. സർക്കാരിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ബി ക്ലാസ്സ് അംഗത്വമെടുക്കാം. ആകെയുള്ള 175 ലക്ഷം രൂപയുടെ മൂലധനത്തിൽ 150



ലക്ഷം രൂപ സംരംഭകരാണു കണ്ടെത്തേണ്ടത്. ഇതിലേയ്ക്ക് ധനകാര്യ സ്ഥാപനങ്ങൾ രംഗത്തെത്തും. ബാക്കിയാണ് ബി ക്ലാസ്സ് വിഹിതം. മൂലധനം മുൻവർഷത്തേയ്ക്ക് പിൻവലിക്കാൻ സാധ്യമല്ല. ഓഹരിത്തുക എത്ര കൂടുതലാണെങ്കിലും ഒരാൾക്ക് ഒരു വോട്ട് എന്നതാവും കണക്ക്. അതായത് സംഘത്തിന്റെ എത്ര ഓഹരി വേണമെങ്കിലും നിയമാവലി അനുസരിച്ച് അംഗങ്ങൾക്കു സ്വന്തമാക്കാം. പക്ഷെ സംഘം ഭരണസമിതി തെരഞ്ഞെടുപ്പിൽ ഒരു ഓഹരിയുടമയ്ക്ക് ഒരു വോട്ട് എന്നതാവും കണക്ക്. ഭരണസമിതിയിൽ ബി ക്ലാസ് അംഗങ്ങൾക്കും പ്രതിനിധികൾ ഉണ്ടാവില്ല.

ഒമ്പതു പേരടങ്ങുന്നതാവും ഭരണസമിതി. ഇതിൽ മൂന്നു പേർ വനിതകളും ഒരാൾ പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട ആളും ആകണം. പിന്നീടുള്ള അഞ്ചുപേർ ജനറൽ കാറ്റഗറിയിൽപ്പെടുമെങ്കിലും ഇതിലും അർഹതയുള്ള പട്ടികജാതിക്കാർക്കോ വനിതകൾക്കോ തെരഞ്ഞെടുക്കപ്പെടാം. അഞ്ചു വർഷമാണ് ഭരണസമിതിയുടെ കാലാവധി. ഓരോ സംഘാംഗവും അവരുടെ വാസസ്ഥലം ഉൾക്കൊള്ളുന്ന സംഘത്തിന്റെ പ്രവർത്തന മേഖലയിൽ നിന്നാവും തെരഞ്ഞെടുക്കപ്പെടുക. ഇവർ അവിടെ നിന്നു താമസം മാറിയാൽ അംഗത്വം നഷ്ടമാകും. സെക്രട്ടറി, മറ്റു ജീവനക്കാർ ഇവർക്ക് ഇതു ബാധകമല്ല. ഇവരെ സഹകരണ വകുപ്പിന്റെ മാനദണ്ഡങ്ങൾ പാലിച്ചു വേണം നിയമിയ്ക്കാൻ.

നിയമാവലി പ്രകാരമുള്ള എല്ലാ രേഖകളും സംഘത്തിനുണ്ടാവണം. അംഗത്വ രജിസ്റ്റർ, ഓഹരി

**ഇന്നിപ്പോൾ ഏറ്റവുമധികം കോഴിയിറച്ചി വിറ്റഴിയുന്ന ദക്ഷിണേന്ത്യൻ സംസ്ഥാനം കേരളമാണ്. പ്രതിവർഷം ഏഴായിരം കോടിയിലധികം രൂപയുടെ ഇറച്ചിക്കോഴികൾ ഇവിടെ വിറ്റഴിയുന്നു. ഇതിലധി കവും തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് എന്നിവിടങ്ങ ളിൽ നിന്നുമാണ് എത്തുന്നത്.**



രജിസ്റ്റർ, മിനുട്ട്സ് ബുക്ക്, ഡേ ബുക്ക്, ലഡ്ജർ, പർച്ചേസ്, സെയിൽസ്, പെയ്മെന്റ്, സ്റ്റോക്ക്, പ്രൊഡക്ഷൻ, ഡിസ്ട്രിബ്യൂഷൻ, അക്വിറ്റൻസ് തുടങ്ങിയ രജിസ്റ്ററുകൾ നിർബന്ധമായും ഉണ്ടാവണം. പ്രതിമാസ ആർ & സി, പ്രതിവർഷക്കണക്കു പട്ടിക, ബാലൻസ് ഷീറ്റ്, ബജറ്റ് ഇവ സംഘത്തിനുണ്ടാവണം. വ്യവസായ വകുപ്പിൽ നിന്നും മറ്റുമുള്ള ധനസഹായങ്ങൾക്ക് പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കണം.

സംഘത്തിന്റെ ഭരണ സമിതി യോഗം നിയമാവലി പ്രകാരം ചേരണം. വാർഷിക പൊതുയോഗവും കൃത്യമായി ചേരേണ്ടതാണ്. ഭരണസമിതി യോഗങ്ങളിൽ ക്വാറം വളരെ നിർബന്ധമാണ്. നയപരമായ തീരുമാനങ്ങൾ ബൈലാ, ഭേദഗതി ഇവയിൽ അവസാന വാക്ക് പൊതുയോഗത്തിന്റേതാണ്. ഇവിടെയും ക്വാറം ഒരു മുഖ്യവിഷയമാണ്. കൃത്യമായി നോട്ടീസ് നൽകിവേണം യോഗങ്ങൾ ചേരാൻ.

ഇനി സംഘത്തിന്റെ വരുമാനത്തിലേക്കു കടക്കാം. ആകെ ആദായത്തിൽ നിന്ന് സകല ചെലവുകളും കിഴിച്ചുള്ളതാണ് അറ്റാദായം. ഇതിൽ 25 ശതമാനം വരെ ലാഭവിഹിതമായി എടുക്കാം. കരുതൽധനമായി 15 ശതമാനം മാറ്റിവെയ്ക്കണം. സഹകരണ വിദ്യാഭ്യാസ ഫണ്ട്, പ്രൊഫഷണൽ എജ്യൂക്കേഷൻ ഫണ്ട് എന്നിവയ്ക്കായി 5 ശതമാനം വീതം തുക മാറ്റിവെയ്ക്കണം. ഇതിനു പുറമേയാണ് അംഗങ്ങളുടെ സമാശ്വാസഫണ്ടായി പത്തു ശതമാനം നീക്കേണ്ടതത്. സംഘങ്ങളുടെ ലാഭം വർദ്ധിയ്ക്കുന്നതനുസരിച്ച് ഈ തുകകളിലും വ്യത്യാസമുണ്ടാവും. വ്യവസായ വികസനം സംരംഭക പ്രോത്സാഹനം എന്നിവയ്ക്ക് ഊർജ്ജം പകരുന്നതാവും നിർദ്ദിഷ്ട സ്റ്റാർട്ടപ്പ് സഹകരണ സംഘങ്ങൾ. ■




ഡോ. ഡി.ഷൈൻകുമാർ
dr.dshinekumar@gmai.com



# പുത്തൻ പൂച്ചകൾ പൊന്നുരുക്കും

വന്നു; കണ്ടു; കീഴടക്കി എന്ന് പറയുന്നതുപോലെയാണ് പൂച്ചക്കാര്യങ്ങളുടെ പോക്ക്. പണ്ടേപോലെ പാല് കട്ടുകുടിയ്ക്കുന്ന പൂച്ചകളല്ല. വില കേട്ടാൽ കലമുടഞ്ഞുപോകുന്ന അലങ്കാരപൂച്ചകളാണ് ഇപ്പോൾ അരുമവിപണിയിൽ ഹരമാകുന്നത്. തുളുമ്പുന്ന ഉരുണ്ട കണ്ണുകളും പതിഞ്ഞ മഞ്ചാടിമൂക്കും രോമപ്പട്ട് മേനിയും കൊമ്പൻ മീശകളും പീലികുത്തിയ വാലും നിറലാവണ്യവുമൊക്കെ ചേരുമ്പോൾ പൂച്ചകൾ ഗന്ധർവ്വരും അപ്സരസ്സുകളുമാകും.

നീളൻരോമങ്ങളുള്ള പരമ്പരാഗത പൂച്ചകളെയും ഉയർന്ന രക്തപാരമ്പര്യമുള്ള പീക്ക് ബ്ലഡ് ലൈൻ പൂച്ചകളെയും യുക്തിസഹമായി ഇണചേർത്തുണ്ടായവയാണ് ഇന്നത്തെ അലങ്കാര പൂച്ചകൾ. ഇറാൻകാരാണ് വികസിപ്പിച്ചതെന്നതുകൊണ്ട് പേർഷ്യൻ പൂച്ചകൾ എന്നറിയപ്പെടുന്നു. സൗമ്യരായ പേർഷ്യൻ പൂച്ചകളും വിദേശ കുറും രോമക്കാരും (Exotic short hair) വരയും പുള്ളികളുമുള്ള പുലിസമൻമാരായ ബംഗാൾ പൂച്ചകളും (Bengal cat) സൃഷ്ടിക്കുന്ന ഇന്നത്തെ ലോകം അഭിജാതസൗന്ദര്യമുള്ളതാണ്.

അതീന്ദ്രിയജ്ഞാനം, രാത്രി കാഴ്ച, സ്വന്തം ഉയരത്തിന്റെ ഏഴ് മടങ്ങ് ചാടാനുള്ള കഴിവ്, വികാരങ്ങൾ വ്യക്തമാക്കുന്ന മീശകൾ, വീടിനോടുള്ള സ്നേഹം എന്നിവ പൂച്ചപ്രേമം കൂടാൻ കാരണങ്ങളായിട്ടുണ്ട്. പുറത്ത് തലോടുമ്പോൾ ഇണക്കത്തിന്റെ ശ്രുതിതരംഗങ്ങൾ സൃഷ്ടിക്കപ്പെടുന്നു എന്നതിനാൽ മാനസിക പിരിമുറുക്കം അനുഭവിക്കുന്നവരുടെ ചികിത്സയ്ക്കായി വരെ പൂച്ചകളെ ഉപയോഗിക്കുന്നുണ്ട്.

അഞ്ചക്ക സംഖ്യകളിലാണ് പൂച്ചക്കുട്ടികളുടെ വില തുടങ്ങുന്നത്. വർഷത്തിൽ രണ്ട് പ്രാവശ്യം പ്രകടമായ മദിലക്ഷണങ്ങൾ കാണിക്കുന്ന പൂച്ചകൾ ഏഴാം മാസം തന്നെ പ്രജനന സജ്ജരാകും. എങ്കിലും മൂന്നര കിലോയിൽ കൂടുതൽ ഭാരമെത്തുന്ന ഒന്നാം വയസ്സിലാണ്

തക്കസമയം. രുചിയില്ലെങ്കിൽ എത്ര നല്ല ആഹാരമായാലും അലങ്കാര പൂച്ചകൾ കഴിക്കില്ല. പുഴുങ്ങിയ മുട്ട, ബീഫ്, ചെറുമീൻ, ഉരുളക്കിഴങ്ങ്, ക്യാരറ്റ്, ഗ്രീൻപീസ്, മത്തൻ എന്നിവ ചേർന്ന ഭക്ഷണമാണ് പൊതുവെ ഇഷ്ടം. രുചിയും മണവും ഏറാൻ ക്രീമി ട്രീറ്റ്സ് എന്ന ഫ്ളേവർ മിശ്രിതവും ചേർത്താൽ നന്ന്. ഗർഭാവസ്ഥയുടെ ആദ്യപകുതി മുതൽ (30 ദിവസം) ധാതുലവണ മിശ്രിതം, കാത്സ്യം എന്നിവ ഉൾപ്പെടുത്തണം. പ്രസവത്തിനായി പ്രത്യേകം പേപ്പർ വിരിച്ച് ലിറ്ററിംഗ് ബോക്സ് തയ്യാറാക്കണം. അഞ്ച് മുതൽ പത്ത് വരെ കുഞ്ഞുങ്ങളുണ്ട് അലങ്കാര പൂച്ചകൾക്ക്. പ്രസവശേഷം ലിറ്ററിംഗ് ബോക്സ് മാറ്റി പുതിയത് വയ്ക്കണം.

മേനി വർണ്ണത്തിലെ ചേരുവകളിലാണ് അലങ്കാര പൂച്ചകളുടെ വിവിധ മാതൃകകൾ സൃഷ്ടിക്കപ്പെടുന്നത്. കാലിക്കോ (Calico) മിക്കവാറും ത്രിവർണ്ണക്കാരാണ്. സ്വർണ്ണവും കറുപ്പും വെള്ളയുമൊക്കെ ചേരും. തലയിലും വാലിലും ഒരേനിറം വരുന്നവരെ വാൻ (Van) എന്നാണ് അറിയപ്പെടുക. ടോർടോയിസ് ഷെൽ (Tortoise Shell) ആകട്ടെ കറുപ്പും തവിട്ടും മഞ്ഞയുമൊക്കെ ചേർന്ന ആമനിറക്കാരാണ്. കാലിക്കോയും, ടോർടോയിസ് ഷെല്ലും പെൺപൂച്ചകളുടെ കുത്തക നിറങ്ങളാണ്. തവിട്ട് വരയൻ നിറങ്ങളാകട്ടെ ടാബി (Tabby) എന്ന മാതൃകയാണ്. ഉയർന്ന രോഗപ്രതിരോധമുള്ളവരാണിവർ. അല്പം വന്യതയുള്ള ബംഗാൾ പൂച്ചകളിൽ മാർബിൾ ആണ് അടിസ്ഥാന നിറം. കുത്തുവീഴുന്ന സ്പോട്ടഡും (Spotted), തവിട്ട് മേനിയിൽ വീഴുന്ന പുള്ളികളുടെ കേന്ദ്രഭാഗം നേർത്ത നിറമാകുന്ന റോസറ്റും (Rosset) കറുപ്പും വെള്ളയും വരകൾ വീഴുന്ന സിൽവർ ചാർക്കോളും (Silver Charcoal) അസ്സൽ പുള്ളിപ്പുലി സമാനമായ ക്ലൗഡഡും (Clouded) പ്രസിദ്ധരാണ്. നീലക്കണ്ണുകളിൽ ചുവന്ന ലെൻസുള്ളവരാണ് ഹിമാലയൻ (Himalayan) പൂച്ചകൾ. കറുപ്പോ പച്ചയോ നീലക്കണ്ണുകളെ വലയം ചെയ്യുമ്പോൾ അവർ ചിഞ്ചില(Chinchilla) യായി. എന്നാൽ വെള്ളപ്പൂച്ചകളിൽ നീലക്കണ്ണുള്ളവർ മിക്ക

**മേനി വർണ്ണത്തിലെ ചേരുവകളിലാണ് അലങ്കാര പൂച്ചകളുടെ വിവിധ മാതൃകകൾ സൃഷ്ടിക്കപ്പെടുന്നത്. കാലിക്കോ (Calico) മിക്കവാറും ത്രിവർണ്ണക്കാരാണ്. സ്വർണ്ണവും കറുപ്പും വെള്ളയുമൊക്കെ ചേരും. തലയിലും വാലിലും ഒരേനിറം വരുന്നവരെ വാൻ (Van) എന്നാണ് അറിയപ്പെടുക.**



**വാൻ**



**ടോർടോയിസ് ഷെൽ**



**ടാബി**



സ്പോട്ടഡ്



ഹിമാലയൻ



ചിഞ്ചില

**പൂച്ചയ്ക്ക് ഒരു വീട് വേണം. എന്നാൽ വീട് മുഴുവൻ പൂച്ചകളായാലോ. അതാണ് കൊല്ലത്തെ നാന്തിരിക്കൽ സുരേഷ് ഭവനം. ഒന്നും രണ്ടുമല്ല നൂറോളം പൂച്ചകൾക്കായാണ് സുരേഷ് സ്വന്തം വീട് വിട്ടുനൽകിയിരിക്കുന്നത്.**

വാറും ബധിരരാണ്.

ദി ഇന്റർനാഷണൽ ക്യാറ്റ് അസ്സോസിയേഷൻ (TICA) ക്യാറ്റ് ഫാൻസിയേഴ്സ് അസ്സോസിയേഷൻ (CFA) എന്നീ അന്താരാഷ്ട്ര സംഘടനകളുടെ സാക്ഷ്യപത്രങ്ങളുള്ള അലങ്കാര പൂച്ചകൾ അക്ഷരാർത്ഥത്തിൽ സ്വർണ്ണമാണ്. രണ്ട് പതിറ്റാണ്ട് കാലം ജീവിക്കുന്ന പൂച്ചകളെ ഇപ്പോഴേ മണികെട്ടാം. 'മണി' കെട്ടുകണക്കിനുണ്ടാക്കാം.

## പൂച്ചവീട്; സുരേഷിന്റേയും

പൂച്ചയ്ക്ക് ഒരു വീട് വേണം. എന്നാൽ വീട് മുഴുവൻ പൂച്ചകളായാലോ. അതാണ് കൊല്ലത്തെ നാന്തിരിക്കൽ സുരേഷ് ഭവനം. ഒന്നും രണ്ടുമല്ല നൂറോളം പൂച്ചകൾക്കായാണ് സുരേഷ് സ്വന്തം വീട് വിട്ടുനൽകിയിരിക്കുന്നത്. ഒരു പതിറ്റാണ്ട് നീണ്ട അലങ്കാര പൂച്ചവളർത്തലാണ് സുരേഷിന്റ പ്രധാന ആദായം. അതുകൊണ്ട് തന്നെ പൂച്ചകൾക്കായി പകലന്തിയോളം ചിലവിടുന്നുണ്ട് സുരേഷിന്റെ കുടുംബം.

ദിനവും രോമം ചീകിമിനുക്കൽ, സാലിസിലിക്ക് ആസിഡ് ക്ലെൻസർ ഉപയോഗിച്ച് ചെവി വൃത്തിയാക്കൽ, നോർമൽ സലൈൻ ഉപയോഗിച്ച് കൺചാലുകൾ വൃത്തിയാക്കൽ, ക്ലംപിംഗ് എന്ന ക്യാറ്റ് ലിറ്റർ വിരിച്ച് ശുചിപ്പെട്ടി ഒരുക്കൽ, ബ്രോങ്കോ ഡൈലേറ്റർ ഉപയോഗിച്ചുള്ള നെബുലൈസേഷൻ, ആഴ്ചതോറുമുള്ള ഷാംപു വാഷ് എന്നിങ്ങനെ പൂച്ചകളുടെ സാമ്രാജ്യത്തിലെ എല്ലാ പ്രവൃത്തികളും സുരേഷ് ഭവനിലുണ്ട്. പുതുതായി റഷ്യയിൽ നിന്ന് വന്ന ഡൊമിനോ ആണ് ഇപ്പോൾ സുരേഷ് ഭവനിലെ താരം. ബ്ലാക്ക് ആന്റ് വൈറ്റ് വാൻ ഇനത്തിലാണ് അവൻ പെടുക.

'പരിപാലനം, ക്രിയാത്മകത, കുഞ്ഞുങ്ങളോടുള്ള സ്നേഹം, യജമാന സ്നേഹം, ആരോഗ്യം എന്നിവയാണ് പൂച്ചകളുടെ വില നിർണ്ണയിക്കുന്നത്. ഇപ്പോൾ നല്ല വിപണനമുണ്ട്' സുരേഷ് പറഞ്ഞു. പാൽ കുടിക്കുമ്പോൾ കണ്ണടയ്ക്കുന്നവരെങ്കിലും സുരേഷിനായി വരുമാനം നൽകുവാൻ പൂച്ചകളെപ്പോഴും കണ്ണ് തുറന്നിരിക്കുന്നുണ്ട്. ■

സുരേഷ്
ഫോ : 70120 03057



ലോറൻസ് മാത്യു ■ ടെക്നോട്രെന്റ്

# സംരംഭകത്വം വളർത്താൻ ഫാബ് ലാബുകൾ

FAB LAB

ആഗോള വ്യാപകമായി സംരംഭകത്വത്തിന് പ്രാധാന്യം വർദ്ധിച്ച് വരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വ്യത്യസ്തമായ ഉല്പ്പന്നങ്ങളും സേവനങ്ങളും മുമ്പെങ്ങുമില്ലാത്ത വിധം ലോകത്തിന് മുമ്പിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്, മറ്റൊരു ജോലിയും കിട്ടാത്തവരുടെ അവസാന അത്താണിയെന്ന നിലയിൽ നിന്നും സ്വയം സംരംഭകത്വം എന്നത് ഏറെ ദൂരം മുമ്പോട്ട് പോയിരിക്കുന്നു. ഈ വളർച്ചക്ക് ആക്കം കൂട്ടിയയൊന്നാണ് ലോക വ്യാവകമായി പടർന്ന് കിടക്കുന്ന ഫാബ് ലാബുകൾ.

## എന്താണ് ഫാബ് ലാബുകൾ

ഫാബ്രിക്കേഷൻ ലബോറട്ടറി എന്നതിന്റെ ചുരുക്കെഴുത്താണ് ഫാബ് ലാബുകൾ എന്നത്. ഇത് ഒരു ചെറിയ വർക്ക് ഷോപ്പ് ആണ്. വിവിധങ്ങളായ ഉൽപ്പന്നങ്ങളുടെ മോഡലുകൾ ഉണ്ടാക്കിയെടുക്കുന്നതിന് വേണ്ടി രൂപകൽപന ചെയ്തിരിക്കുന്നതായ വർക്ക് ഷോപ്പുകൾ ആണിവ. ഇതൊരു പേഴ്സണൽ ഡിജിറ്റൽ ലബോറട്ടറി ആണെന്ന് പറയാം. പ്രധാനമായും ഡിജിറ്റൽ ഫാബ്രിക്കേഷൻ ആണിവിടെ നടക്കുന്നത്. വലിയ വിലയുള്ള മെഷീനുകൾ ആർക്കും ചെറിയ വാടക നൽകി ഉപയോഗിക്കാവുന്ന സംവിധാനമെന്ന് വേണമെങ്കിൽ ലളിതമായി പറയാം. വലിയ പ്രതീക്ഷകളുമായി സംരഭക ലോകത്തേക്കിറങ്ങുന്ന യുവാക്കൾ നേരിടുന്ന പ്രതിസന്ധിയാണ് സാങ്കേതിക ഉപകരണങ്ങളുടെ വിലയും അവയുടെ ലഭ്യതയും. ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരമായി അവരുടെ ലക്ഷ്യങ്ങൾക്ക് നിറം പകരുന്ന വർക് ഷോപ്പുകളാണ് ഫാബ് ലാബുകൾ. യുവസംരംഭകർക്ക് വലിയ മുതൽമുടക്കില്ലാതെ തങ്ങളുടെ അത്യാധുനിക ഉത്പാദനരീതികൾ പരിചയപ്പെടുത്തുകയും ഉപയോഗിക്കാൻ അവസരം നൽകുകയും ചെയ്യുന്ന സംവിധാനമായി ഫാബ്രിക്കേഷൻ ലാബുകൾ (ഫാബ് ലാബ്) പ്രവർത്തിക്കുന്നു.

ഏതാണ്ട് എല്ലാം നിർമ്മിക്കൂ എന്നതാണു ഫാബ്



ലാബിന്റെ ആപ്തവാക്യം. 'സ്വയം നിർമ്മിക്കലിന്റെ)' (Do it yourself) ഭാഗമായി കമ്പ്യൂട്ടർ നിയന്ത്രിത ഹാർഡ്‌വെയർ ഉപകരണങ്ങളാണു ഇവിടെ ലഭ്യമാകുക. പ്രാദേശിക സംരംഭകത്വ വികസനത്തിനൊപ്പം ഓപൺ ഹാർഡ്‌വെയർ, ഫ്രീ ആന്റ് ഓപൺസോഴ്സ് സോഫ്റ്റ്‌വെയർ ആശയങ്ങളുമായി ചേർന്നുപോകത്തക്ക വിധമാണു ഫാബ്‌ലാബുകൾ പ്രവർത്തിക്കുക. നമുക്ക് ഏതെങ്കിലും ഉൽപ്പന്നങ്ങൾ പരീക്ഷണാർത്ഥത്തിൽ ഉണ്ടാക്കണമെങ്കിൽ ആയതിന് ഇവിടെ സൗകര്യമുണ്ട്. ഉദാഹണമായി നമുക്കൊരു

> **ഏതാണ്ട് എല്ലാം നിർമ്മിക്കൂ എന്നതാണു ഫാബ് ലാബിന്റെ ആപ്തവാക്യം. 'സ്വയം നിർമ്മിക്കലിന്റെ)' (Do it yourself) ഭാഗമായി കമ്പ്യൂട്ടർ നിയന്ത്രിത ഹാർഡ്‌വെയർ ഉപകരണങ്ങളാണു ഇവിടെ ലഭ്യമാകുക.**

പരീക്ഷണാർത്ഥത്തിൽ പുതിയ ഗിയർ സിസ്റ്റം ഉണ്ടാക്കണെന്നിരിക്കട്ടെ. ഇത് നിർമ്മിക്കുന്നത് കാസ്റ്റ് അയണിലാണ്. എന്നാൽ ഇത്തരത്തിൽ നിർമ്മിക്കുന്നത് ചിലവേറിയ ഒന്നാണ്. മാത്രവുമല്ല ഉണ്ടാക്കിയെടുക്കുന്ന ഉല്പ്പന്നം അതിനാവശ്യമായ സ്പെസിഫിക്കേഷനുകൾ എത്രമാത്രം ഉള്ളതാണ് എന്ന് അറിയണമെങ്കിൽ അവസാനം വരെ കാത്തിരിക്കേണ്ടതുണ്ട്. എന്നാൽ ഫാബ് ലാബുകളിൽ ഇതിന്റെ പ്രോട്ടോടൈപ്പുകൾ താരതമേന്യ കുറഞ്ഞ ചിലവിൽ തടിയിൽ ചെയ്തെടുക്കുവാൻ കഴിയും. തുടർന്ന് അതിനാവശ്യമായ സ്പെസിഫിക്കേഷനുകൾ ഉണ്ടോ എന്ന് നോക്കിയതിന് ശേഷം മാത്രം യഥാർത്ഥത്തിലുള്ളത് ഉണ്ടാക്കിയാൽ മതിയാകും. അതായത് നാം നിമ്മിക്കുവാനാഗ്രഹിക്കുന്നതായ ഉൽപന്നങ്ങളുടെ പ്രോട്ടോടൈപ്പ് കുറഞ്ഞ ചിലവിൽ ഇവിടെ ഉണ്ടാക്കിയെടുക്കുവാൻ കഴിയുമെന്നർത്ഥം. എല്ലാ ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടേയും ജീവനാഡിയായ പ്രിന്റഡ് സർക്യൂട്ട് ബോർഡുകൾ വളരെ കുറഞ്ഞ ചിലവിലും മിനിറ്റുകൾക്കുള്ളിലും ഇവിടെ നിർമ്മിക്കുവാൻ കഴിയും. ഇങ്ങനെയെള്ള നിരവധി കാര്യങ്ങൾക്കുപയോഗിക്കുവാൻ കഴിയുന്നതായ ഒരു ഡിജിറ്റൽ ലബോറട്ടറിയാണ് ഫാബ് ലാബുകൾ എന്നത്.

അർബുദം ബാധിച്ചതിനെത്തുടർന്നു നീക്കം ചെയ്ത കവിളെല്ല് ത്രീ ഡി പ്രിന്റിങ് സാങ്കേതികവിദ്യയുടെ നിർമ്മിച്ച് തിരുവനന്തപുരം അർസിസി അടുത്തെയിടെ വാർത്തകളിലിടം നേടി. കേരളത്തിൽ

ആദ്യമായാണു കൃത്രിമമായി അവയവം നിർമിക്കാൻ ത്രീ ഡി പ്രിന്റിങ് സാങ്കേതികവിദ്യ ഉപയോഗിക്കുന്നതെന്നതായിരുന്നു പ്രത്യേകത. സർക്കാരിന്റെ സ്റ്റാർട് അപ് മിഷന്റെ കീഴിലുള്ള തിരുവനന്തപുരത്തെ ഫാബ് ലാബിലാണ് ഈ കൃത്രിമ ശരീരഭാഗം നിർമ്മിച്ചത്. ലോകമെങ്ങും ഉറ്റുനോക്കുന്ന ഓർഗൻ പ്രിന്റിംഗ് ടെക്നോളജിയുടെ വലിയ സാധ്യതകൾ നമ്മുടെ നമ്മുടെ നാട്ടിലുമെത്തുകയാണ്. ഇത്തരം ആശയങ്ങൾ പ്രാവർത്തികമാക്കാൻ വേദിയൊരുക്കുകയാണ് ഫാബ് ലാബുകൾ.

ത്രിമാന നിർമ്മിതികൾ പൂർത്തിയാക്കുവാൻ സഹായിക്കുകയാണ് ഫാബ് ലാബുകൾ. ആശയങ്ങളുടെ പ്രോട്ടോ ടൈപ്പുകൾ നിർമ്മിക്കുന്നത് ശ്രമകരമായ ദൗത്യമാണ്. എന്നാൽ ഫാബ് ലാബുകളിലെ യന്ത്രങ്ങൾ ഇത് എളുപ്പമാക്കി മാറ്റുന്നു.

**നിരവധി യന്ത്രങ്ങളെക്കൊണ്ട് സമ്പുഷ്ടമാണ് ഓരോ ഫാബ് ലാബുകളും. ത്രി ഡി പ്രിന്റർ ആണ് പ്രധാനമായും ഇവിടെയുള്ളത്. കമ്പ്യൂട്ടറിൽ ഡിസൈൻ ചെയ്ത ഒരു വസ്തുവിന്റെ ത്രിമാന തലത്തിലുള്ള രൂപം പുനസൃഷ്ടിക്കുന്നതാണ് 3 ഡി പ്രിന്റിങ്ങ് എന്ന് പറയാം.**

## അൽപം ചരിത്രം

അമേരിക്കയിലെ പ്രശസ്തമായ മസാച്ചുസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ (MIT) മീഡിയ ആർട്സ് ആന്റ് സയൻസിലെ പ്രൊഫസറായ Neil Gershenfeld ആണ് ഈ ആശയത്തിന് പിറകിൽ. 2001 ലായിരുന്നു ആദ്യത്തെ ഫാബ് ലാബ് യാഥാർത്ഥ്യമായത്. MIT ക്ക് പുറത്ത് ആദ്യത്തെ ഫാബ് ലാബ് സ്ഥാപിക്കപ്പെട്ടത് പൂനയിലെ Vigyan ആശ്രമത്തിലാണ്. ഇന്ന് 100 നു മുകളിൽ രാജ്യങ്ങളിലായി 1750 നു മുകളിൽ ഫാബ് ലാബുകളുണ്ടെന്നാണ് കണക്ക്.

## പ്രധാന ഉപകരണങ്ങൾ

നിരവധി യന്ത്രങ്ങളെക്കൊണ്ട് സമ്പുഷ്ടമാണ് ഓരോ ഫാബ് ലാബുകളും. ത്രി ഡി പ്രിന്റർ ആണ് പ്രധാനമായും ഇവിടെയുള്ളത്. കമ്പ്യൂട്ടറിൽ ഡിസൈൻ ചെയ്ത ഒരു വസ്തുവിന്റെ ത്രിമാന തലത്തിലുള്ള രൂപം പുനസൃഷ്ടിക്കുന്നതാണ് 3 ഡി പ്രിന്റിങ്ങ് എന്ന് പറയാം. ഏതെങ്കിലും ഒരു കാഡ് സോഫ്റ്റ് വെയറുപ



**കമ്പ്യൂട്ടർ ന്യൂമറിക്കൽ കൺട്രോൾ (CNC) മെഷിനുകളാണ് മറ്റൊരു പ്രധാന മെഷിനുകൾ. കമ്പ്യൂട്ടറിൽ മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്ന പ്രോഗ്രാമുകൾക്ക് അനുസരിച്ച് പ്രവർത്തിക്കുന്നവയാണിവ.**



യോഗിച്ചോ 3 ഡി സ്കാനറിലൂടെ പകർത്തിപ്പെടുന്നതോ ആയ ത്രിമാന മോഡലിലോ ആണ് ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. 3 ഡി ഇമേജിനെ പ്രിന്ററിൽ ഉപയോഗിക്കുന്ന ഏതെങ്കിലും ഫയൽ ഫോർമാറ്റിൽ സേവ് ചെയ്യുകയെന്നതാണ് അടുത്ത ഘട്ടം. പ്രിന്റിങ്ങ് സൈസ്, ഓറിയന്റേഷൻ തുടങ്ങിയ സെറ്റപ്പുകളും പ്രിന്ററിൽ മെറ്റീരിയൽ നിറയ്ക്കുകയൊക്കെ ചെയ്യേണ്ടതുണ്ട്. നിർമ്മിക്കേണ്ട ഒബ്ജക്ടിന്റെ സൈസ്, മെറ്റീരിയൽ, പ്രിന്റർ ടൈപ്പ് തുടങ്ങിയവയൊക്കെ അനുസരിച്ച് ഏതാനും മണിക്കൂറുകൾ മുതൽ ദിവസങ്ങൾ വരെ നിർമ്മാണം നീളാറുണ്ട്. സാധാരണ 0.1 മില്ലി മീറ്റർ കനത്തിലാണ് ഓരോ ലയറും നിർമ്മിക്കപ്പെടുക. നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞാൽ ഒബ്ജക്ട് പ്രിന്ററിൽ നിന്നും നീക്കം ചെയ്ത് ചില പോസ്റ്റ് പ്രോസസിങ്ങ് ജോലികൾ കൂടി ചെയ്താൽ 3 ഡി പ്രിന്റിങ്ങ് പൂർത്തിയായി. വെർച്വൽ വേൾഡിൽ രൂപം കൊണ്ടയൊന്ന് റിയൽ വേൾഡിലേക്കെത്തിപ്പെടുകയായി. റാപ്പിഡ് പ്രോട്ടോ ടൈപ്പിങ്ങിനായി ഉപയോഗിക്കുന്നതാണ് ഇവിടുത്തെ 3 ഡി പ്രിന്ററുകൾ. UM2+, UM2+E, UM2go, Z-Unlimted,





Dremel 3D20, Structure3D Paste Extruder തുടങ്ങിയ 3 ഡി പ്രിന്ററുകൾ ഇവിടെ ഉപയോഗിക്കുന്നുണ്ട്.

കമ്പ്യൂട്ടർ ന്യൂമറിക്കൽ കൺട്രോൾ (CNC) മെഷിനുകളാണ് മറ്റൊരു പ്രധാന മെഷിനുകൾ. കമ്പ്യൂട്ടറിൽ മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്ന പ്രോഗ്രാമുകൾക്ക് അനുസരിച്ച് പ്രവർത്തിക്കുന്നവയാണിവ. മില്ലിങ്ങ് മെഷിനുകൾ, ലെയ്ത്തുകൾതുടങ്ങിയവയെല്ലാം CNC യിൽ പ്രവർത്തിപ്പിക്കുവാൻ കഴിയും. Computer-aided design (CAD), Computer-aided manufacturing (CAM) തുടങ്ങിയ സോഫ്റ്റ് വെയറുകളാണ് ഇവിടെ ഉപയോഗിക്കുന്നത്. സി എൻ സി റൗട്ടറുകളും ഡിജിറ്റൽ ഫാബ്രിക്കേഷനായി ഉപയോഗപ്പെടുത്തുന്നുണ്ട്.

Desktop Sewing machines 3-4, Rex Industrial Sewing maching, Juki Serger, T-shirt Heat Press and Iron, Hand Sewing, Plastic Bender, Felting tools, Vacuuformer Machine 12"x18" or 12"x12" തുടങ്ങിയവയെല്ലാം തന്നെ ഒട്ടു മിക്ക ഫാബ് ലാബുകളിലുമുണ്ടാകും. ഇത് കൂടാതെ വെൽഡിങ്ങിനും, സോൾഡറിങ്ങിനും, കാർപ്പെന്റർ ജോലിക്കുമുള്ള ഉപകരണങ്ങൾ എല്ലാം തന്നെ ഇവിടെയുണ്ട്.

ഇത് കൂടാതെ 2 ഡി, 3 ഡി ഡിസൈനുകൾക്കാവശ്യമായ എല്ലാ സോഫ്റ്റ് വെയറുകളും ഇവിടെ ഉപയോഗിക്കപ്പെടുന്നുണ്ട്. ഓഡിയോ, വീഡിയോ മികസിങ്ങിനാവശ്യമായ സോഫ്റ്റ് വെയറുകളും ഒപ്പം വിവിധങ്ങളായ സിമുലേഷൻ സോഫ്റ്റ് വെയറുകളും ഇവിടെയുണ്ട്. അത് കൊണ്ട് തന്നെ മനസ്സിൽ ആശയങ്ങളുള്ള ആർക്കും ആയതിന്റെ ഒരു പ്രോട്ടോടൈപ്പുണ്ടാക്കുവാനായി ഇവിടേക്ക് കടന്ന് വരാം, ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താം.

## കേരളവും ഫാബ് ലാബും

തിരുവനന്തപുരം ടെക്നോപാർക്കിലും കളമശേരി ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിലും ഓരോ ഫാബ് ലാബുകളാണ് ഇപ്പോഴുള്ളത്. ഇത് കൂടാതെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 20 മിനി ഫാബ് ലാബുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കോളേജുകളിലും മറ്റും ചെറിയ തോതിലുള്ള സാങ്കേതിക പഠന, ഗവേഷണ, നിർമിതികൾക്കു സഹായിക്കുന്ന ലാബുകളാണു മിനി ഫാബ് ലാബുകൾ.



**തിരുവനന്തപുരം ടെക്നോപാർക്കിലും കളമശേരി ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിലും ഓരോ ഫാബ് ലാബുകളാണ് ഇപ്പോഴുള്ളത്. ഇത് കൂടാതെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 20 മിനി ഫാബ് ലാബുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.**

പ്ലാസ്റ്റിക്, ഫാബ്രിക് എന്നിവ കട്ട് ചെയ്യുന്നതിനുള്ള ഹൈസ്പീഡ് മെഷീനുകൾ, എന്നിവ കൂടാതെ ഇലക്ട്രോണിക്സ് ഉത്പന്നങ്ങളുടെ നിർമ്മാണത്തിനുള്ള സൗകര്യവും അവയുടെ ടെസ്റ്റിംഗ് ഉപകരണങ്ങളും ഇവിടെയുണ്ടാകും.

സീവേജ് വൃത്തിയാക്കുന്നതിന് രൂപപ്പെടുത്തിയ ബൻഡിക്കൂട്ട് റോബോട്ട് രൂപകൽപ്പന ചെയ്തതും ജലത്തിനടിയിൽ പ്രവർത്തിക്കുന്ന ഡ്രോൺ ടൂണ രൂപകല്പ്പനന ചെയ്തതും ഫാബ് ലാബുകൾ കൂടി ഉപയോഗപ്പെടുത്തിയായിരുന്നു. ആധുനിക നിർമാണ ശേഷി, ചെറുകിട ഇടത്തരം സംരംഭങ്ങൾക്കാവശ്യമായ നൂതന സാങ്കേതിക സഹായം, സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ വിജ്ഞാനം എന്നിവ വർദ്ധിപ്പിക്കുന്നതിനുതകുന്ന വേദിയായി ഫാബ് ലാബുകൾ മാറും.

## സൂപ്പർ ഫാബ് ലാബ് കേരളത്തിൽ

ചെറുകിട വ്യവസായങ്ങൾക്കും സ്റ്റാർട്ടപ്പുകൾക്കും ഏറെ ഗുണകരമായതും ഹാർഡ്‌വെയർ മേഖലയ്ക്ക് വമ്പൻ കുതിച്ചുചാട്ടം നൽകുന്നതുമായ സൂപ്പർ ഫാബ് ലാബിന്റെ പ്രവർത്തനം കേരളത്തിൽ സജീവമായി. യുഎസിലെ മസാച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ (MIT) സഹകരണത്തോടെ 'കേരള സ്റ്റാർട്ടപ്പ് മിഷൻ' ആണ് കൊച്ചിയിലെ സൂപ്പർ ഫാബ് ലാബ് തുടങ്ങിയിരിക്കുന്നത്. അമേരിക്കയ്ക്ക് പുറത്ത് എം.ഐ.ടി നിർമ്മിക്കുന്ന ആദ്യത്തെ സൂപ്പർ ഫാബ് ലാബ് ആണ് കൊച്ചിയിലേത്. കളമശേരിയിലെ ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിലെ 10,000 ചതുരശ്ര അടി സ്ഥലത്ത് ഏഴു കോടിയിലേറെ രൂപയുടെ അത്യാധുനിക യന്ത്രങ്ങളാണു ഇതിനായി സജ്ജമാക്കിയിട്ടുള്ളത്. ഫാബ് ലാബുകളിൽ ഉപയോഗിക്കുന്ന യന്ത്രങ്ങൾ നിർമിച്ചെടുക്കാൻ കഴിയുന്ന അത്യാധുനിക ലാബാണു സൂപ്പർ ഫാബ് ലാബ്. ഹാർഡ്‌വെയർ സ്റ്റാർട്ടപ്പുകളുടെയും ഹാർഡ്‌വെയർ കമ്പനികളുടെയും വളർച്ചക്ക് സൂപ്പർ ഫാബ് ലാബ് വഴിയൊരുക്കും. ഇതിനോടകം നിരവധി ഗവേഷകർക്കും വിദ്യാർത്ഥികൾക്കും സ്റ്റാർട്ടപ്പുകൾക്കും സൂപ്പർ ഫാബ് ലാബിന്റെ സഹായം ലഭിച്ചിട്ടുണ്ട്. കോവിഡ് 19 മഹാമാരിക്കിടെ മിനി ഫാബ് ലാബുകളിലൂടെ ഫേസ് ഷീൾഡുകളും നിർമ്മിച്ച് വിതരണം ചെയ്തിരുന്നു. സൂപ്പർ ഫാബ് ലാബിന്റെ സഹായത്തോടെ വലിയ മുതൽമുടക്കില്ലാതെ ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കാൻ കഴിയും. സ്റ്റാർട്ടപ്പുകളുടെയും ചെറുകിട സംരംഭകരുടെയും ആശയങ്ങൾ യാഥാർഥ്യമാക്കാൻ സഹായകമായ യന്ത്രസംവിധാനങ്ങളെല്ലാം സൂപ്പർ ഫാബ് ലാബിലുണ്ട്. സൂക്ഷ്മതയുള്ള ത്രീഡി സ്കാനിങ്ങിനും പ്രിന്റിങ്ങിനുമുള്ള സൗകര്യമാണു സൂപ്പർ

**അമേരിക്കയ്ക്ക് പുറത്ത് എം.ഐ.ടി നിർമ്മിക്കുന്ന ആദ്യത്തെ സൂപ്പർ ഫാബ് ലാബ് ആണ് കൊച്ചിയിലേത്. കളമശേരിയിലെ ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിലെ 10,000 ചതുരശ്ര അടി സ്ഥലത്ത് ഏഴു കോടിയിലേറെ രൂപയുടെ അത്യാധുനിക യന്ത്രങ്ങളാണു ഇതിനായി സജ്ജമാക്കിയിട്ടുള്ളത്.**



ഫാബ് ലാബിനെ വേറിട്ടുനിർത്തുന്നത്. മെറ്റൽ മെഷിനിങ് രംഗത്തെ മൾട്ടി ആക്സിസ് മാനുവൽ ആൻഡ് സിഎൻജി മില്ലിങ്, ടേണിങ്, കട്ടിങ് തുടങ്ങിയവയൊക്കെ സൂപ്പർ ഫാബ് ലാബിൽ സാധ്യമാകും. പ്ലാസ്റ്റിക്, ഫാബ്രിക് എന്നിവ കട്ട് ചെയ്യാനുള്ള ഹൈ സ്പീഡ് മെഷീനുകൾ, ത്രീ ഡി സ്കാനിങ്ങിനും പ്രിന്റിങ്ങിനുമുള്ള സൗകര്യം, കൂടാതെ ഇലക്ട്രോണിക്സ് ഉത്പന്നങ്ങളുടെ നിർമാണത്തിനുള്ള സൗകര്യവും അവയുടെ ടെസ്റ്റിങ് ഉപകരണങ്ങളും സൂപ്പർ ഫാബ് ലാബിലുണ്ട്. ഫർണിച്ചർ പ്രൊട്ടോ ടൈപ്പിങ്ങിനുള്ള യന്ത്രങ്ങളും ഇവിടെ ലഭ്യമാണ്. വ്യത്യസ്ത തരത്തിലുള്ള അനേകം ത്രിഡി പ്രിന്ററുകളുള്ളതിനാൽ ഉത്പന്നത്തിന്റെ ഓരോ ഭാഗവും വിവിധ തരത്തിൽ ഒരുമിച്ച് പ്രിന്റ് ചെയ്ത് നിർമ്മിക്കാൻ സാധിക്കും.

**അങ്ങേയറ്റത്തെ സൂക്ഷ്മതയുള്ള ത്രിഡി സ്കാനിങ്ങിനും പ്രിന്റിങ്ങിനുമുള്ള സൗകര്യമാണു സൂപ്പർ ഫാബ് ലാബിനെ വേറിട്ടുനിർത്തുന്നത്. തടിയിലെ പ്രവർത്തനങ്ങൾക്കും ഫർണിച്ചർ പ്രോട്ടോ ടൈപ്പിങ്ങിനുള്ള യന്ത്രങ്ങളും സൂപ്പർ ഫാബ് ലാബിൽ ലഭ്യമാണ്.**




അങ്ങേയറ്റത്തെ സൂക്ഷ്മതയുള്ള ത്രിഡി സ്കാനിങ്ങിനും പ്രിന്റിങ്ങിനുമുള്ള സൗകര്യമാണു സൂപ്പർ ഫാബ് ലാബിനെ വേറിട്ടുനിർത്തുന്നത്. തടിയിലെ പ്രവർത്തനങ്ങൾക്കും ഫർണിച്ചർ പ്രോട്ടോ ടൈപ്പിങ്ങിനുള്ള യന്ത്രങ്ങളും സൂപ്പർ ഫാബ് ലാബിൽ ലഭ്യമാണ്. സൂക്ഷ്മമായി അളവുകൾ നിയന്ത്രിക്കുന്നതിനുള്ള ഉപകരണങ്ങൾ രൂപകൽപനയ്ക്കും, നിർമാണത്തിനും പരിശോധനയ്ക്കുമുള്ള ഉപകരണങ്ങൾ, കാർബൺ ഫൈബറുകൾ, ലോഹങ്ങൾ, കോമ്പസിറ്റുകൾ എന്നിവയിൽ ആദ്യമാതൃകകൾ നിർമിക്കുന്നതിനുള്ള ഉപകരണങ്ങൾ എന്നിവയുടെ അതിവൈദഗ്ദ്യമുള്ള ഒരുകൂട്ടം ഉപകരണങ്ങളാണ് സൂപ്പർ ഫാബ് ലാബിൽ അധികമായി ഉൾപ്പെട്ടിട്ടുള്ളത്.

സ്റ്റാർട്ടപ് സംരംഭങ്ങളുടെ ആശയങ്ങൾക്കനുസരിച്ചുള്ള വിപണി മാതൃകകൾ തയ്യാറാക്കുന്ന ഫാബ് ലാബുകൾക്ക് വേണ്ടി യന്ത്രങ്ങൾ നിർമിക്കുകയാണു സൂപ്പർ ഫാബ് ലാബുകളുടെ ദൗത്യം. നിലവിൽ ഫാബ് ലാബ് യന്ത്രങ്ങൾ ഇറക്കുമതി ചെയ്യുകയാണ്. സൂപ്പർ ഫാബ് ലാബ് യാഥാർഥ്യമായതോടെ ഇത്തരം യന്ത്രങ്ങൾ ഇവിടെത്തന്നെ നിർമിക്കാൻ കഴിയുമെന്നതാണു പ്രധാന നേട്ടം. കേരളത്തിലെ ഫാബ് ലാബ് ഇക്കോസിസ്റ്റം വികസിക്കാൻ സൂപ്പർ ഫാബ് ലാബ് സഹായിക്കും.

വിദ്യർത്ഥികൾ, സ്റ്റാർട്ടപ് സംരംഭകർ, പ്രൊഫഷണൽ ഗവേഷകർ എന്നിവർക്ക് അവരുടെ ആശയങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് സൂപ്പർ ഫാബ് ലാബിനെ സമീപിക്കാം. ആശയങ്ങളിൽനിന്ന് ഉത്പന്നങ്ങളിലേക്കുള്ള വളർച്ചയിൽ സൂപ്പർ ഫാബ് ലാബ് ഇവർക്ക് വേണ്ട സഹായം നൽകും. ബന്ധപ്പെടേണ്ട നമ്പർ– 0484 2977137. ഇ മെയിൽ: fabhelp@startupmission.in.

മനസ്സിൽ സംരംരഭകാശയങ്ങളുള്ള ആർക്കും സംസ്ഥാനത്തെ മറ്റ് ഫാബ് ലാബുകളെയും നേരിൽ സമീപിക്കാവുന്നതാണ്. തങ്ങളുടെ ഉല്പ്പസന്നങ്ങളുടെ മോഡലുകൾ നിർമ്മിക്കുവാനും തുടർന്ന് അവയെ വിപണിയിലെത്തിക്കുവാനും ഈ സൌകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. ■



ഡോ. ശചീന്ദ്രൻ. വി



# ജി.എസ്.ടി. യിലെ കുറ്റങ്ങളും അവയ്ക്കുള്ള ശിക്ഷകളും

ചരക്കു സേവന നികുതി നിയമം ബാധകമായ, എല്ലാ വ്യക്തികളും പാലിക്കേണ്ടതാണ്. രജിസ്ട്രേഷൻ, വിതരണം നടത്തൽ, നികുതി ശേഖരിച്ചു ഗവൺമെന്റിലേക്കു അടയ്ക്കൽ, റിട്ടേൺ ഫയൽ ചെയ്യൽ, നികുതി വകുപ്പുമായി പലവിധത്തിലുള്ള നടപടി ക്രമങ്ങളുമായി സഹകരിക്കൽ തുടങ്ങിയ, നിയമത്തിലെ എല്ലാ വ്യവസ്ഥകളും സമയബന്ധിതമായും, കൃത്യമായും അനുസരിക്കുകയും, അത് പ്രകാരമുള്ള ബാധ്യതകൾ നിറവേറ്റണ്ടതുമാണ്. കാരണം അവയിൽ വീഴ്ച വരുത്തുന്നത്, കുറ്റകരവും, ശിക്ഷാർഹവുമാണ്. ശിക്ഷാ നടപടികൾ അനുഭവിക്കുന്നത് സാമ്പത്തികമായ നഷ്ടവും, സമയ നഷ്ടവും ഉണ്ടാക്കുമെന്നതിനാൽ, അതൊഴിവാക്കാൻ ശ്രമിക്കേണ്ടതാണ്. അതിനാൽ ജി.എസ്. ടി. നിയമ പ്രകാരമുള്ള കുറ്റങ്ങൾ ഏതൊക്കെയാണെന്നും, അവയ്ക്കുള്ള ശിക്ഷകൾ എന്തൊക്കെയാണെന്നും അറിയാൻ ഈ അദ്ധ്യായം നിങ്ങളെ സഹായിക്കുന്നു.

ഒരു ‘കുറ്റം’ (offence) എന്നാൽ ഒരു നിയമ ലംഘനം എന്നാണർത്ഥം. അതിനാൽ ആ പ്രവർത്തി നിയമവിരുദ്ധമാണ്. ജി.എസ്.ടി. ആക്ടിന്റെയും, റൂൾസിന്റെയും ലംഘനങ്ങൾ നടന്നാൽ, ഈ നിയമ പ്രകാരമുള്ള ശിക്ഷ അനുഭവിക്കാൻ ബാധ്യതയുണ്ട്. അത് ജയിൽ ശിക്ഷയാകാം (corporal punishment)/ സാമ്പത്തിക (Pecuniary punishment) ശിക്ഷയാ

കാം.ജി.എസ്.ടി. നിയമത്തിന്റെ പതിനാറാം അധ്യായത്തിലാണ് കുറ്റങ്ങളെയും പിഴകളെയും കുറിച്ച് പ്രതിപാദിക്കുന്നത്. നിയമത്തിലെ 122 മുതൽ 138 വരെയുള്ള വകുപ്പുകളാണ് കുറ്റങ്ങളും ശിക്ഷകളും പ്രസ്താവിക്കുന്നത്.

## ശിക്ഷാർഹമായ കുറ്റങ്ങൾ

ജി.എസ്.ടി. നിയമത്തിലെ വകുപ്പ് 122 പ്രകാരം 21 കുറ്റങ്ങളാണ് ശിക്ഷാർഹമായിട്ടുള്ളത്. അവ ചുവടെ നൽകിയിരിക്കുന്നു

1. ചരക്കു/ സേവനം വിതരണം നടത്തുമ്പോൾ തെറ്റായ ഇൻവോയ്സ് നൽകൽ /ഇൻവോയ്സ് നല്കാതിരിക്കൽ.
2. ചരക്കു/ സേവനം യഥാർത്ഥത്തിൽ വിതരണം നടത്താതെ ജി.എസ്.ടി. ഇൻവോയ്സ് നൽകൽ
3. രജിസ്ട്രേഷൻ ഉള്ള മറ്റൊരു വ്യക്തിയുടെ ജി.എസ്.ടി. നമ്പർ ഉപയോഗിച്ച് ഇൻവോയ്സ്/ രേഖ നൽകൽ
4. ജി.എസ്.ടി. രജിസ്ട്രേഷൻ സമയത്തോ, പിന്നീടോ തെറ്റായ വിവരങ്ങൾ നൽകൽ
5. നികുതി വെട്ടിപ്പിനായി വ്യാജ റിട്ടേൺ സമർപ്പിക്കുകയോ/ വ്യാജ രേഖകൾ സമർപ്പിക്കുകയോ ചെയ്യൽ.
6. നടപടികൾ ഉണ്ടാകുമ്പോൾ, വിവരങ്ങൾ നല്കാതിരിക്കുകയോ/തെറ്റായ വിവരം നൽകുകയോ ചെയ്യൽ
7. സാധനം /സേവനം സ്വീകരിച്ചയാളിൽ നിന്നും നികുതി ലഭിച്ചിട്ടും, മൂന്നു മാസത്തിനകം ഗവൺമെന്റിലേക്കു നൽകാതിരിക്കൽ.
8. സാധനം /സേവനം സ്വീകരിച്ചയാളിൽ നിന്നും നികുതി, നിയമ വിരുദ്ധമായി ലഭിച്ചിട്ടും, മൂന്നു മാസത്തിനകം ഗവൺമെന്റിലേക്കു നൽകാതിരിക്കുക
9. തെറ്റായ വിവരങ്ങൾ നൽകി ജി.എസ്.ടി. റീഫണ്ട് വാങ്ങൽ
10. ചരക്കുകളോ സേവനങ്ങളോ ലഭിക്കാതെ ഐ.ടി.സി. എടുക്കുകയോ, ഉപയോഗിക്കുകയോ ചെയ്യുക

**സാധനം /സേവനം സ്വീകരിച്ചയാളിൽ നിന്നും നികുതി, നിയമ വിരുദ്ധമായി ലഭിച്ചിട്ടും, മൂന്നു മാസത്തിനകം ഗവൺമെന്റിലേക്കു നൽകാതിരിക്കുക**



11. നികുതി വെട്ടിപ്പിനായി മനഃപൂർവം വിറ്റുവരവു കുറച്ച കാണിക്കൽ/ മറച്ചു വയ്ക്കൽ
12. ശരിയായ/കൃത്യമായ രേഖയില്ലാതെ നികുതി വിധേയമായ ചരക്കു ഗതാഗതം നടത്തൽ
13. കണ്ടുകെട്ടലിനു കാരണമാകാവുന്ന തരത്തിലുള്ള ചരക്കുകൾ സംഭരണം ചെയ്യുന്നതിലോ, കടത്തുന്നതിലോ, വിതരണം ചെയ്യുന്നതിലോ ഏർപ്പെടുക
14. കണ്ടു കെട്ടിയതോ, പിടിച്ചെടുത്തതോ, തടങ്കലിൽ വച്ചതോ ആയ ചരക്കു കേടു വരുത്തൽ/ വിൽക്കൽ
15. ജി.എസ്.ടി. നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്യാൻ ബാധ്യത ഉണ്ടായിരുന്നിട്ടും രജിസ്റ്റർ ചെയ്യാതിരിക്കൽ
16. നികുതി (TDS) കിഴിക്കാതിരിക്കൽ/ യഥാർത്ഥ ത്തിൽ കിഴിക്കേണ്ടതിനേക്കാളും കുറച്ചു കിഴിക്കൽ
17. നികുതി (TCS) പിരിക്കാതിരിക്കൽ/ യഥാർത്ഥ ത്തിൽ പിരിക്കേണ്ടതിനേക്കാളും കുറച്ചു പിരിക്കൽ/
18. ഒരു ഇൻപുട് സേവന വിതരണക്കാരൻ ആണെങ്കിൽ, നിയമത്തിനു വിരുദ്ധമായി, ഐ.ടി.സി, എടുക്കുകയോ, വിതരണം ചെയ്യുകയോ ചെയ്യൽ
19. ജി.എസ്.ടി. നിയമ പ്രകാരം തന്റെ കടമ നിർവഹിക്കുന്ന ഒരു ഉദ്യോഗസ്ഥനെ തടയൽ
20. ജി.എസ്.ടി. നിയമ പ്രകാരം, ആവശ്യമായ രേഖകൾ/ ബുക്കുകൾ സൂക്ഷിക്കാതിരിക്കൽ
21. ആവശ്യമായ തെളിവുകൾ കേടു വരുത്തുകയോ നശിപ്പിക്കുകയോ ചെയ്യൽ.

## കുറ്റങ്ങളെ തരം തിരിക്കൽ

**I. നികുതി തുകയുടെ അടിസ്ഥാനത്തിൽ**

ജി.എസ്.ടി. നിയമ പ്രകാരം, കുറ്റങ്ങളിൽ ഉൾപ്പെട്ട നികുതി തുകയുടെ അടിസ്ഥാനത്തിൽ, അവയെ രണ്ടായി തരം തിരിക്കാം. അവ ചുവടെ ചേർക്കുന്നു.

**1 നിസാരമായ നിയമ ലംഘനങ്ങൾ**

ഒരു കുറ്റത്തിൽ ഉൾപ്പെട്ട നികുതി തുക 5000 രൂപയിൽ താഴെയാണെങ്കിൽ അത്തരം തെറ്റുകളെ നിസ്സാരമായ നിയമ ലംഘനങ്ങളായിട്ടാണ് കാണുന്നത്. എളുപ്പം പരിഹരിക്കാവുന്നതും, രേഖകളിലുള്ള തെറ്റുകളും ഒഴിവാക്കലുകളും ഈ ഗണത്തിൽ പെടുന്നവയാണ്. ഇത്തരം കുറ്റങ്ങൾക്ക് ചെറിയ ശിക്ഷ മാത്രമേ ലഭിക്കൂ. ഒരു പക്ഷെ പിഴ ചുമത്തുകയുമില്ല.

**2 വലിയ കുറ്റങ്ങൾ**

ഒരു കുറ്റത്തിൽ ഉൾപ്പെട്ട നികുതി തുക 5000 രൂപയ്ക്ക് മുകളിലാണെങ്കിൽ അത്തരം തെറ്റുകളെ വലിയ വീഴ്ചകളായിട്ടാണ് കാണുന്നത്. ഇവയ്ക്ക്മേൽ പിഴയും ചുമത്തും. ജി.എസ്.ടി. നിയമത്തിലെ 73 ആം വകുപ്പ് പ്രകാരം, ഗുരുതരമായ 13 കുറ്റങ്ങൾ ചെയ്താൽ പ്രോസിക്യൂഷൻ നടപടികൾ വരെ ആരംഭിക്കും. കുറ്റം ചെയ്തയാൾക്കെതിരെയുള്ള നിയമ നപടികൾ തുടങ്ങലും, തുടർന്ന് പോകലുമാണ് പ്രോസിക്യൂഷൻ എന്നറിയപ്പെടുന്നത്. ഇത് ക്രിമിനൽ നിയമ നടപടി ചട്ട






പ്രകാരമാണ് നടത്തുന്നത്. ഇതിനു ബന്ധപ്പെട്ട അധികാരിയുടെ മുൻകൂർ അനുവാദം വേണം. പ്രോസിക്യൂഷൻ നടപടികൾ ആവശ്യമാകുന്ന ഗുരുതരമായ കുറ്റങ്ങൾ ചുവടെ ചേർക്കുന്നു

1. ചരക്കു/ സേവനം വിതരണം നടത്തുമ്പോൾ തെറ്റായ ഇൻവോയ്സ് നൽകൽ /ഇൻവോയ്സ് നല്കാതിരിക്കൽ
2. ചരക്കു/ സേവനം യഥാർത്ഥത്തിൽ വിതരണം നടത്താതെ ജി.എസ്.ടി. ഇൻവോയ്സ് നൽകൽ
3. സാധനം /സേവനം സ്വീകരിച്ചയാളിൽ നിന്നും നികുതി ലഭിച്ചിട്ടും, മൂന്നു മാസത്തിനകം ഗവൺമെന്റിലേക്കു നല്കാതിരിക്കൽ
4. തെറ്റായ വിവരങ്ങൾ നൽകി ജി.എസ്.ടി. റീഫണ്ട് വാങ്ങൽ
5. ചരക്കുകളോ സേവനങ്ങളോ ലഭിക്കാതെ ഐ.ടി.സി. എടുക്കുകയോ, ഉപയോഗിക്കുകയോ ചെയ്യുൽ
6. ഒന്ന് മുതൽ അഞ്ചു വരെ പറഞ്ഞിട്ടില്ലാത്ത ഒരു നിയമ ലംഘനം വഴി നികുതി വെട്ടി കുറയ്ക്കൽ, വ്യാജമായി ഐ.ടി.സി. എടുക്കൽ/ റീഫണ്ട് നേടൽ.
7. നികുതി വെട്ടിപ്പിനായി വ്യാജ റിട്ടേൺ സമർപ്പിക്കുകയോ/ വ്യാജ രേഖകൾ സമർപ്പിക്കുകയോ ചെയ്യൽ
8. നടപടികൾ ഉണ്ടാകുമ്പോൾ വിവരങ്ങൾ നല്കാതിരിക്കുകയോ/തെറ്റായ വിവരം നൽകുകയോ ചെയ്യൽ
9. കണ്ടുകെട്ടലിനു കാരണമാകാവുന്ന തരത്തിലുള്ള ചരക്കുകൾ സംഭരണം ചെയ്യുന്നതിലോ, കടത്തുന്നതിലോ, വിതരണം ചെയ്യുന്നതിലോ ഏർപ്പെടൽ
10. ജി.എസ്.ടി. നിയമ പ്രകാരം തന്റെ കടമ നിർവഹിക്കുന്ന ഒരു ഉദ്യോഗസ്ഥനെ തടയൽ
11. ആവശ്യമായ തെളിവുകൾ കേടു വരുത്തുകയോ നശിപ്പിക്കുകയോ ചെയ്യൽ.
12. നിയമത്തിനു വിരുദ്ധമായി സേവനങ്ങൾ വിതരണം നടത്തുകയോ, സ്വീകരിക്കുകയോ/ ഏർപ്പെടുകയോ ചെയ്യൽ
13. മുകളിൽ പറഞ്ഞ 12 കുറ്റങ്ങൾ ചെയ്യുകയോ, ചെയ്യുന്നതിന് സഹായം ചെയ്യുകയോ ചെയ്യൽ

അടയ്ക്കാത്ത നികുതി തുക 100 ലക്ഷമോ അതിലധികമോ ആണെങ്കിൽ അവയെ ഉയർന്ന മൂല്യമുള്ള വെട്ടിപ്പായാണ് കാണുന്നത്. ഇവയ്ക്ക്മേൽ താഴെ കൊടുത്തിരിക്കുന്ന വിധം ജയിൽ വാസവും ചുമത്തും.

കുറ്റത്തിൽ ഉൾപ്പെട്ടിരിക്കുന്ന നികുതി തുക പരമാവധി ജയിൽ വാസം അനുഭവിക്കേണ്ട കാലയളവ്

1. 100 ലക്ഷം രൂപ മുതൽ 200 ലക്ഷം രൂപ വരെ
   1 വർഷം
2. 200 ലക്ഷം രൂപ മുതൽ 500 ലക്ഷം രൂപ വരെ
   3 വർഷം
3. 500 ലക്ഷം രൂപയോ കൂടുതലോ
   5 വർഷം

4. വ്യാജമായ രേഖകൾ,
ഓഫീസറെ തടസ്സപ്പെടുത്തിയാൽ,
രേഖകളിൽ കൃത്രിമം 6 മാസം

**II. ക്രിമിനൽ നടപടി ചട്ട പ്രകാരമുള്ള കുറ്റങ്ങൾ**

ക്രിമിനൽ നടപടി ക്രമമനുസരിച്ചു രണ്ടു തരം കുറ്റങ്ങൾ ഉണ്ട്.

**a. കോഗ്നിസബിൾ കുറ്റങ്ങൾ**

വാറന്റില്ലാതെ പൊലീസിന് അറസ്റ്റ് ചെയ്യാനും, കോടതിയുടെ അനുമതിയോടെയോ, അല്ലാതെയോ അന്വേഷണം നടത്താവുന്നതുമായ ഗുരുതരമായ കുറ്റങ്ങളെ കോഗ്നിസബിൾ കുറ്റങ്ങൾ എന്ന് വിളിക്കുന്നു. കേന്ദ്ര ജി.എസ്.ടി. നിയമപ്രകാരം (സെ. 132), വെട്ടിപ്പ് നടത്തിയ കുറ്റത്തിലെ നികുതി ബാധ്യത നികുതിയുടെ വെട്ടിപ്പ്, തെറ്റായി ഐ.ടി.സി. എടുക്കൽ, തെറ്റായി റീഫണ്ട് വാങ്ങൽ തുടങ്ങിയവ അഞ്ചു കോടി രൂപയ്ക്ക് മുകളിലാണെങ്കിൽ ആ കുറ്റങ്ങളെ കോഗ്നിസബിൾ കുറ്റങ്ങൾ ആയി കാണുന്നു. അവ ജാമ്യമില്ലാത്തവയാണ്.

**b. കോഗ്നിസബിൾ അല്ലാത്ത കുറ്റങ്ങൾ**

വാറന്റോടെ മാത്രം പൊലീസിന് അറസ്റ്റ് ചെയ്യാനും, കോടതിയുടെ അനുമതിയോടെയോ മാത്രം അന്വേഷണം നടത്താവുന്നതുമായ ഗുരുതരമല്ലാത്ത കുറ്റങ്ങളെ കോഗ്നിസബിൾ അല്ലാത്ത കുറ്റങ്ങൾ എന്ന് വിളിക്കുന്നു. വെട്ടിപ്പ് നടത്തിയ കുറ്റത്തിലെ നികുതി ബാധ്യത അഞ്ചു കോടി രൂപയ്ക്ക് താഴെയാണെങ്കിൽ, അവ കോഗ്നിസബിൾ അല്ലാത്ത കുറ്റങ്ങളാണ്. അവയ്ക്ക് ജാമ്യം ലഭിക്കുന്നതാണ്.

**സ്ഥാപനങ്ങൾ ചെയ്യുന്ന കുറ്റങ്ങളുടെ ബാധ്യത**

ഒരു കമ്പനി കുറ്റം ചെയ്താൽ കമ്പനിക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ നടത്താവുന്നതാണ്. അതിന്റെ ചുമതലയുള്ളവരും (ഡയറക്ടർ, മാനേജർ, സെക്രട്ടറി തുടങ്ങിയവർ) ബാധ്യതയുള്ളവരായിരിക്കും. കമ്പനിയുടെ നടത്തിപ്പിൽ ഉത്തരവാദിത്വവും നിയന്ത്രാധികാരവും ഉള്ളവർക്കാണ് ബാധ്യത. തനിക്ക് ഉത്തരവാദിത്വമുള്ള കാലഘട്ടത്തിൽ ചെയ്ത കുറ്റത്തിന് മാത്രമേ ഒരാൾക്ക് ബാധ്യതയുള്ളു. ഒരു കമ്പനി ചെയ്ത കുറ്റം, ഏതെങ്കിലും ഉദ്യോഗസ്ഥന്റെ സമ്മതത്തോടെയും, കൂട്ട് നിന്നതിന്റെയും ഫലമായും, വീഴ്ച കാരണവും സംഭവിച്ചതുമാണെങ്കിൽ, ആ ഉദ്യോഗസ്ഥൻ കുറ്റം ചെയ്തതായി കണക്കാക്കി, ശിക്ഷിക്കാവുന്നതാണ്.




**വാറന്റില്ലാതെ പൊലീസിന് അറസ്റ്റ് ചെയ്യാനും, കോടതിയുടെ അനുമതിയോടെയോ, അല്ലാതെയോ അന്വേഷണം നടത്താവുന്നതുമായ ഗുരുതരമായ കുറ്റങ്ങളെ കോഗ്നിസബിൾ കുറ്റങ്ങൾ എന്ന് വിളിക്കുന്നു. കേന്ദ്ര ജി.എസ്.ടി. നിയമപ്രകാരം (സെ. 132), വെട്ടിപ്പ് നടത്തിയ കുറ്റത്തിലെ നികുതി ബാധ്യത നികുതിയുടെ വെട്ടിപ്പ്, തെറ്റായി ഐ.ടി.സി. എടുക്കൽ, തെറ്റായി റീഫണ്ട് വാങ്ങൽ തുടങ്ങിയവ അഞ്ചു കോടി രൂപയ്ക്ക് മുകളിലാണെങ്കിൽ ആ കുറ്റങ്ങളെ കോഗ്നിസബിൾ കുറ്റങ്ങൾ ആയി കാണുന്നു. അവ ജാമ്യമില്ലാത്തവയാണ്.**




ഒരു പരിമിത ബാധ്യതയുള്ള പാർട്ണർഷിപ്, (എൽ. എൽ. പി-LLP), അവിഭക്ത ഹിന്ദു കുടുംബം, ട്രസ്റ്റ് എന്നിവയുടെ കാര്യത്തിൽ, യഥാക്രമം, പാർട്ണർ, കർത്താ, മാനേജിങ് ട്രസ്റ്റി എന്നിവർക്കായിരിക്കും കുറ്റങ്ങളുടെ ഉത്തരവാദിത്തം.

## കുറ്റങ്ങൾക്കുള്ള പിഴകൾ

ചരക്കു സേവന നികുതി നിയമ പ്രകാരമുള്ള പ്രധാനപ്പെട്ട കുറ്റങ്ങളുടെ പിഴകൾ ചുവടെ ചേർക്കുന്നു

**കുറ്റങ്ങൾ പിഴകൾ**

1. ജി.എസ്.ടി. റിട്ടേൺ വൈകി സമർപ്പിക്കൽ പ്രതിദിനം 200 രൂപ ഇതിൽ, പ്രതിദിനം 100 രൂപ സി.ജി.എസ്.ടി. നിയമ പ്രകാരവും, 100 രൂപ എസ്.ജി.എസ്.ടി. നിയമ പ്രകാരവുംപ പരമാവധി 5000 രൂപ. ഐ.ജി.എസ്.ടി. വൈകിയാൽ പിഴയില്ല [s.123]
2. ജി.എസ്.ടി. റിട്ടേൺ സമർപ്പിക്കാതിരുന്നാൽ 10,000 രൂപ, നികുതിയുടെ 10% ഇവയിൽ ഇതാണോ അധികം, ആ തുക
3. വെട്ടിപ്പ് നടത്തിയാൽ 10,000 രൂപ, നികുതിയുടെ 100% ഇവയിൽ ഇതാണോ അധികം, ആ തുക. വലിയ തുകൾക്ക് ജയിൽ വാസവും.
4. വെട്ടിപ്പിനു സഹായിക്കൽ/മറച്ചു വയ്ക്കൽ ചെയ്തയാൾ ജി.എസ്.ടി. രെജിസ്ട്രേഷൻ ഉള്ളയാളാണെങ്കിലും ഇല്ലെങ്കിലും 25,000 രൂപ
5. തെറ്റായ നികുതി നിരക്ക് ചുമത്തൽ (യഥാർത്ഥത്തിൽ ഉള്ളതിനേക്കാളും കൂടുതൽ) 10,000 രൂപ, നികുതിയുടെ 100% ഇവയിൽ ഇതാണോ അധികം, ആ തുക. അധിക നികുതി തുക ഗവൺമെന്റിലേക്കു നൽകിയില്ലെങ്കിൽ മാത്രം
6. ഇൻവോയ്സ് നല്കാതിരിക്കൽ 10,000 രൂപ, നികുതിയുടെ 100% ഇവയിൽ ഇതാണോ അധികം, ആ തുക.
7. ബാധ്യത ഉണ്ടായിരിന്നിട്ടും ജി.എസ്.ടി. നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്യാതിരിക്കൽ 10,000 രൂപ, നികുതിയുടെ 100% ഇവയിൽ ഇതാണോ അധികം, ആ തുക.
8. തെറ്റായി ഇൻവോയ്സ് നൽകൽ 25000രൂപ പിഴ, നികുതിയും പലിശയും കൂടാതെ അധികമായി അടക്കേണ്ട ഒന്നാണ്. വഞ്ചന (Fraud) ഉൾപ്പെട്ട പ്രവൃത്തികളാണെങ്കിൽ പിഴയും അധികമായിരിക്കും.

## പിഴയില്ലാത്ത കുറ്റങ്ങൾ

ജി.എസ്.ടി. നിയമ പ്രകാരം ചില കുറ്റങ്ങൾക്ക് പിഴ ഈടാക്കുന്നില്ല. ശരിയായ നികുതിയോടൊപ്പം, പലിശ (18 ശതമാനം) മാത്രം നൽകിയാൽ മതി. ചില സാഹചര്യങ്ങൾ ചുവടെ ചേർക്കുന്നു

**1. തെറ്റായ ജി.എസ്.ടി. ഈടാക്കൽ**

ഐ.ജി.എസ്.ടി. ഈടാക്കേണ്ടതിനു പകരം സി.ജി.എസ്.ടി.യും, എസ്.ജി.എസ്.ടി.യും ഈടാക്കൽ. (അല്ലെങ്കിൽ തിരിച്ചു ഈടാക്കൽ). ഇങ്ങനെ ചെയ്താൽ ശരിയായ ജി.എസ്.ടി. അടയ്ക്കുകയും, തെറ്റായി നൽകിയ ജി.എസ്.ടി. റീഫണ്ടായി ലഭിക്കുകയും ചെയ്യും.

**2. ജി.എസ്.ടി. റിട്ടേൺ തെറ്റായി സമർപ്പിക്കൽ**

റിട്ടേൺ തെറ്റായ സമർപ്പിച്ചാൽ, അതിൽ നികുതി അടച്ചതിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ, അതിന്മേൽ

ബാക്കി നികുതിയോടൊപ്പം, പലിശ മാത്രം അടച്ചാൽ മതി.

**3. ഇൻവോയ്സിന്മേൽ പണം വൈകി നൽകൽ**

സാധനങ്ങൾ /സേവനങ്ങൾ (ഇൻപുട്ടുകൾ) വാങ്ങിയാൽ അവയുടെ ഇൻവോയ്സിന്മേൽ സമയബന്ധിതമായി പണം നൽകേണ്ടതുണ്ട്. പണം നൽകൽ, ആറു മാസത്തിൽ കൂടുതൽ വൈകിയാൽ, അതിൻമേൽ വാങ്ങിയ ഐ.ടി.സി. തിരിച്ചെടുക്കുകയും. ആ തുക നികുതിയായി നൽകാൻ ബാധ്യതയുണ്ടാവുകയും ചെയ്യും.

**4. തെറ്റായ ജി.എസ്.ടി.നിരക്ക് ഈടാക്കൽ**

വിതരണം നടത്തുമ്പോൾ, ശരിയായ ജി.എസ്.ടി. നിരക്കിൽ നികുതി ചുമത്തേണ്ടതുണ്ട്. യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ കുറഞ്ഞ നിരക്കിലാണ് നികുതി ചുമത്തുന്നതെങ്കിൽ, അത് മൂലം ഗവൺമെന്റിലേക്കു നൽകുന്ന നികുതിയിൽ കുറവ് വരും. അങ്ങനെ വന്നാൽ കുറവ് വന്ന നികുതി, പലിശ സഹിതം അടച്ചാൽ മാത്രം മതി. പിഴയീടാക്കില്ല ധയഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ കൂടിയ നിരക്കിലാണ് നികുതി ചുമത്തുന്നതെങ്കിൽ, അധികമായി ഈടാക്കിയ നികുതി, ഗവൺമെന്റിലേക്കു അടയ്ക്കണം).

## നികുതി വിധേയരല്ലാത്ത വ്യക്തികളെ പിഴ ചുമത്തൽ

ജി.എസ്.ടി. യുടെ 122 (3) വകുപ്പ് പ്രകാരം, താഴെ പറയുന്ന വ്യക്തികളെ, അവർ നികുതി ദായകർ അല്ലെങ്കിലും, പിഴ ചുമത്തും.

1. 122 ആം വകുപ്പിൽ പറഞ്ഞ 21 കുറ്റങ്ങളിൽ ഏതെങ്കിലും ചെയ്യാൻ പ്രേരിപ്പിക്കുകയോ, ചെയ്യാൻ സഹായിക്കുകയോ ചെയ്യുന്നവർ
2. കണ്ടു കെട്ടലിനു അർഹമായ ചരക്കുകൾ നൽകുകയോ, സ്വീകരിക്കുകയോ, സംഭരിക്കുകയോ, കടത്തുകയോ ചെയ്യുന്നവർ
3 നിയമത്തിനു വിരുദ്ധമായി സേവനങ്ങൾ വിതരണം നടത്തുകയോ/ സ്വീകരിക്കുകയോ ചെയ്യുന്നവർ
4 സമൻസ് നൽകിയ അധികാരിയുടെ മുൻപിൽ ഹാജരാകാതിരിക്കുന്ന ആൾ
5. വിതരണവുമായി ബന്ധപ്പെട്ട ഇൻവോയ്സ് നിയമപ്രകാരം ഇറക്കാതിരിക്കുകയോ/ ഇൻവോയ്സിന്റെ വിവരങ്ങൾ കണക്കുകളിൽ രേഖപ്പെടുത്തുകയോ ചെയ്യാത്ത ആൾ

മേല്പറഞ്ഞ കുറ്റങ്ങൾ ചെയ്യുന്ന, ജി.എസ്.ടി.ക്ക് കീഴിൽ രജിസ്റ്റർ ചെയ്യാത്തവർക്കും, പിഴ ചുമത്തുന്നതായിക്കും. അത്തരം വ്യക്തികൾക്കുള്ള പിഴ 25000 രൂപയാണ്.

ചരക്കു ഗതാഗതം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ടവ (sk.129 )

1. ജി.എസ്.ടി. നിയമ പ്രകാരം 50000 രൂപയിൽ കൂടുതൽ വിലയുള്ള സാധനം ഒരു വാഹനത്തിൽ കൊണ്ട് പോകുമ്പോൾ, ഇൻവോയ്സിന്റെ/ വിതരണ ബില്ലിന്റെ/ ഡെലിവറി ചാലാന്റെ കോപ്പിയും, ഇവേ ബില്ലിന്റെ കോപ്പിയും കൂടെ കരുതണം.
2. ഒരു ജി.എസ്.ടി. ഓഫീസർക്ക് യാത്ര സാധനവും, രേഖകളും പരിശോധിക്കാനും അധികാരമുണ്ട്.
3. ചരക്കു കടത്തുന്നത് ജി.എസ്.ടി. നിയമത്തിനു വിരുദ്ധമാണെങ്കിൽ, ചരക്കും, അത് കൊണ്ട് പോകുന്ന വാഹനവും പിടിച്ചെടുക്കാനുള്ള അധികാരമുണ്ട്.
4. വാഹനത്തിന്റെ ഉടമ, അയാളുടെയോ/ അയാളുടെ പ്രതിനിധിയുടെയോ അറിവില്ലാതെയോ/ കൂട്ടുനിൽക്കലില്ലാതെയോ ആണ് ചരക്കുകൾ, വാഹനത്തിൽ കടത്തിയത് എന്ന് തെളിയിച്ചാൽ, വാഹനം കണ്ടു കെട്ടില്ല
5. അത്തരം സാഹചര്യത്തിൽ, ഉടമസ്ഥൻ മുൻപോട്ടു വരികയാണെങ്കിൽ, ആ ചരക്കിന്മേൽ ബാധകമായ നികുതിയും, ആ നികുതിയുടെ 100 ശതമാനം വരുന്ന തുക പിഴയുമായി അടച്ചോ, തുല്യമായ തുകയ്ക്കുള്ള ഈടിന്മേലോ, ചരക്കു വിട്ടു കൊടുക്കാവുന്നതാണ്. നികുതി വിമുക്തമായ

## പിഴ ചുമത്തുമ്പോൾ പാലിക്കേണ്ട പൊതു നിയമങ്ങൾ

1. ഒരു വ്യക്തിക്ക് പിഴ ചുമത്തുന്നതിനു മുൻപ്, അയാൾക്കു കാരണം കാണിക്കൽ നോട്ടീസ് നൽകിയിരിക്കണം. അയാളുടെ ഭാഗം പറയാനുള്ള അവസരം നൽകണം. അത് കേട്ടിട്ടും ആവശ്യമെങ്കിൽ മാത്രമേ പിഴ ചുമത്താവു.
2. ഒരു കേസിന്റെ മുഴുവൻ സാഹചര്യവും പരിഗണിച്ചു മാത്രമേ പിഴ ചുമത്താവൂ
3. നിയമത്തിന്റെയും, ചട്ടത്തിന്റെയും, ആരോപിക്കപെട്ട ലംഘനത്തിന്റെ നിരക്കിനും, തീവ്രതയ്ക്കും ആനുപാതികമായിരിക്കണം പിഴ
4. പിഴ ചുമത്താനുള്ള കാരണവും, കുറ്റത്തിന്റെ സ്വഭാവവും ഉൾപ്പെടുന്ന ഒരു വിവരണം, അതിന്റെ ഉത്തരവിൽ ഉണ്ടാകണം.
5. നിയമത്തിലെ ഏതു വകുപ്പ് പ്രകാരമാണ് പിഴ ചുമത്തിയതെന്നു ഉത്തരവിൽ കാണിക്കണം
6. ഒരു വ്യക്തി, സ്വമേധയാ നിയമത്തിലെ വീഴ്ച സമ്മതിച്ചാൽ, പിഴ കുറയ്ക്കുന്നത് പരിഗണിക്കണം
7. ജി.എസ്.ടി നിയമത്തിനു കീഴിൽ പ്രത്യേകമായി പിഴ എത്രയെന്ന് നിശ്ചയിച്ചിട്ടില്ലാത്ത എല്ലാ കുറ്റങ്ങൾക്കും 25000 രൂപ വരെ പിഴയീടാക്കുന്നതാണ്. (വകുപ്പ് 125 )



സാധനങ്ങളുടെ കാര്യത്തിൽ, സാധന വിലയുടെ രണ്ടു ശതമാനം അല്ലെങ്കിൽ 25000 രൂപ, ഇവയിൽ ഏതാണോ ചെറുത്, ആ തുക പിഴയായി ചുമത്താവുന്നതാണ്.

6. ഉടമസ്ഥൻ മുൻപോട്ടു വരാത്ത സാഹചര്യത്തിൽ, ആ ചരക്കിന്മേൽ ബാധകമായ നികുതിയും, ആ നികുതിയുടെ 50 ശതമാനം വരുന്ന തുക പിഴയുമായി അടച്ചോ, തുല്യമായ തുകയ്ക്കുള്ള ഈടിന്മേലോ, ചരക്കു വിട്ടു കൊടുക്കാവുന്നതാണ്. നികുതി വിമുക്തമായ സാധനങ്ങളുടെ കാര്യത്തിൽ, സാധന വിലയുടെ അഞ്ചു ശതമാനം അല്ലെങ്കിൽ 25000 രൂപ, ഇവയിൽ ഏതാണോ ചെറുത്, ആ തുക പിഴയായി ചുമത്താവുന്നതാണ്.

## ജി.എസ്.ടി യിൽ കേസുകളുടെ ഒത്തു തീർപ്പാക്കൽ (Compounding )

ഒരു കുറ്റം കോടതിയിൽ വിചാരണ ചെയ്യുകയാണെങ്കിൽ കുറ്റാരോപിതനായ ആൾ ഓരോ ഹിയറിങ്ങിലും, വക്കീൽ മുഖേന മജിസ്ട്രേറ്റിനു മുൻപാകെ, ഹാജരാകേണ്ടി വരും. ഇത് സമയ നഷ്ടവും പണച്ചിലവും ഉള്ള കാര്യമാണ്. അതിനൊരു പരിഹാരമാണ് കേസ് ഒത്തു തീർപ്പാക്കൽ.

ഒരു കേസ് ഒത്തു തീർപ്പാക്കുക എന്നാൽ, പ്രത്യേക പരിഗണനയുടെ അടിസ്ഥാനത്തിൽ, അതിന്മേലുള്ള പ്രോസിക്യൂഷൻ നടപടികൾ അവസാനിപ്പിക്കുക എന്നാണ്. ഇത് കേസ് നടത്തിപ്പുകൾ ഇല്ലാതാക്കാനുള്ള എളുപ്പ വഴിയാണ്. അതിനായി ഒത്തു തീർപ്പു തുക അടക്കേണ്ടി വരും. കേസിൽ ഉൾപ്പെട്ട തുകയുടെ മൂല്യം ഒരു കോടിക്ക് മേലെയാണെങ്കിൽ, ഒത്തു തീർപ്പു അനുവദിക്കില്ല .

ചുരുക്കത്തിൽ, ജി.എസ്.ടി. നിയമത്തിന്റെ എല്ലാ വശങ്ങളും, ബന്ധപ്പെട്ട എല്ലാവരും, പാലിക്കേണ്ടതുണ്ട് . നിയമ വിരുദ്ധമായ പ്രവർത്തികൾക്ക് രെജിസ്റ്റർ ചെയ്യാത്ത വ്യക്തികൾ പോലും പിഴ നൽകേണ്ടി വരും. പലിശ, പിഴ, ജയിൽ വാസം തുടങ്ങി നിരവധി ശിക്ഷാ നടപടികളാണ് ജി.എസ്.ടി. നിയമത്തിലെ നിയമ വിരുദ്ധരെ കാത്തിരിക്കുന്നത്. അതിനാൽ കൃത്യതയോടെ, ശ്രദ്ധാപൂർവം നിയമത്തിന്റെ വ്യവസ്ഥകൾ പാലിക്കുന്നതിൽ കരുതൽ കാണിക്കേണ്ടതാണ്.■




# ബിസിനസ് വർദ്ധിപ്പിക്കുവാനായി ക്ലബ് ഹൗസ്

**ഇന്നിപ്പോൾ ഏറ്റവുമധികം കോഴിയിറച്ചി വിറ്റഴിയുന്ന ദക്ഷിണേന്ത്യൻ സംസ്ഥാനം കേരളമാണ്. പ്രതിവർഷം ഏഴായിരം കോടിയിലധികം രൂപയുടെ ഇറച്ചിക്കോഴികൾ ഇവിടെ വിറ്റഴിയുന്നു. ഇതിലധികവും തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ നിന്നുമാണ് എത്തുന്നത്.**

കഴിഞ്ഞ ഏതാനും മാസങ്ങളിൽ സോഷ്യൽ മീഡിയയിൽ നിറഞ്ഞു നിന്ന ചർച്ചാവിഷയമാണ് ക്ലബ് ഹൗസ് എന്ന പുതിയ സാങ്കേതിക സംവിധാനം. സമൂഹ മാധ്യമങ്ങൾ എന്ന് പൊതുവായി നാം വിളിക്കുന്ന ഇന്റർനെറ്റ് മാധ്യമങ്ങളിലെ പുതിയ അതിഥിയാണ് ക്ലബ് ഹൗസ്. പ്രധാനമായും ഓഡിയോ രൂപത്തിലുള്ള ചർച്ചകൾ നടക്കുന്ന ചാറ്റ് റൂമുകൾ ആണ് ഇതിൽ പ്രധാനം. ടെക്സ്റ്റ് ചാറ്റ്, വീഡിയോ ചാറ്റ് എന്നീ സംവിധാനങ്ങൾ ഇതിലില്ല എന്നതാണ് ക്ലബ് ഹൗസിന്റെ പ്രത്യേകത.

## ആദ്യമായി ഒരു പ്രൊഫൈൽ നിർമിക്കാം

അമേരിക്കയിൽ 2021 ൽ ആരംഭിക്കുമ്പോൾ സംരംഭകർക്ക് ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും ബിസിനസ് വളർത്തുന്നതിനുമുള്ള ഒരു ആപ്പ് ആയാണ് ക്ലബ് ഹൗസ് ആരംഭിക്കുന്നത്. ആദ്യം ഐ. ഒ. എസിനു വേണ്ടി മാത്രം ലഭ്യമായിരുന്ന ക്ലബ് ഹൗസ് ഇപ്പോൾ ജനകീയമായ ആൻഡ്രോയ്ഡ് ഫോണുകളിലും ലഭ്യമാണ്.

ഏതൊരു സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമും പോലെ തന്നെ ഇതിൽ പ്രവേശിക്കുന്നതിനായി ഒരു പ്രൊഫൈൽ നൽകേണ്ടതുണ്ട്. ഇതിനായി ആദ്യം ആപ്പ് സ്റ്റോർ അഥവാ പ്ലേ സ്റ്റോറിൽ നിന്നും ആദ്യമായി ക്ലബ് ഹൗസ് ആപ്പ് ഡൗൺലോഡ് ചെയ്യുക. ആൻഡ്രോയ്ഡിൽ ഇപ്പോഴും Beta Version (പരീക്ഷണ വേർഷൻ) ആണ് ലഭ്യമാകുന്നത്. അതിനാൽ തന്നെ ചില ഉപയോക്താക്കൾ ലോഗിൻ ചെയ്യുന്നതിനുള്ള പ്രശ്നങ്ങൾ പറഞ്ഞു കേൾക്കുന്നുണ്ട്. പുതുതായി ഇ-മെയിൽ ഉപയോഗിച്ച് പ്രൊഫൈൽ നിർമ്മിക്കാനും ക്ലബ് ഹൗസ് ഉപയോഗിക്കുന്ന ഒരു യൂസർ നൽകുന്ന ഇൻവൈറ്റ് ലിങ്ക് ഉപയോഗിച്ചും പ്രൊഫൈൽ നിർമ്മിക്കാം. നിങ്ങളുടെ വ്യക്തമായ വിവരങ്ങളും ചിത്രവും മറ്റും നൽകി പ്രൊഫൈൽ പൂർണമായി നിർമ്മിക്കുക.

## ക്ലബ് ഹൗസിന്റെ പ്രവർത്തന രീതി

പൂർണമായും ശബ്ദം മാത്രം ഉപയോഗിച്ചുള്ള ആശയവിനിമയം ആണ് ക്ലബ് ഹൗസ് ലക്ഷ്യമിടുന്നത്. പ്രൊഫൈൽ നിർമിച്ച് കഴിയുമ്പോൾ തന്നെ ലൈവ് ആയി നടക്കുന്ന ഒട്ടനവധി ചർച്ചകൾ കാണുവാൻ സാധിക്കും. വിഷയങ്ങൾ തിരയുന്നതിനുള്ള അവസരവുമുണ്ട്. ഇത്തരം ചർച്ചകളിൽ കേൾവിക്കാരാകാൻ താത്പര്യമുണ്ടെങ്കിൽ അതിലേക്ക് കയറാം. മൂന്നു വിഭാഗക്കാരാണ് എല്ലാ ചർച്ചയിലും ഉണ്ടാവുക. Admins/ Moderators, Speakers, Listeners. നിങ്ങൾ ഒരു ശ്രോതാവായി പ്രവേശിക്കുകയും എന്തെങ്കിലും ചോദിക്കുകയോ പറയുകയോ ചെയ്യണമെങ്കിൽ 'Raise Hand' (കൈ ഉയർത്തുക) എന്ന ഓപ്ഷൻ ഉണ്ട്.

മോഡറേറ്റർ അനുവദിക്കുന്ന പക്ഷം നിങ്ങൾ സ്പീക്കർ ആയി മാറും. അങ്ങനെ സംവാദം മുന്നോട്ട് കൊണ്ട് പോകാം.

## ഒരു സംരംഭകന് എങ്ങനെ പ്രയോജനപ്പെടുത്താം- ക്ലബ് ഹൗസ്

ലോകത്തെമ്പാടുമുള്ളതും കേരളത്തിനുള്ളിലുള്ളതുമായ ഒട്ടനവധി വിദഗ്ദ്ധർ നയിക്കുന്ന വിവിധ ചർച്ചകളിലൂടെ മികച്ച അവബോധം നേടാൻ ഇതിലൂടെ സാധിക്കും. പലപ്പോഴും യൂട്യൂബിലും മറ്റും ലഭ്യമാകുന്ന വിവരങ്ങൾ ഏറെ പഴയതായിരിക്കും. എന്നാൽ ഇവിടെ കേൾക്കുന്ന വിവരങ്ങളെല്ലാം ലൈവ് ആണെന്നതിനാൽ ഏറ്റവും പുതിയതും അപ്ഡേറ്റും ആണെന്ന മെച്ചമുണ്ട്.

**ഇന്നിപ്പോൾ ഏറ്റവുമധികം കോഴിയിറച്ചി വിറ്റഴിയുന്ന ദക്ഷിണേന്ത്യൻ സംസ്ഥാനം കേരളമാണ്. പ്രതി വർഷം ഏഴായിരം കോടിയിലധികം രൂപയുടെ ഇറച്ചിക്കോഴികൾ ഇവിടെ വിറ്റഴിയുന്നു. ഇതിലധികവും തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ നിന്നുമാണ് എത്തുന്നത്.**

## ആശയങ്ങൾ.......... ആശയങ്ങൾ

ഏതൊരു സംരംഭകനും ഏറ്റവും ആവശ്യമുള്ള മൂലധനമാണ് പുതിയ ആശയങ്ങൾ. ക്ലബ് ഹൗസ്





ചർച്ചകൾ ഇത്തരത്തിലുള്ള ആശയങ്ങളുടെ കലവറകളാണ്. മറ്റു മേഖലകളിലെ വിദഗ്ദ്ധർ അവിടെ പരീക്ഷിച്ച് വിജയിച്ചവ നിങ്ങളുടെ മേഖലയിൽ ആവശ്യമുള്ള മാറ്റങ്ങൾ വരുത്തി പരീക്ഷിക്കാവുന്നതാണ്. ചർച്ചകളിൽ നിങ്ങളുടെ ആശയങ്ങളും മറ്റും കൂട്ടിച്ചേർത്ത് കൂടുതൽ നേട്ടം ഇവയിൽ നിന്നും നേടാനും സാധിക്കും.

നിങ്ങളുടെ തന്നെ മേഖലയിൽ നിങ്ങൾ ഇതുവരെ പരീക്ഷിക്കാൻ തയ്യാറാകാത്ത മാർഗ്ഗങ്ങൾ പരീക്ഷിച്ച് വിജയിച്ചവരുടെ അനുഭവ കഥകളും നിങ്ങൾക്ക് ഉപകാരപ്പെട്ടേക്കാം.

## നിങ്ങളുടെ ബിസിനസ് പ്രമോട്ട് ചെയ്യാം

സോഷ്യൽ മീഡിയയിലെ ഈ തട്ടകത്തിൽ ആവശ്യത്തിനുള്ള അറിവ് നേടിക്കഴിഞ്ഞാൽ ഇവിടെ ഒരു കമ്യൂണിറ്റി വളർത്തി എടുക്കാൻ ശ്രമിക്കാം. നിങ്ങളുടെ ഉൽപ്പന്നങ്ങൾ അഥവാ സേവനങ്ങൾ ഉപയോഗിക്കുന്നവരുടെ ഒരു കൂട്ടായ്മ എപ്പോഴും നേട്ടം ഉണ്ടാക്കുമെന്നുറപ്പ്. കസ്റ്റമറിന് വേണ്ടുന്ന പ്രോഡക്റ്റ് സപ്പോർട്ട്, മെയിന്റനൻസ് ടിപ്സ് എന്നിവ ക്ലബ് ഹൗസിലൂടെ നൽകാം.

നിങ്ങളുടെ പ്രോസ്പെക്റ്റീവ് കസ്റ്റമറിനെ ഉൾപ്പെടുത്തി ഒരു മീറ്റിംഗ് സംഘടിപ്പിക്കാം. ഇങ്ങനെ ക്ലബ് ഹൗസിന്റെ സാധ്യതകൾ അപരിമിതമാണ്. ഏതൊരു പുതിയ സോഷ്യൽ മീഡിയ ആപ്പ് പ്രചാരത്തിൽ വരുമ്പോഴും അതിൽ ആദ്യം പ്രവേശിക്കുന്ന സംരംഭകർക്ക് ഏറെ നേട്ടം ലഭിക്കാറുണ്ട്. സാങ്കേതികവിദ്യ നൽകുന്ന ഇത്തരം സൗജന്യ ആപ്പുകളിലൂടെ നമ്മുടെ ബിസിനസ് മേഖലയും മുന്നോട്ടുള്ള പ്രയാണം തുടരട്ടെ ഏറെ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിലും. ■

**(പരിശീലകനും എഴുത്തുകാരനുമാണ് ലേഖകൻ)**




# വ്യവസായ വാണിജ്യ മേഖലയിലെ സ്പന്ദനങ്ങളറിയാൻ




## പരസ്യനിരക്ക്

| | കളർ | ബ്ലാക്ക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

നിങ്ങളുടെ ഉത്പന്നമോ സേവനമോ യഥാർത്ഥ ആവശ്യക്കാർക്കിടയിൽ കുറഞ്ഞ ചെലവിൽ പരസ്യപ്പെടുത്താൻ ഏറ്റവും യോജിച്ച മാസിക
**വ്യവസായ കേരളം**


**എഡിറ്റർ**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം
തിരുവനന്തപുരം - 695 033
ഫോൺ: 0471 2322789

Email: vyavasayakeralam@gmail.com


വാർഷിക വരിസംഖ്യ 300 രൂപ
ഒറ്റപ്രതി 30 രൂപ

VYAVASAYA KERALAM
**വ്യവസായ കേരളം**
സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

Volume 53 Issue 11
August 2021

Vyavasaya Keralam
MONTHLY

₹ 30
Date of publication-
2nd August 2021




Printed and Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Ph.0471 2471174.

Editor : Baiju R.S.